ഉപ മുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, പഴയ പാലം അറ്റകുറ്റ പണികൾ തീർത്ത് ഗതാഗതയോഗ്യമാക്കാൻ നിർദ്ദേശങ്ങൾ നൽകി ക്കഴിഞ്ഞിട്ടുണ്ട്. പുതിയ പാലം ടെൻഡർ വിളിച്ചത് 80 ശതമാനം അധികമായതു കൊണ്ട് അതിന് ഫിനാൻസിന്റെ അനുമതി ലഭിക്കാൻ വേണ്ടി അയച്ചിരി ക്കുകയാണ്. അതുകിട്ടിക്കഴിഞ്ഞാലുടനെ നടപടി സ്വീകരിക്കും.

(8) താന്നി പാലം പണിയുടെ സ്തംഭനാവസ്ഥ

ശ്രീ. ആർ. എസ്. ഉണ്ണി : സർ, മയ്യനാട് താന്നി പാലത്തിന്റെ കാര്യം പലതവണ ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഇക്കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. ഈ വർഷത്തെ ബഡ്ജറ്റിലും 25 ലക്ഷം രൂപയുണ്ട്. ഈ പാലത്തിന് 1980-ൽ ഭരണാ നുമതി നൽകിയതാണ്. 1983-ൽ സാങ്കേതിക അനുമതിയും നൽകി. ടെൻഡർ വിളിച്ചു. കഴിഞ്ഞ മാർച്ച് 26-ന് ഈ സഭയിൽ ഉപമുഖ്യമന്ത്രി ഒരു മാസത്തിനകം ടെൻഡർ വിളിക്കാമെന്ന് ഉറപ്പുതന്നതാണ്. ഇപ്പോൾ 7 മാസമായി. ഡെപ്യൂട്ടി മുഖ്യമന്ത്രി എന്താണ് ഇക്കാര്യത്തിൽ ടെൻഡർ വിളിക്കാൻ നടപടി സ്വീകരിക്കാത്തത് എന്നെനിക്ക് മനസിലാകുന്നില്ല. ഒരു പണിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി, ബഡ്ജറ്റിൽ പണവും ഉൾക്കൊള്ളിച്ചുകഴിഞ്ഞാൽ പിന്നെ തടസം എന്താ ണെന്ന് എനിക്കറിഞ്ഞുകൂടാ. ഒരു സ്പെഷ്യൽ ഓർഡറിന്റെയൊ മറ്റൊ ഏർപ്പാട് ഇപ്പോഴുണ്ട്. സാധാരണഗതിയിൽ നിയമവും നടപടി ക്രമങ്ങ ളുമൊക്കെ അംഗീകരിച്ച വ്യവസ്ഥകൾക്കനുസൃതമായി നടക്കേണ്ടതാണ് ഇതിനിടക്ക് ഒരു സ്പെഷ്യൽ ഓർഡർ മൂലമേ ഇത് നടക്കൂ എന്നുള്ളത് പല ബുദ്ധിമുട്ടുകളുമുണ്ടാക്കിയിട്ടുണ്ട്. മയ്യനാട് താന്നി പാലത്തിന്റെ കാര്യത്തിൽ ഉപമുഖ്യമന്ത്രി ഈ സഭയ്ക്ക് നൽകിയ ഉറപ്പ് നടപ്പാ ക്കുമോയെന്നാണ് എനിക്കറിയേണ്ടത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, 1980-ൽ ഭരണാ നുമതിയും 1983-ൽ സാങ്കേതികാനുമതിയും നൽകിയെന്നു പറഞ്ഞ പഴയ കഥകളൊക്കെ ശരിയാണ്. അദ്ദേഹം അതിനുവേണ്ടി പലപ്രാവശ്യം നിവേദനം നടത്തിയതിന്റെ ഫലമായി ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ നൽകിയ വാക്ക് പാലിച്ചിട്ടുണ്ട്. ടെൻഡർ വിളിച്ചുകഴിഞ്ഞു. നവമ്പർ 25 അവസാന തീയതിയാണ്. ടെൻഡർ കിട്ടിക്കഴിഞ്ഞാൽ ഇക്കൊല്ലംതന്നെ അതിന്റെ പണി ആരംഭിക്കും.

IV. നിയമനിർമ്മാണകാര്യം

1986-ലെ ഗാന്ധിജി സർവ്വകലാശാലാ (രണ്ടാം ഭേദഗതി) ബില്ലിന്റെ അവതരണവും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാലാ (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പി ക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുള്ള സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാല യുടെ രണ്ടാം ഭേദഗതിബില്ല് സാമൂഹ്യസേവനം സംബന്ധിച്ച VI-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി. എം. കമലം) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇത് വലിയ ചർച്ചയൊന്നും ആവശ്യ മില്ലാത്ത ഒരു ഭേദഗതിയാണ്. കാരണം, ഗാന്ധിജി യൂണിവേഴ്സിറ്റി നിയമം നിലവിൽ വന്നപ്പോൾ അതിന്റെ ഭരണസമിതികളെ സംബന്ധിച്ച് അതിനകത്തൊരു വകുപ്പുണ്ടായിരുന്നു. 94-ാം വകുപ്പനുസരിച്ച് സർവ്വകലാ ശാലകളുടെ ആദ്യത്തെ ഭരണസമിതികൾ ചാൻസലർ നോമിനേറ്റ് ചെയ്യണ മെന്നാണ് ആ വ്യവസ്ഥ. വ്യവസ്ഥയനുസരിച്ച് നോമിനേറ്റ് ചെയ്യണമെന്നും അതിന്റെ കാലാവധി രണ്ടു വർഷമായിരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അതനുസരി ച്ചുള്ള നടപടികൾ സ്വീകരിക്കുകയും, അതിന്റെ സെനറ്റ് 23-6-1984-ലും സിൻഡിക്കേറ്റ് 30-6-1984-ലും നോമിനേറ്റു ചെയ്യുകയും അതിനുവേണ്ടി യുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. അങ്ങനെ നോമിനേറ്റു ചെയ്ത സെനറ്റിന്റെ കാലാവധി 22-6-1984-ലും സിൻഡിക്കേറ്റിന്റെ കാലാവധി 29-6-1986-ലും അവസാനിച്ചു. സെനറ്റും സിൻഡിക്കേറ്റും ഇതിന്റെ ഭരണസമിതികൾ എന്നുള്ള നിലയിൽ നിലനിൽക്കേണ്ടത് ആവശ്യ മാണ്. ഈ ഭരണസമിതികളെ തെരഞ്ഞെടുക്കാനുള്ള നടപടികൾ യൂണി വേഴ്സിറ്റി സ്വീകരിച്ചു. ആ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ അൽപ സമയം കൂടി വേണമെന്ന് അവർ ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി. അപ്പോൾ നിയമസഭ നിലവിൽ ഇല്ലായിരുന്നു. പിന്നെയുള്ള മാർഗ്ഗം ഓർഡിനൻസിന്റെ കാലാവധി ദീർഘിപ്പിക്കുകയാണ്. രണ്ടു വർഷം എന്ന വാക്കിനു പകരം 30 മാസം പുന്ന ഭേദഗതിയാണ് കൊണ്ടുവന്നിരി ക്കുന്നത്. അതനുസരിച്ചാണ് 6 മാസം കൂടി ഇതിന്റെ കാലാവധി നീട്ടിക്കൊടുത്തിരിക്കുന്നത്. ഈ കാലാവധിക്കുള്ളിൽ ഇതിന്റെ നടപടി ക്രമം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. യൂണി വേഴ്സിറ്റി ഗ്രാന്റ് കമ്മീഷനും ഗവൺമെന്റുമായി ഇതിനെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. സെനറ്റ് രൂപീകരിക്കുന്നതിനോട് യു. ജി സി ക്ക് എതിർപ്പില്ലെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ സെനറ്റിന്റെ പരമാധികാരം എടുത്തുകളയുന്നതിന് ശുപാർശ ചെയ്തിട്ടുമുണ്ട്. ആ ശുപാർശ ഗവൺമെന്റ് അംഗീകരിക്കുകയാണുണ്ടായത്. അതുപോലെ നോമിനേറ്റഡ് സിൻഡിക്കേറ്റാണുള്ളത്. ഇന്നത്തെ ഘടനയിൽനിന്നും അതിനും കുറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അങ്ങനെ ഭരണസമിതി കളിലും മറ്റു പല പ്രശ്നങ്ങളിൻമേലും മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു ബിൽ ഈ നിയമസഭയിൽത്തന്നെ വരുന്നുണ്ട്. അതുവരെ താൽക്കാലിക മായ ഒരു ക്രമീകരണം ചെയ്യാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അല്ലാതെ നിർവ്വാഹമില്ലാതിരുന്നതുകൊണ്ടാണ് ഈ ഓർഡിനൻസ് കൊണ്ടു വന്നത്. ഇതു വലിയ ചർച്ചക്ക് വിഷയമാകേണ്ടതില്ല. അതുകൊണ്ട് ഈ പ്രമേയം പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

Shri Manimagalathu Kuttiali : Sir, I move that the Gandhiji University (Second Amendment) Bill, 1986 be circulated for eliciting public opinion till 31-12-1986.

സർ, ഇന്നലെ ഗാന്ധിജി യൂണിവേഴ്സിറ്റി ഭേദഗതി ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട്, പൊതുവെ നമ്മുടെ സംസ്ഥാനത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റികളുടെ നിലവാരത്തകർച്ചയെ സംബന്ധിച്ച്. ഞാൻ സൂചിപ്പിക്കുകയുണ്ടായി. മറ്റു പല ബഹുമാനപ്പെട്ട മെംബർമാർക്കും സംസാരിക്കാനുണ്ടായിരുന്നതുകൊണ്ട് ഞാൻ ഇന്നലെ എന്റെ പ്രസംഗം ചുരുക്കുകയാണുണ്ടായത്. ഞാൻ വീണ്ടും വിഷയങ്ങളിൽനിന്ന് വ്യതിചലിച്ചു പോകാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ യൂണിവേഴ്സിറ്റികൾ ഒരു കാല ഘട്ടത്തിനുമുൻപ് ലോകത്തിലെ മറ്റു പല യൂണിവേഴ്സിറ്റികളോടും കിടപിടിക്കുന്ന തരത്തിലുള്ളവയായിരുന്നു. കേരള യൂണിവേഴ്സിറ്റിയാണെങ്കിൽ ഒരു കാലത്ത് നല്ല പേരോടുകൂടി നിലനിന്ന ഒരു യൂണിവേഴ്സിറ്റി ആയിരുന്നു. എന്നാൽ ഇന്ന് ആ യൂണിവേഴ്സിറ്റിയെപ്പറ്റി എന്തെല്ലാമാണ് കേൾക്കുന്നത്; കേരള യൂണിവേഴ്സിറ്റിയിൽ 27-ഓളം ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽത്തന്നെ പ്രൊഫസർമാർ വകുപ്പു തലവൻമാരായിട്ടുള്ള 25 ഡിപ്പാർട്ടുമെൻറും റീഡർ തസ്തികയിലെ തലവൻമാരായിട്ടുള്ള രണ്ടു ഡിപ്പാർട്ടുമെൻറുമാണ് നമുക്ക് ഇന്ന് ഉള്ളത്-സൈക്കോളജിയും ഫിസിക്കൽ എഡ്യൂക്കേഷനും ഈ 27 ഡിപ്പാർട്ടുമെൻറുകളിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തികൊണ്ടു പോകുന്നുണ്ടോയെന്ന് നാം പരിശോധിക്കേണ്ടതായിട്ടുണ്ട്. സർ, ഗവേഷണ വിദ്യാർത്ഥികൾക്ക് വളരെക്കാലമായി സ്കോളർഷിപ്പ് കിട്ടുന്നില്ല എന്നുള്ള പരാതിയും പരസ്യമായ വസ്തുതയാണ്. അതുപോലെതന്നെ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പല അദ്ധ്യാപകൻമാർക്കും ശമ്പളം ലഭിക്കുന്നില്ല. എന്ന പരാതിയുമുണ്ട്. ഇതൊക്കെ ഒരു യൂണിവേഴ്സിറ്റിയുടെ അന്തസിന് നിരക്കുന്നതല്ല എന്ന് ആമുഖമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ അറിവ് ശരിയാണെങ്കിൽ ബോട്ടണിയിലും സൈക്കോളജിയിലും മലയാളം ലിങ്ഗ്വിസ്റ്റിക്കിലുമെല്ലാം ഉള്ള വകുപ്പ് അദ്ധ്യക്ഷൻമാർ ഊരുചുറ്റിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഊരുചുറ്റുന്ന വകയിൽ എത്ര ലക്ഷം ഉറുപ്പികയാണ് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ചെലവഴിച്ചുപോകുന്നതെന്ന് നമ്മൾ പരിശോധിക്കേണ്ടതാണ്. വകുപ്പദ്ധ്യക്ഷൻമാർ ഊരുചുറ്റുന്നതുകൊണ്ട് നമ്മുടെ യൂണിവേഴ്സിറ്റിക്ക് എന്ത് മെച്ചമുണ്ടാകുന്നുവെന്നുള്ള വസ്തുത നാം ശാന്തമായി പരിശോധിക്കേണ്ടതാണ്, ഒരു വകുപ്പദ്ധ്യക്ഷൻ എന്തെല്ലാമോ കാരണങ്ങൾ പറഞ്ഞുകൊണ്ട് ഊരു ചുറ്റുകയോ മറ്റ് സ്റ്റേറ്റുകളിൽ പോകുകയോ ഡിസ്കഷനിൽ പങ്കെടുക്കുകയോ ചെയ്തതിന്റെ നേട്ടം ഒരു പ്രബന്ധത്തിന്റെ രൂപത്തിലോ അതല്ലെങ്കിൽ ഒരു പ്രമേയത്തിന്റെ രൂപത്തിലോ ഒരു നോട്ടിന്റെ രൂപത്തിലോ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിലോ, അതല്ലെങ്കിൽ ഗവൺമെൻറിലോ സമർപ്പിച്ചുകൊണ്ട് ആ റിപ്പോർട്ടിന്റെ ബെയിസിലാണ് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം പുനഃപരിശോധിക്കുന്നതെങ്കിൽ അത് മനസിലാക്കാം. അങ്ങനെയുള്ള ഏതെങ്കിലും തരത്തിലുള്ള ഒരു റിപ്പോർട്ട് ഈ ഊരുചുറ്റുന്ന വകുപ്പ് തലവൻമാരുടെ കൈയിൽനിന്ന് ഇതുവരെ യൂണിവേഴ്സിറ്റിക്ക് ലഭിച്ചിട്ടുണ്ടോ, എങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിച്ചിട്ടുള്ളത് എന്ന് പരിശോധിക്കേണ്ടതാണ്. മറ്റൊരു കാര്യം പറയാനുള്ളത് യൂണിവേഴ്സിറ്റിയിലെ നൂറുകണക്കിനുള്ള അദ്ധ്യാപകരുടെ പേ ഫിക്സേഷൻ ഇന്നുവരെ നടന്നിട്ടില്ലെന്നുള്ളതിനെക്കുറിച്ചാണ്. ഇത് വളരെ ഗൗരവമായി കാണേണ്ടതാണ്. ഗാന്ധിജി യൂണിവേഴ്സിറ്റിയിലും ഇന്ന് ഇത് ഒരു വിഷയമായി വന്നിരിക്കുകയാണ്. പലരും വ്യക്തിപരമായിത്തന്നെ എന്നോട് ഈ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പേ ഫിക്സേഷൻ നടത്താത്തതിന്റെ പേരിൽ നിരവധി അദ്ധ്യാപകർക്കും നിരവധി കോളേജുകളിലെ പ്രൊഫസർമാർക്കും കോളേജുകളിലെ മറ്റ് ഉദ്യോഗത്തിലിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കുപോലും ശരിക്കു ശമ്പളം ലഭിക്കാത്ത ഒരു സാഹചര്യ മുണ്ടാകുന്നു. മറെറാരു പ്രധാനപ്പെട്ട കാര്യം യൂണിവേഴ്സിറെറിക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ലെന്നു് എനിക്ക് തോന്നുന്ന ഒന്നാണ്. യൂണിവേഴ്സിറെറിയുടെ കൺസോളിഡേറെറഡ് ഫണ്ട് എന്നു് പറയുന്നത് ഒരൊറെറ ഫണ്ടാണ്. കെ. യു. എഫ്., യു. ജി. സി. ഗ്രാൻറ്, ഗവൺമെൻറ് ഗ്രാൻറ്, ഫീസ്, പി. എഫ്. ഇതെല്ലാംതന്നെ ഒരു അക്കൗണ്ടിലാണ് ഇന്നു്. നിക്ഷിപ്തമായിട്ടുള്ളത്. യൂണിവേഴ്സിറെറിയുടെ എല്ലാ ആവശ്യങ്ങൾക്കും വേണ്ടി ഒരു ഫണ്ടിൽ നിന്നെടുത്ത് ചെലവാക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് നമുക്ക് മനസിലാക്കാവുന്നതാണ്. ഗവൺമെൻറ് ഈ കാര്യം വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. കേരള യൂണിവേഴ്സിറെറിയെ സംബന്ധിച്ചാണ് ഞാൻ ഇവിടെ പറഞ്ഞത്.

അടുത്തതായി എനിക്ക് പറയാനുള്ളത് ഗാന്ധിജി യൂണിവേഴ്സിറെറിയെ സംബന്ധിച്ചാണ്. ഇന്നലെ ഞാൻ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ രണ്ടു മൂന്നു കൊല്ലക്കാലമായി ആ യൂണിവേഴ്സിറെറി ബാലാരിഷ്ടതകളെ അനുഭവിച്ചുകൊണ്ട് കടന്നുപോകുന്ന ഒരു യൂണിവേഴ്സിറെറിയാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എങ്കിൽപോലും, നമുക്ക് പരിഹരിക്കാൻ സാധിക്കുന്ന നിരവധി കാര്യങ്ങളും ഗാന്ധിജി യൂണിവേഴ്സിറെറിയിൽ ഇതിനകം ഉണ്ടായിരുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതാരും ശ്രദ്ധിച്ചില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പരീക്ഷാ ക്രമക്കേടുകളെ സംബന്ധിച്ചും മാർക്കു തട്ടിപ്പു കേസ്സുകളെ സംബന്ധിച്ചും ഈ സർക്കാർ വന്നതിനു ശേഷം മാത്രമല്ല, കാലാകാലങ്ങളിലായി വന്നിരിക്കുന്ന റിപ്പോർട്ടുകളും വച്ചുകൊണ്ട് പ്രശ്നങ്ങളും അപ്പോഴപ്പോഴും പരിഹരിക്കാനുള്ള ഒരു സമീപനം സിൻഡിക്കേറെറിൻേറയോ ആട്ടോണമസ് ബോഡിയെന്നു പറയുന്ന ഒരു യൂണിവേഴ്സിറെറിയുടേയോ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ, ഗവൺമെൻറിൽനിന്ന് എന്തെങ്കിലും ശക്തമായ ഒരു നടപടി സ്വീകരിക്കാൻ സാധിച്ചിരുന്നെങ്കിൽ ഇത് ആവർത്തിക്കപ്പെടുമായിരുന്നില്ലെന്നുള്ളതാണ് എൻെറ വാദം. ഇപ്പോഴും ലോകത്തിലുള്ള വിശ്വോത്തര യൂണിവേഴ്സിറെറികളെക്കുറിച്ച് നമുക്കറിയാം. ഓക്സ്ഫോർഡ് യൂണിവേഴ്സിറെറിയേയും സംബന്ധിച്ചല്ലോം നമുക്കറിയാം. 300 കൊല്ലം പഴക്കമുള്ള യൂണിവേഴ്സിറെറികളുടെ കഥകളെ സംബന്ധിച്ചും നമുക്കറിയാം. ലോകത്തിലെ മറെറ രാജ്യങ്ങളിലൊന്നുംതന്നെ ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത, അല്ലെങ്കിൽ സംഭവിക്കാൻ പാടില്ലെന്നു് അവർ അനുശാസിക്കുന്ന തെറെറുകളും കുറെറങ്ങളും നിരവധിയെന്നോണം ആവർത്തിക്കപ്പെടുന്ന ഒരു സാഹചര്യം നമ്മുടെ യൂണിവേഴ്സിറെറികളിലുണ്ടാകുന്നെന്നു് പറയുന്നത് സത്യത്തിൽ ഇന്നലെ ഞാൻ സൂചിപ്പിച്ചമാതിരി 95% സാക്ഷരതയുള്ള കേരളത്തിനു് അഭിമാനകരമല്ല. പ്രീ-ഡിഗ്രി സമരത്തെക്കുറിച്ച് പറയാം. യൂണിവേഴ്സിറെറിയിൽ എന്തുകൊണ്ട് ഇങ്ങനെ ക്രമക്കേട് സംഭവിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ച് യൂണിവേഴ്സിറെറിയിലെ ഉത്തരവാദപ്പെട്ട പലരുമായി ഞാൻ സംസാരിച്ചപ്പോഴും അവർ എന്നോടു് പറഞ്ഞത് ഈ പ്രീ-ഡിഗ്രി ക്ലാസിലെ കുട്ടികളും വരുമ്പോഴുംതന്നെ യൂണിവേഴ്സിറെറിയുടെ ലക്ഷ്യം മാറിപ്പോകുന്നുവെന്നാണ്. അത് വളരെ ശരിയായ വാദമാണെന്നു് എനിക്ക് തോന്നി. അതൊന്നും ഞാൻ ഇവിടെ നിരത്തിവയ്ക്കാൻ ആഗ്രഹിക്കുന്നില്ല. എൻെറ ഓർമ്മ ശരിയാണെങ്കിൽ, കഴിഞ്ഞ കൊല്ലം ഏകദേശം രണ്ടു ലക്ഷത്തിൽ ചില്വാനം വരുന്ന കുട്ടികളും എസ്. എസ്. എൽ. സി. പാസാകുകയുണ്ടായി. എസ്. എസ്. എൽ. സി. ക്ലാസിൽ 210 മാർക്ക് കിട്ടിയവനും 400-ഓ 450-ഓ മാർക്ക് കിട്ടിയവനും എല്ലാം പാസ്സായവരുടെ കൂട്ടത്തിൽപ്പെടുന്നവരാണ്. 400

LIBRARY ARCHIVES Kerala Legislative Assembly

മാർക്ക് കിട്ടിയ ഒരു കുട്ടിക്ക് കോളേജിൽ അഡ്മിഷൻ കിട്ടുകയെന്നതു തന്നെ ദുഷ്ക്കരമായിരിക്കുന്ന സാഹചര്യത്തിൽ, 210 മാർക്ക് കിട്ടിയ കുട്ടികൾക്കും കോളേജിൽ അഡ്മിഷൻ കിട്ടുക എന്ന മൗലികമായ അവകാശം നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യം നമ്മുടെ സ്റ്റേറ്റിലുണ്ട്. അപ്പോൾ 210-ഓ 235-ഓ 300-ഓ അല്ലെങ്കിൽ 300 മാർക്കിനു താഴെയോ മാർക്കുള്ള കുട്ടികൾക്കെല്ലാംതന്നെ കോളേജിൽ അഡ്മിഷൻ ലഭിക്കാത്ത സാഹചര്യത്തിൽ, ടൃട്ടോറിയൽ കോളേജുകളിലും അവിടേയും ഇവിടേയും പൊങ്ങിവന്നിട്ടുള്ള ട്രെയിൻഡ് അല്ലാത്ത ചില അദ്ധ്യാപകർ പഠിപ്പിക്കുന്ന ചില ക്ലാസുകളിലും കുട്ടികൾ പഠിക്കേണ്ടിവരുന്നു. അങ്ങനെയുള്ള ക്ലാസുകളിൽ 25-ഓ 30-ഓ 50-ഓ രൂപ ഫീസ് കൊടുത്ത് പഠിക്കേണ്ട ഒരു സാഹചര്യമാണ് ഇന്ന് ഈ സ്റ്റേറ്റിൽ നിലവിലുള്ളത്. ഇതിനു ഒരു പരിഹാരം എന്താണെന്ന് ഗവൺമെന്റ് ചിന്തിച്ചതിന്റെ പരിണതഫലമായാണ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പ്രീഡിഗ്രി ബോർഡിന്റെ കീഴിൽ ഒരു പ്രത്യേക കോഴ്സ് കൊടുക്കണമെന്ന് തീരുമാനിച്ചത്. അത് ഒരു പ്രത്യേക ബോർഡിന്റെ കീഴിലാക്കാനുള്ള സാമ്പത്തിക ചെലവുകൾ മുഴുവൻ തന്നെ ഇന്ത്യാ ഗവൺമെന്റ് വഹിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിട്ടുപോലും, അതിനു എതിരായി ഒരു വലിയ സമരവുമായി വന്നു. ഈ സ്റ്റേറ്റിലെ പൊതുമുതൽ നശിപ്പിക്കത്തക്കതരത്തിലുള്ള, ഒരു വലിയ സാമൂഹ്യ വിപത്തിനെ നേരിടുന്ന രീതിയിലുള്ള സമരംതന്നെ സംഘടിപ്പിക്കുകയുണ്ടായി. സത്യത്തിൽ അതൊരു ക്രിയാത്മകമായ സമരമായിരുന്നോയെന്നും നാം ശാന്തമായി പരിശോധിക്കേണ്ടതാണ്. ഹൈസ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് 10-ാം ക്ലാസ് പാസായിക്കഴിഞ്ഞതിനുശേഷം 11-ാം ക്ലാസിലും 12-ാം ക്ലാസിലും +2 കോഴ്സ് എന്നു പറയുന്ന പ്രീഡിഗ്രി വിദ്യാഭ്യാസം, അതെ സ്ക്കൂളിൽത്തന്നെ സൗജന്യമായി യാതൊരു ചെലവും കൂടാതെ പഠിക്കാൻ സ്റ്റേറ്റ് ഗവൺമെന്റ്, ഇന്ത്യാ ഗവൺമെന്റിന്റെ സഹായത്തോടുകൂടി സൗകര്യം ചെയ്തുകൊടുക്കുന്നത്, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ചെയ്തുകൊടുക്കുന്നത് ഒരു ദേശീയ വിപത്തെന്നാണോ എന്ന് അപ്പുറത്തിരിക്കുന്ന ആരെങ്കിലും പ്രസംഗിക്കുമ്പോൾ പറഞ്ഞാൽ കൊള്ളാം. അതിലുള്ള തെറ്റെന്താണ് ? ഇത് ഒരു ടീച്ചിംഗ് കോഴ്സായിരിക്കണം എന്നാണ് വിദ്യാഭ്യാസധനന്മാർ നിർദ്ദേശിച്ചിട്ടുള്ളത്. സത്യത്തിൽ ഈ പ്രീഡിഗ്രി കോഴ്സ് എന്നു പറഞ്ഞത് ഇന്ന് കോളേജിൽ നടക്കുന്നത് എന്താണ് ? പണ്ട് കോളേജ് ലക്ചറർമാർ ഇന്റർമീഡിയറ് ക്ലാസിൽ ഒരു വിഷയത്തെ സംബന്ധിച്ച് മുക്കാലോ ഒന്നരയോ മണിക്കൂർ ലക്ച്ചർ ചെയ്യുന്നതുപോലെ പോരാ. എസ് എസ്. എൽ. സി. പാസ്സായി 210 മാർക്ക് കിട്ടിയ കുട്ടിയുടെയും 350-ഓ 400-ഓ മാർക്ക് കിട്ടിയ കുട്ടികളുടേയും സ്റ്റാന്റേർഡ് ഒന്നല്ല. അതുകൊണ്ട് ഒരു ടീച്ചിംഗ് ക്ലാസാണ് കൊടുക്കേണ്ടതെന്ന് വിദ്യാഭ്യാസധനന്മാർ അഭിപ്രായപ്പെട്ടിരിക്കെ ആ വിദ്യാഭ്യാസ അഭിപ്രായത്തിനു അംഗീകാരവും ലഭിച്ച ഈ സാഹചര്യത്തിൽ +2 ക്ലാസുകളിൽ ആ കുട്ടികൾക്ക് ഒരു ടീച്ചിംഗ് ക്ലാസാണ് നടത്തേണ്ടത്. +2 കോഴ്സിൽ ഈ ടീച്ചിംഗ് കോഴ്സ് കൊടുത്ത് കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിനു അഥവാ ഡിഗ്രി കോഴ്സിനു പോകത്തക്കവിധത്തിൽ സമ്പന്നമായ ഒരു വിദ്യാഭ്യാസ നിലവാരമുണ്ടാക്കിത്തീർക്കാൻ ഗവൺമെന്റ് ശ്രമിച്ചു പോയാൽ അതിനെ രാഷ്ട്രീയവൽക്കരിച്ചുകൊണ്ട്, പ്രകോപനപരമായ ഒരു സമരത്തിലേക്ക് നയിച്ചത് ഈ രാജ്യത്തിലെ വിദ്യാർത്ഥികൾക്ക് അനുഗുണമാണോ അല്ലയോയെന്ന്, അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ ചിന്തിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണ്. ഗവൺമെന്റ് ചെയ്തത് അത്രമാത്രമാണ്. നമ്മുടെ നാട്ടിലെ സർവ്വകലാശാലാ വിദ്യാഭ്യാസം വിജ്ഞാനത്തിനുവേണ്ടി വിജ്ഞാനം ഉണ്ടാക്കുക അതല്ലെങ്കിൽ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

പരമായ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാവീണ്യം നേടാൻ ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസം നടത്തുക എന്ന മൗലികമായ തത്വത്തിൽ അധിഷ്ഠിതമാണ്. നമ്മുടെ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഒന്നുകൂടി വർദ്ധിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ കുറവുകളും തെറ്റുകളും അപ്പോഴപ്പോഴും തിരുത്തിക്കൊണ്ട് കാര്യക്ഷമമായി സുഗമമായ രീതിയിൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താനുള്ള സൻമനസ് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും പ്രകടിപ്പിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി എന്റെ ഭേഗതി ഞാനവതരിപ്പിക്കുന്നു.

Shri K. Mohammedali : Sir, I move that, the Gandhiji University (Second Amendment) Bill, 1986 be referred to a Select Committee.

സർ, ഇവിടെ കൊണ്ടുവന്ന ഓർഡിനൻസ് നിയമമാക്കുന്നതിനുവേണ്ടിയാണ് ഈ ഭേഗതി ബിൽ വന്നിരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഇവിടെ പറയുകയുണ്ടായി. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി നീട്ടുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേഗതി കൊണ്ടുവന്നിരിക്കുന്നത്. ഒരു ദേശീയ വിദ്യാഭ്യാസനയം ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടം നമ്മുടെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിലവാരത്തെക്കുറിച്ചും സജീവമായ ചർച്ചകൾ കൂടുതലായി നടക്കേണ്ട ഒരു സന്ദർഭമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ രണ്ടു ദിവസമായി ഈ സഭയിൽ നടന്ന ചർച്ചകളിൽ എല്ലാംതന്നെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, പ്രസംഗിക്കാൻ വിളിച്ചതിൽ ഒരു പിശക് വന്നിട്ടുണ്ട്. പബ്ലിക് ഒപ്പിനിയന് അയയ്ക്കണമെന്ന് അമൻറ്മെൻറ് നൽകിയവരെയാണ് വിളിക്കുന്നത്. അതിൽ രണ്ടാമത് എന്നെയാണ് വിളിക്കേണ്ടത്. ഞാനിവിടെയുണ്ട്. ഇത് പിശകാണ്.

മി. ചെയർമാൻ : രണ്ടാമത് വിളിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : വിളിക്കണം ; കാരണം ശ്രീ. എം.എം. ഹസ്സനെ വിളിച്ചു.

ശ്രീ. കെ. മുഹമ്മദാലി : സർ, സർവ്വകലാശാലാ രംഗത്തെ കാര്യങ്ങളെക്കുറിച്ച് ചർച്ചകൾ നടന്നുവരുന്ന സന്ദർഭമാണിത്. ഇന്ന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ നിർദ്ദേശങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയാണ്. യൂണിവേഴ്സിറ്റികളുടെ ഭരണ സമിതികളിൽ ജനാധിപത്യ സ്വഭാവം ഇല്ലാതാകുന്ന നിലയിലുള്ള നിർദ്ദേശങ്ങളാണ് യു. ജി. സി. യുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്നു സൂചിപ്പിച്ചപ്പോൾ ആധികാരികമായ പരാമർശങ്ങളുണ്ടായി. ഇന്ന് നമുക്കറിയാം ദേശീയതലത്തിലായാലും ലോകത്തുതന്നെ പ്രസക്തമായ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് തുടങ്ങിയ സർവ്വകലാശാലകളിലെ കാര്യം എടുത്ത് പരിശോധിച്ചാലും ജനാധിപത്യ സ്വഭാവം നിലനിൽക്കുന്ന സ്ഥാപനങ്ങളിലായി ഇന്ന് ആ സ്ഥാപനങ്ങളും നിലനിൽക്കുകയാണ്. യു. ജി. സി. തെരഞ്ഞെടുക്കപ്പെട്ട സെനറ്റുകളും സിൻഡിക്കേറ്റുകളും ഉള്ള യൂണിവേഴ്സിറ്റി സമിതികളിൽ എന്തടിസ്ഥാനത്തിലാണ് ജനാധിപത്യ സ്വഭാവം ആവശ്യമില്ല എന്നു പറയാൻ ഇടയായതിയത് എന്ന കാര്യത്തെക്കുറിച്ച് യു. ജി. സി. അധികൃതരുമായി സംസ്ഥാന ഗവൺമെൻറ് ചർച്ചകൾ നടത്തി ആ പ്രശ്നത്തിൽ സംസ്ഥാന ഗവൺമെൻറിന്റെ അഭിപ്രായം ജനാധിപത്യ സംവിധാനം നിലനിൽക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പര്യാപ്തമായ രീതിയിൽ പ്രകടിപ്പിക്കേണ്ടതാണെന്നു പറയാൻ ആഗ്രഹിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലകളിലുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും ഈ രംഗത്ത് അഭിപ്രായപ്രകടനങ്ങളും നടത്തുവാൻ അർഹതയുള്ള വിദ്യാഭ്യാസ വിദഗ്ദ്ധൻമാർപോലും അഭിപ്രായപ്രകടനങ്ങളും നടത്തിയിട്ടില്ല. ഈ മേഖലകളിൽ രേണസമിതികളിൽ കടന്നുവരേണ്ട ആളുകളെ കുറിച്ച് നമുക്ക് അഭിപ്രായം ഉണ്ട്. ആ വിഭാഗത്തിൽപ്പെട്ട ആളുകളിൽ നിന്നും ജനാധിപത്യരീതിയിൽ ഈ സമിതികളിലേക്ക് ആളുകളും കടന്നു വരുന്നതു തെറ്റാണ് എന്നു പറയുവാൻ ആർക്കും കഴിയും എന്ന് തോന്നുന്നില്ല. നമുക്കറിയാം ഇന്ന് ലോകത്തുതന്നെ പ്രസിദ്ധമായ ലണ്ടനിലെ സ്കൂൾ ഓഫ് എക്കണോമിക്സിൽ ഈയടുത്തകാലത്ത് നമ്മുടെ ഭാരതീയനായ, എക്കണോമിസ്റ്റായ ഐ. ജി. പട്ടേലിനെ തെരഞ്ഞെടുപ്പിൽ കൂടി അതിന്റെ രേണസമിതിയിലേക്ക് നിയോഗിച്ചു, അപ്പോഴും വളരെ പ്രസിദ്ധമായ സർവ്വകലാശാലകളിൽതന്നെ ഈ നോമിനേറ്റ് ചെയ്യുന്ന ഏർപ്പാട് ഇല്ലാതാവുകയും അവിടെയെല്ലാം ബന്ധപ്പെട്ട മേഖലകളിൽ നിന്ന് ആധികാരികമായി രംഗത്തു വരുവാൻ അർഹതയുള്ള ആളുകളെ തെരഞ്ഞെടുപ്പിലൂടെ ആ സമിതിയിൽ വരുന്ന രീതിയിലാണ് ഇന്ന് അവിടെ കാര്യങ്ങളും നടന്നുപോകുന്നത്. ആ സന്ദർഭത്തിലാണ് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ മേഖലകളിൽ പരിവർത്തനങ്ങളും ഉണ്ടായിട്ടുള്ള, മാറ്റങ്ങളുണ്ടായിട്ടുള്ള ഏഷ്യാതലത്തിൽതന്നെ മാതൃകയായി പ്രവർത്തിച്ചിട്ടുള്ള നമ്മുടെ സർവ്വകലാശാലകളിൽ തെരഞ്ഞെടുപ്പെന്ന ഏർപ്പാട് ഒഴിവാക്കിക്കൊണ്ട്, അല്ലെങ്കിൽ ജനാധിപത്യ സ്വഭാവമില്ലാതാക്കിക്കൊണ്ട് നോമിനേറ്റഡ് ബോഡികളായി അവിടത്തെ സമിതികളെ മാറ്റുന്ന ഏർപ്പാട് ഉണ്ടാക്കാനുള്ള പ്രവണത ഉണ്ടായിട്ടുള്ളത്. അത് തടയേണ്ടതാണ് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നലെ എല്ലാം ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ നമ്മുടെ യൂണിവേഴ്സിറ്റികളിലെ ഭരണത്തെക്കുറിച്ചും അവിടെ നടക്കുന്ന കാര്യങ്ങളെക്കുറിച്ചും അറിയുവാനുള്ള, പരിശോധിക്കാനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട ബോഡികൾക്ക് ഉണ്ടായിരുന്നാൽ മാത്രമേ അവിടെ നടക്കുന്ന പല കാര്യങ്ങളും തിരുത്തുവാൻ കഴിയുകയുള്ളു. അക്കാഡമിക് കാര്യങ്ങളിൽ ആട്ടോണമി തന്നെ വേണം. അവിടെ അവർക്ക് സ്വാതന്ത്ര്യം ഉണ്ടാകുന്ന കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. പക്ഷെ ഭരണപരമായ കാര്യങ്ങളിൽ, ഗവൺമെന്റ് പണം ചെലവഴിക്കുന്ന മേഖലകളിൽ ഗവൺമെന്റിനു അല്ലെങ്കിൽ ഈ രാജ്യത്ത് ഉത്തരവാദിത്വമുള്ള പ്രതിനിധികൾക്ക് ആ മേഖലകളിൽ കടന്നുചെല്ലാനും അഭിപ്രായം പ്രകടിപ്പിക്കാനും പരിശോധിക്കാനുമുള്ള സ്വാതന്ത്ര്യം ഉണ്ടാകേണ്ടത് അനിവാര്യമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ഇതു പരിശോധിച്ചാൽ, നേരത്തേ സൂചിപ്പിച്ചപോലെ കേരള യൂണിവേഴ്സിറ്റിയിലാണെങ്കിലും അല്ലെങ്കിൽ മറ്റു സർവ്വകലാശാലകളിലാണെങ്കിലും കഴിഞ്ഞ കാലങ്ങളിൽ നൂതന ഒട്ടാകെയുള്ള സർവ്വകലാശാലകൾക്ക് തന്നെ വളരെയേറെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുള്ള സർവ്വകലാശാലകളാണ്, നിലവാരത്തിന്റെ കാര്യത്തിലും പ്രവർത്തനങ്ങളുടെ കാര്യത്തിലും വളരെയേറെ മുന്നോട്ടുപോയിട്ടുള്ള സർവ്വകലാശാലകളാണ്. വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി ഭരണ സമിതികളിൽ സിൻഡിക്കേറ്റുൾപ്പെടെയുള്ള ഭരണസമിതികളിൽ പ്രാതിനിധ്യം കൊടുക്കാൻ കഴിഞ്ഞിട്ടുള്ള സർവ്വകലാശാലകളാണ്. ഇന്ന് കാര്യങ്ങൾ മുന്നോട്ടു വന്നപ്പോൾ വളരെ പുറകോട്ടു പോകുന്ന നിലയിലേക്ക് ഇന്ന് പ്രവർത്തനങ്ങളും ഉണ്ടായിരിക്കുന്നു. യൂണിവേഴ്സിറ്റി യൂണിയൻ ഇല്ലാതാകുകയാണ്. സർവ്വകലാശാലകളും അതിന്റെ സമിതികളിലും

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളും അതുപോലെതന്നെ ഉത്തരവാദിത്വമുള്ള ആളുകളും കടന്നു വരാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനു കാര്യം മനസ്സിലാക്കികൊടുക്കുന്ന കാര്യത്തിൽ നമ്മുടെ ഭാഗത്തുണ്ടായിട്ടുള്ള പരാജയമാണ് ഇതിനു കാരണം. യൂണിവേഴ്സിറ്റി വിദ്യാഭ്യാസ മേഖലയ്ക്ക് ഒരിക്കലും യോജിക്കാൻ പറ്റാത്ത കാര്യങ്ങളും അടിച്ചേൽപ്പിക്കാനുള്ള നിർദ്ദേശങ്ങളാണ് അവരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്.

[അദ്ധ്യക്ഷസ്ഥാനത്തു നിന്നും മി. ഡെപ്യൂട്ടി സ്പീക്കർ]

ഇന്ന് സർവ്വകലാശാലയുടെ തലപ്പത്തിരിക്കുന്ന വൈസ് ചാൻസലർമാരുടെപ്പോലെയുള്ള ആളുകളുടെ അഭിപ്രായരൂപീകരണത്തിലൂടെ ഉയർന്നുവരുന്ന കാര്യങ്ങളും യു. ജി. സി. യെക്കൊണ്ട് അംഗീകരിപ്പിച്ച് അത് നിർദ്ദേശമാക്കികൊണ്ടുവരുവാനുള്ള നീക്കങ്ങളും നമ്മുടെ നാട്ടിൽ നടന്നുവരുകയാണ്. ഈയടുത്തകാലത്ത് ആന്ധ്ര ഹൈക്കോടതിയിൽ .....

ശ്രീ. എ. വി. താമരാക്ഷൻ : യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനിൽനിന്നും ഗാന്ധിജി സർവ്വകലാശാലയ്ക്ക് അർഹമായ ഗ്രാൻറ് വാങ്ങിയെടുക്കുന്നതിൽ നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പരാജയപ്പെട്ട നിലയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെങ്കിലും ഇക്കാര്യത്തിൽ ഒന്ന് സമ്മർദ്ദം ചെലുത്തി വാങ്ങിയെടുത്തുകൂടേ ? അതിനു പ്രേരിപ്പിക്കാൻ കഴിയുമോ ?

ശ്രീ. കെ. മുഹമ്മദാലി : യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനിൽനിന്നും സർവ്വകലാശാലകൾക്ക് സഹായം നൽകുന്നതിനു പൊതുവായ സമീപനമുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അക്കാഡമിക് കാര്യങ്ങളിലും ഭരണസമിതികളുടെ ഘടനയെക്കുറിച്ചുള്ള കാര്യങ്ങളിലും കണ്ടീഷൻസ് വയ്ക്കുകയെന്നുള്ള നിലപാട് ഗ്രാൻറ് നൽകുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെ ഭാഗത്തു നിന്നുണ്ടാകുമെങ്കിൽ അത് ശരിയല്ലെന്ന് പറയുവാനുള്ള നിലപാട് സംസ്ഥാന ഗവൺമെൻറ് സ്വീകരിക്കണമെന്നാണ് എൻറെ വ്യക്തിപരമായ അഭിപ്രായം. അടുത്തകാലത്ത് ആന്ധ്രാ ഹൈക്കോടതിയിൽ, അവിടത്തെ യൂണിവേഴ്സിറ്റി ബില്ലിനെക്കുറിച്ച് പരാമർശനം ഉണ്ടായി. തെരഞ്ഞെടുക്കപ്പെട്ട ബോഡികളുണ്ടാകേണ്ടതു് അനിവാര്യമാണെന്നാണ് ആന്ധ്രാ ഹൈക്കോടതിയുടെ പരാമർശനം ഉണ്ടായത്. അതെത്തുടർന്ന് റേണസമിതികളെ നോമിനേറ്റ് ചെയ്യപ്പെടുന്നതുംപ്പെടെയുള്ള ആ ബിൽ നടപ്പിലാക്കാൻപറ്റാത്ത സാഹചര്യമാണ് ആന്ധ്രയിൽ നിലനിൽക്കുന്നത്. അപ്പോൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ദീർഘനാളത്തെ ചർച്ചകളിലൂടെയും അഭിപ്രായപ്രകടനങ്ങളിലൂടെയും പ്രക്ഷോപണങ്ങളിലൂടെയും പല മേഖലകളിലുള്ള ആളുകളും നടത്തിയ നീക്കങ്ങളിലൂടെയും നമുക്ക് നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ള പരിവർത്തനങ്ങളിൽനിന്നും മാറ്റങ്ങളിൽനിന്നുമെല്ലാം പിറകോട്ടുപോകുകയെന്നുള്ളനിയിലേയ്ക്ക് കാര്യങ്ങൾ പോകുന്നത് ഒരിക്കലും നമുക്ക് അനുകൂലിക്കുവാനോ അനുവദിക്കുവാനോ പറ്റാത്ത കാര്യങ്ങളാണ്. ഉന്നതവിദ്യാഭ്യാസമേഖലയിൽ കാതലായ പരിവർത്തനങ്ങളും മാറ്റങ്ങളുമുണ്ടാകണമെന്ന അഭിപ്രായക്കാരാണ് നമ്മൾ. ആ കാര്യങ്ങളിലെല്ലാംതന്നെ ദേശീയതലത്തിൽ മാതൃകയായിവരണമെന്നാഗ്രഹിക്കുന്നവരാണ് നാം. ഇന്ന് സാങ്കേതികവിദ്യാഭ്യാസത്തെക്കുറിച്ചെല്ലാം നാം വളരെയേറെ സംസാരിക്കാറുണ്ട്. ആ മേഖലയ്ക്ക് പ്രാധാന്യം നൽകണമെന്ന് നാം പറയാറുണ്ട്. കൂടുതൽ ഗവേഷണത്തിനും ബിരുദാനന്തര പഠനത്തിനും പര്യാപ്തമായ നിലയിൽ വിവിധ ഡിപ്പാർട്ടുമെൻറുകൾ നമ്മുടെ സർവ്വകലാശാലയുടെ കീഴിൽ കൊണ്ടുവരണമെന്ന് നാം സംസാരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടമാണ്. ആ സന്ദർഭത്തിൽ വിദ്യാഭ്യാസ മേഖലയിൽ വളരെയേറെ പിറകോട്ടുപോകുന്ന നിലയിൽ കാര്യങ്ങളും കൊണ്ടുവരുകയെന്നുപറഞ്ഞാൽ അത് വളരെ പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. നമ്മുടെ സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങളും ചലനങ്ങളും ഉൾക്കൊള്ളുവാൻ കഴിയുന്ന ആളുകളായിരിക്കണം യൂണിവേഴ്സിറ്റിയുടെ ഭരണതലത്തിൽ വരേണ്ടതെന്ന് നമുക്കറിയാം. നിർഭാഗ്യവശാൽ വെറും ബ്യൂറോക്രാറ്റുകളെ, ഇക്കാര്യങ്ങളെക്കുറിച്ചൊന്നും കാഴ്ചപ്പാടില്ലാത്ത ദന്തഗോപുരങ്ങളിൽ വാഴുന്ന ആളുകളെയാണ് പലപ്പോഴും നാം വൈസ് ചാൻസലർമാരും മറ്റുമായി കൊണ്ടുവരുന്നത്. നാളത്തെ തലമുറയെ രൂപപ്പെടുത്തിയെടുക്കുന്ന കാര്യങ്ങളെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും താൽപ്പര്യങ്ങളും ഐഡിയകളുമുള്ള, സമൂഹവുമായി ബന്ധമുള്ള ആളുകളും ഈ മേഖലയിലേക്ക് കടന്നു വന്നെങ്കിൽമാത്രമേ വിദ്യാഭ്യാസരംഗത്തുണ്ടായിരിക്കുന്ന മാറ്റങ്ങളും ഉൾക്കൊള്ളുവാനും ആ മാറ്റങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാനും കഴിയുകയുള്ളു എന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളും നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകളിലുണ്ടാകേണ്ടത് അനിവാര്യമാണെന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. സെനറ്റിന്റെ അധികാരം വെട്ടിക്കുറച്ച് സെനറ്റ് പുനഃസ്ഥാപിക്കാൻ യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷൻ സമ്മതിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അധികാരം വെട്ടിക്കുറയ്ക്കുന്നത് ശരിയല്ല. സെനറ്റിൽ വരേണ്ട ആളുകളെക്കുറിച്ച് വ്യക്തമായ മാനദണ്ഡമുണ്ടാകുന്നതിനോട് യോജിക്കാൻ കഴിയേണ്ടതാണ്. വിദ്യാഭ്യാസമേഖലയുമായി ബന്ധമുള്ള ആളുകളെയും അതിനകത്ത് അഭിപ്രായം പറയുവാൻ അർഹരും ബാദ്ധ്യസ്ഥരുമായിട്ടുള്ള ആളുകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സെനറ്റായിരിക്കണം വേണ്ടത്. ആ സെനറ്റിന് അധികാരമുണ്ടായിരിക്കണം. യൂണിവേഴ്സിറ്റി ഭരണത്തെക്കുറിച്ചും അക്കാഡമിക് കാര്യങ്ങളുൾപ്പെടെയുള്ള കാര്യങ്ങളെ കുറിച്ചും അഭിപ്രായം പറയുവാനും തീരുമാനമെടുക്കുവാനുമുള്ള അധികാരം ആ സെനറ്റിനുണ്ടായിരിക്കണമെന്ന കാര്യത്തിൽ നിർബന്ധമായ സമീപനം ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്. അത് സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിലുണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നല്ലതായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

അതുപോലെതന്നെ യൂണിവേഴ്സിറ്റി ഭരണസമിതിയുടെ പ്രധാന ഘടകമായ സിൻഡിക്കേറ്റിൽ വരേണ്ടയാളുകളെക്കുറിച്ച് വ്യക്തമായ ചിത്രം നമ്മുടെ മനസ്സിലുണ്ടായിരിക്കണം. അക്കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. അതിനു്, ഈ മേഖലയിൽ വിദഗ്ദ്ധൻമാരായ ആളുകളെ തെരഞ്ഞെടുപ്പിലൂടെ കൊണ്ടുവരുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ സാധിക്കുകയുള്ളു എന്ന് നമുക്കറിയാം. ഇന്ന് അദ്ധ്യാപക പ്രതിനിധികളായി യൂണിവേഴ്സിറ്റി ഭരണസമിതികളിൽ വരുന്ന ആളുകളെ വൈസ് ചാൻസലർമാരുടെ താൽപ്പര്യത്തിനനുസരിച്ച് നോമിനേറ്റ് ചെയ്യാനുള്ള ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥി പ്രതിനിധികളായാലും അദ്ധ്യാപക പ്രതിനിധികളായാലും മറ്റ് വിദഗ്ദ്ധൻമാരായാലും അവരെ നോമിനേറ്റ് ചെയ്യുന്നതിന് വൈസ് ചാൻസലർക്ക് അധികാരം കൊടുക്കുന്ന സമീപനം ശരിയല്ല. അക്കാര്യങ്ങളിലെല്ലാം തന്നെ ഒരു പൊതുവായ സമീപനത്തോടുകൂടി അവർക്ക് പ്രവർത്തിക്കാൻ കഴിയുകയില്ലെന്നുള്ളതുകൊണ്ട്, അതെല്ലാം തെരഞ്ഞെടുപ്പിലൂടെയോ സീനിയോറിറ്റിയിലൂടെയോ വരുന്നതാണ് കൂടുതൽ അഭിനന്ദനാർഹമായിട്ടുള്ളത്, അല്ലെങ്കിൽ സ്വാഗതാർഹമായിട്ടുള്ളത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസരംഗത്ത് വളരെ ധൃതഗതിയിലുള്ള മാറ്റങ്ങളും പരിവർത്തനങ്ങളും ഉണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇന്ന് ദേശീയ വിദ്യാഭ്യാസനയം ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന് പര്യാപ്തമായിട്ടുള്ള രീതിയിൽ അതിനനുസൃതമായിട്ടുള്ള നടപടികളും സ്വീകരിക്കണം. ഇന്ന് കേരളത്തിൽ തൊഴിലില്ലായ്മ നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രയാസമുണ്ടാക്കുന്ന കാര്യമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. 20 ലക്ഷത്തിലേറെയാളുകളാണ് നമ്മുടെ സംസ്ഥാനത്ത് തൊഴിലിനുവേണ്ടി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്നത്. ഭാവിയെക്കുറിച്ച് ഒരു വ്യക്തതയില്ലാത്ത നിലയിലാണ് അവർ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ലക്ഷ്യമില്ലാത്ത ഒരു തലമുറയെ വാർത്തെടുക്കുവാൻ പര്യാപ്തമായ രീതിയിൽ നമ്മുടെ വിദ്യാഭ്യാസനയവുമായി മുന്നോട്ടുപോകുന്നത് ശരിയല്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ തലമുറയ്ക്ക് ലക്ഷ്യബോധത്തോടുകൂടി മുന്നോട്ടുപോകാൻ കഴിയുന്ന നിലയിൽ അവർക്ക് ഭാവിയെക്കുറിച്ച് പ്രതീക്ഷകൾ നൽകുന്ന നിലയിലുള്ള വിദ്യാഭ്യാസനയം ആവിഷ്കരിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ സർവ്വകലാശാലകൾക്ക് രൂപം കൊടുക്കാനും സർവ്വകലാശാലകളിൽ ജനാധിപത്യസ്വഭാവം പുനഃസ്ഥാപിക്കുന്നതിനും ആ ജനാധിപത്യസ്വഭാവം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ രീതിയിലാക്കുന്നതിനും നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞെങ്കിൽ മാത്രമേ ഈ രംഗത്ത് നല്ല ഫലമുണ്ടാക്കുവാൻ കഴിയുകയുള്ളുവെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ രൂവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണം എങ്ങനെ നടത്തണമെന്നുള്ളതിനെക്കുറിച്ച് ഒരു ധാരണയുമില്ല. ഈ രണ്ട് ബില്ലുകളും, ഗാന്ധിജി യൂണിവേഴ്സിറ്റി ഫസ്റ്റ് അമൻഡ്മെൻറും സെക്കൻഡ് അമൻഡ്മെൻറുംകൂടി ക്ലബ്ബ് ചെയ്ത് ഒരു ബില്ലായിക്കൊണ്ടുവന്നെങ്കിൽ ഈ സഭയുടെ വിലയേറിയ സമയം എന്തുമാത്രം ലാഭിക്കാമായിരുന്നു. അത് ചെയ്യുകയില്ല നിങ്ങൾ. ഈ നിയമനിർമ്മാണത്തിന് ഇന്ന് നമ്മളെടുക്കുന്ന സമയം മറ്റൊരു ബില്ലിനുവേണ്ടി വിനിയോഗിക്കാമായിരുന്നു. നിർഭാഗ്യമെന്നുപറയട്ടെ, അവരോട് ഉപദേശിച്ചാൽ അവർക്ക് കാര്യം മനസ്സിലാകുകയില്ല. എന്നാൽ ഒരു കാര്യം ചെയ്യുക. വിവരമുള്ള ആളുകളുടെയടുത്ത് ചോദിക്കുക. ഞാൻ ഉപദേശം കൊടുക്കാം. ഇതുരണ്ടുംകൂടി ക്ലബ്ബ് ചെയ്താൽ പോരായിരുന്നോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ക്ലബ്ബ് ചെയ്യാം. ക്ലബ്ബ് ചെയ്യുന്നത് നമ്മുടെ നടപടി ചട്ടങ്ങൾക്ക് വിധേയമാണ് ഒരു കുഴപ്പവുമില്ല.' സമ്മതിക്കുന്നു. അതൊടൊപ്പം തന്നെ വേണമെങ്കിൽ ബിസ്സിനസ് അഡ്വൈസറി കമ്മിറ്റിക്ക് ഇന്നലെ അത് രണ്ടുംകൂടി എടുക്കാനുള്ള ഒരു തീരുമാനം എടുക്കാൻ കഴിയുമായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. സഭയുടെ സമയം ലാഭിക്കാൻ കഴിയുമായിരുന്നു. പക്ഷേ നടന്നില്ല. ബിസ്സിനസ് അഡ്വൈസറി കമ്മിറ്റി കൂടി അതിന് ഉത്തരവാദിയാണെന്നുള്ള കാര്യം മറക്കരുത്. ഗവൺമെൻറിനെ മാത്രം കുറ്റപ്പെടുത്തരുത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : നിങ്ങളല്ലേ നിയമം ഇനിഷ്യേറ്റ് ചെയ്യുന്നത്. അതിന് ബിസ്സിനസ് അഡ്വൈസറി കമ്മിറ്റിയെ എന്തിനു പറയണം ? You could very well consult the Law Department.

ശ്രീ. എം. എം. ഹസ്സൻ : രണ്ടായിട്ട് വന്നാൽ അല്ലേ നമുക്ക് രണ്ടായിട്ട് പ്രസംഗിക്കാൻ കഴിയുകയുള്ളു. പ്രതിപക്ഷത്തിനല്ലേ കൂടുതൽ സൗകര്യം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും പോരത്തെന്നെ കൊതുകിന് കൗതുകം' എന്നുപറയുന്നതു പോലെയാണ് ശ്രീ. ഹസ്സന്റെ കാര്യം. വിവരമുള്ള കാര്യങ്ങൾ പറയുന്നതിനിടയ്ക്കും ശ്രീ. ഹസ്സന്റെ ചിന്താഗതി മറിച്ചാണ്, പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ : വിവരമില്ലാത്തതുകൊണ്ട് അങ്ങയിൽനിന്ന് കുറച്ചു വിവരം കിട്ടാൻവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. അതിനാണ് ഞാൻ ഇടയ്ക്കിടയ്ക്ക് എഴുന്നേൽക്കുന്നത്. വിവരത്തിന്റെ ഭണ്ഡാരം അങ്ങെന്നു തുറന്നു വയ്ക്കണം. വിവരത്തിന്റെ ഭണ്ഡാരം തുറന്നുവച്ച് ഞങ്ങൾക്കൊക്കെ കുറച്ചു കുറച്ച് വിവരം തരണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബിസ്സിനസ് അഡൈസറി കമ്മിറ്റിയുടെ മേൽ പഴിചാരി എന്റെ ബഹുമാന്യ സ്നേഹിതൻ ടി. എം. ജേക്കബ് രക്ഷപ്പെടാൻ നോക്കണ്ട. നിങ്ങളാണിതിനു ഉത്തരവാദി ; നിങ്ങളാണ് ഈ ബിൽ ഈ സഭയിൽ ഇനിഷ്യേറ്റ് ചെയ്യുന്നത്. സ്വാഭാവികമായി ഈ നിർദ്ദേശം, ഈ രണ്ടുബില്ലുംകൂടി ക്ലബ്ബ് ചെയ്യണമെന്നുള്ള നിർദ്ദേശം നിങ്ങൾ ബിസ്സിനസ് അഡൈസറി കമ്മിറ്റിയിൽ അവതരിപ്പിച്ചാൽ അവിടെ ആരും എതിർക്കുകയില്ല. രണ്ടു ദിവസം പൂർണ്ണമായി..... ....

ശ്രീ. ടി. എം. ജേക്കബ് : എന്നെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കഴിഞ്ഞ തിങ്കളാഴ്ച ബിസ്സിനസ് അഡൈസറി കമ്മിറ്റി കൂടുമ്പോൾ ഞാൻ ഈ നിയമസഭയ്ക്കകത്തിരിക്കുകയായിരുന്നു ; അന്ന് എഡ്യൂക്കേഷൻ ബില്ലിന്റെ ചർച്ച ഇവിടെ നടക്കുകയായിരുന്നതുകൊണ്ട് അതിൽ പങ്കെടുത്തു കൊണ്ടിരിക്കുകയായിരുന്നു. ആ കമ്മിറ്റിക്കു പോയത് നമ്മുടെയൊക്കെ നേതാക്കൻമാരായിരുന്നു. അവരാണ് ഇതൊക്കെ ചെയ്യേണ്ടിയിരുന്നത്.

ശ്രീ. ടി. എസ്. ജോൺ : ഈ ബില്ലിൽ വളരെ കാര്യങ്ങൾ സംസാരിക്കാനുണ്ട്. അതിനാൽ ഇതേക്കുറിച്ച് ചർച്ച നടത്തുന്നതിൽ യാതൊരു തെറ്റുമില്ല. ശ്രീ. വർക്കലയ്ക്ക് ഇന്ന് സബ്ജക്ട് ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. കാര്യങ്ങൾ പറയാനുള്ളവരൊക്കെ ഇവിടെ അമൻറ്മെൻറ് കൊടുത്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതൊക്കെ നമ്മൾ ഇവിടെ ചർച്ച ചെയ്തിട്ട് കാര്യമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാന്യനായ ടി. എസ്. ജോൺ ഇപ്പോൾ ബെർലിനിൽ പോയി ഒരു ദിവസം നമുക്ക് ലഭിക്കാമായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. എത്ര ലക്ഷം രൂപ സർക്കാരിനു ലാഭമാകുമായിരുന്നു, സമയലാഭവും ഉണ്ടാകുമായിരുന്നു. ഇപ്പോൾ ദ്രവ്യനഷ്ടം, മാനഹാനിയൊക്കെ വരുത്തിയില്ലേ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബിസ്സിനസ് അഡൈസറി കമ്മിറ്റിയുടെ കാര്യം നമ്മൾ ഇവിടെ ചർച്ച ചെയ്യേണ്ട, അത് ഇവിടെ ചർച്ച ചെയ്തിട്ട് യാതൊരു കാര്യവുമില്ല. അതിനാൽ മെമ്പർ ബില്ലിനെക്കുറിച്ച് സംസാരിക്കണം.

ശ്രീ. എം. എം. ഹസ്സൻ : അദ്ദേഹത്തിന് വളരെയധികം വിവരമുള്ളതുകൊണ്ടാണ് അങ്ങനെ സംസാരിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ ഈ ബില്ലിന്റെ പ്രസക്തിയെക്കുറിച്ചാണ് പറയാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത് ഇങ്ങനെയൊരു അമൻറ്മെൻറ് ഇവിടെ കൊണ്ടുവന്നത് വൈസ് ചാൻസലർ നോമിനേറ്റ് ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമിതിയുടെ കാലാവധി 30 മാസമായി വർദ്ധിപ്പിക്കാനാണ്. ഇപ്പോഴത്തെ എന്റെ ഓർമ്മയിൽ വരുന്നത് കോത്താരി കമ്മീഷൻ റിപ്പോർട്ടും യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ റിപ്പോർട്ടുമാണ്. ഇതിൽ രണ്ടിലും വ്യക്തമായ ഒരു സമീപനം അംഗീകരിച്ചിട്ടുണ്ട്. അതായത് യൂണിവേഴ്സിറ്റി കാമ്പസ്സിൽ യാതൊരു കാരണവശാലും രാഷ്ട്രീയമായ സ്വാധീനം ചെലുത്താൻ പാടില്ല, രാഷ്ട്രീയക്കാർ കടന്നുകൂടാതെയുള്ള താണല്ലോ അതിന്റെ ഉദ്ദേശലക്ഷ്യം. ആ ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് സിൻഡിക്കേറ്റിൽ വലിയ അധികാരം വേണ്ട, അല്ലെങ്കിൽ സിൻഡിക്കേറ്റിൽ അധികാരമുണ്ടായാൽ സെനറ്റ് വേണ്ടായെന്നുള്ള ഒരു സമീപനം എടുക്കാൻ അവർ തീരുമാനിച്ചത്. യൂണിവേഴ്സിറ്റിയെ സംബന്ധിക്കുന്ന കാര്യങ്ങളെല്ലാം നിയമസഭയിൽ ചർച്ച ചെയ്തുകൊള്ളണമെന്നുള്ള ഒരു സമീപനമാണ് അവർ അംഗീകരിച്ചത്. ഞാൻ ആ സമീപനത്തോട് യോജിക്കുന്നില്ല.

ഈ രാജ്യത്തെ സർവ്വകലാശാലകൾക്ക് അവരുടെ അക്കാഡമിക്ക് കാര്യങ്ങളിൽ പൂർണ്ണമായും സ്വയംഭരണം ഉണ്ടായിരിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ട് ആട്ടോണമിയെ സംബന്ധിച്ചിടത്തോളം നിയന്ത്രണം ഏർപ്പെടുത്തിക്കൂടാ ; മാത്രവുമല്ല, അതിന് ജനാധിപത്യപരമായ ഒരു ഉള്ളടക്കവുമുണ്ടാകണം. ജനാധിപത്യപരമായ ഉള്ളടക്കം ഉണ്ടെങ്കിൽ മാത്രമേ അവ പ്രവർത്തിക്കുകയുള്ളു. എന്നാൽ ഗാന്ധിജി യൂണിവേഴ്സിറ്റി ആരംഭിച്ചതു തന്നെ ഒരു അധികപ്പറ്റായിരുന്നു. യൂണിവേഴ്സിറ്റിയിൽ ഇപ്പോഴും ഉള്ളത് 67 കോളേജുകളാണ്. ഈ 67 കോളേജുകളിൽ അഞ്ചോ ആറോ എണ്ണം മാത്രമാണ് സർക്കാരിനേറ്റതായിട്ടുള്ള കോളേജുകളും ; ബാക്കിയുള്ളതു മുഴുവൻ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളാണ്. ഒരു രീതിയിൽ പറഞ്ഞാൽ ഗവൺമെൻറ് ഖജനാവിലെ പണം സ്വകാര്യമേഖലയ്ക്ക് ചോർത്തിക്കൊടുക്കുന്ന ഒരു ഏജൻസിയാണ് ഈ യൂണിവേഴ്സിറ്റികളും. ഇവിടെ നാമെല്ലാം കൊടുക്കുന്ന നികുതി നീതിപൂർവ്വം വിനിയോഗിക്കപ്പെടണം. ഇതേക്കുറിച്ച് എനിക്ക് നിരവധി ഉദാഹരണങ്ങളും അനുഭവങ്ങളും പറയാൻ കഴിയും. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വകാര്യ കോളേജുകളിലെ നിയമനങ്ങളിൽ എവിടെയെങ്കിലും പബ്ലിക് സർവ്വീസ് കമ്മീഷൻ പോലുള്ള സമുദായ പ്രാതിനിധ്യം അംഗീകരിച്ചിട്ടുണ്ടോ ? റിസർവ്വേഷൻ തത്വങ്ങൾ നടപ്പിലാക്കുന്നുണ്ടോ ? ഇല്ല. ഈ രാജ്യത്ത് ഒരു നിയമം നിലവിലുണ്ട്. ഗവൺമെൻറിന്റെ പ്രതിനിധിയും കളക്ടറും മാനേജുമെൻറിന്റെ പ്രതിനിധിയും കൂടുന്ന-മൂന്നുപേടങ്ങുന്ന-ഒരു ബോർഡാണ് കോളേജുകളിലേക്കുള്ള നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഈ ബോർഡ് കൂടുന്നത് വെറും സാങ്കല്പികമായി മാത്രമാണ്. വെറും ഔപചാരികമായ ഒരു കൂടൽ മാത്രമാണ്. അറുപതിൽചിലാനം വരുന്ന സ്വകാര്യ കോളേജുകളിൽ ഒരൊറ്റ പട്ടികജാതിക്കാരനോ, പട്ടികവർഗ്ഗക്കാരനോ കടന്നുകൂടുമെന്നു നിങ്ങളാരെങ്കിലും വിചാരിക്കുന്നുണ്ടോ ? ഇല്ല. ഒരു പ്യൂൺ പോസ്റ്റിലെങ്കിലും ഇവിടത്തെ പട്ടികജാതിക്കാരനായിട്ടുള്ള— പട്ടികവർഗ്ഗക്കാരനായിട്ടുള്ള ഒരാളും ഈ കോളേജുകളിൽ കടന്നുകൂടുകയില്ല. അതുപോലെ പിന്നോക്കക്കാരനായിട്ടുള്ളവർ കടന്നുകൂടുകയില്ല ഈ കോളേജുകളെല്ലാം നിയന്ത്രിക്കുന്നത് ഏത് സമുദായമാണോ, ഏത് മതക്കാരനാണോ അയാൾക്കു മാത്രമാണ് ആ നിയമനത്തിൽ സ്വാധീനം ചെലുത്താൻ കഴിയുന്നത്. അവർ പണം ചെലവ് ചെയ്യുന്നുവെന്ന് പറയും. കോളേജ് കെട്ടിക്കഴിഞ്ഞാൽ അതിന്റെ പ്രധാന ചെലവ് ഞാനും ഈ രാജ്യത്തെ ജനങ്ങളും കൊടുക്കുന്ന നികുതിയിൽ നിന്നാണ് വഹിക്കുന്നത്. അങ്ങനെ നികുതിയിനത്തിൽ നാട്ടിലെ ജനങ്ങളുടെ പണം മുഴുവൻ കോളേജിന്റെ ചെലവുകൾക്കു വേണ്ടി വിനിയോഗിക്കപ്പെടുമ്പോൾ നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന പാവപ്പെട്ട പിന്നോക്കക്കാരനു്, പട്ടികജാതി—പട്ടികവർഗ്ഗക്കാരനു് മേമ്പൊടിക്കുപോലും ഈ സ്വകാര്യ കോളേജുകളിൽ നിയമനം കിട്ടുന്നില്ല. ഗാന്ധിജി സർവ്വകലാശാല എന്ന സ്ഥാപനംകൊണ്ടു് ഇവിടത്തെ സ്ഥാപിത തല്പരൃക്കാർക്കുള്ള ലക്ഷ്യം അതാണു്. അതു് പൂർണ്ണമായും നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. ഈ ഗവൺമെന്റിന്റെ പക്കലുണ്ടോ കണക്കു് ? സ്വകാര്യ കോളേജുകളിൽ നടക്കുന്ന നിയമനങ്ങളെ സംബന്ധിച്ച എന്തെങ്കിലും കണക്കു് നിങ്ങളുടെ കൈയിലുണ്ടോ ? റിസർവേഷനുള്ള ഏതെങ്കിലും സമുദായക്കാരനെ സ്വകാര്യമേഖലയിലെ നിയമനങ്ങളിൽ കടത്തിവിട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ, ഞാൻ ശ്രീ. ടി. എം. ജേക്കബ്ബിനെ വെല്ലുവിളിക്കുകയാണു്. ഉണ്ടെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ പാർട്ടിയിൽ ചേരാം. ഒരൊറ്റയാംപോലുമില്ല.

ശ്രീ. ടി. എം. ജേക്കബ് : ഇവിടെ ഭരണം തുടങ്ങിയിട്ടു് കാലം കുറെയായല്ലോ ? ഇവിടെ അങ്ങും അങ്ങയുടെ കക്ഷിയും ഒക്കെ ഭരിച്ച കാലമുണ്ടായിരുന്നു. 1957-ലും 1967-ലും 1980-ലും ഇവിടെ കമ്മ്യൂണിസ്റ്റു് മന്ത്രിസഭ ഭരിച്ചു. ആ കാലത്തു് നിങ്ങൾക്കൊന്നും ഇതു് ചെയ്യാൻ പൂടില്ലായിരുന്നോ ? നിങ്ങളതു് ചെയ്തോ ? നിങ്ങളും ചെയ്തില്ലല്ലോ, പിന്നെ ഇപ്പോഴും കുറ്റം പറയുന്നതു്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇതിനുവേണ്ടി ഇവിടെ സെക്രട്ടേറിയറ്റിൽ നിന്നു് ഒരുദ്യോഗസ്ഥൻ പോകും, കളക്ടറോ, എ. ഡി. എം.-ഓ. ആരെങ്കിലുമൊരാളു പോകും. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നു് കൊളീജിയറ്റു് എഡ്യൂക്കേഷൻ ഡയറക്ടറോ ഡെപ്യൂട്ടി ഡയറക്ടറോ പോകും. എനിക്കു് ഇതേക്കുറിച്ചു് ഈയടുത്ത കാലത്തു് മനസ്സിലാക്കാനിടയായതു്, ഇങ്ങനെയുള്ള ഒരു നിയമനത്തിനു് ഒരിക്കൽ എന്റെ ഭാര്യയേയും വിളിച്ചിരുന്നു, പോയി അവിടെ അവർ പറയുന്ന കാര്യം മാത്രമേ നടക്കുകയുള്ളു ; അവർ പറയുന്ന ആളുകളെ മാത്രമേ നിയമിക്കൂ, അല്ലാതെ ഇവിടെ ഇതുവരെ കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ചു് ഒരു നിയമനവും നടന്നിട്ടില്ല.

ശ്രീ. എ. വി താമരാക്ഷൻ : ഗാന്ധിജി സർവ്വകലാശാലയിലുള്ള കോളേജുകളിൽ അദ്ധ്യാപക നിയമനത്തിൽ സംവരണതത്വം പാലിക്കുന്നില്ലെന്നു മാത്രമല്ല, കോളേജുകളിലെ പ്രവേശനങ്ങളിൽ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കു് 20 ശതമാനം അഡ്മിഷൻ കൊടുക്കണമെന്ന വ്യവസ്ഥപോലും പൂർണ്ണമായി കാറ്റിൽ പറത്തിക്കൊണ്ടു് സ്വകാര്യ കോളേജുകളിൽ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കു് പ്രവേശനം കൊടുക്കുന്നില്ലെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : പൂർണ്ണമായും ശരിയാണു്.

ശ്രീ. ടി. എസ്. ജോൺ : അതു് ശരിയല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : നിയമനത്തിൽ മാത്രമല്ല, ഈ സ്വകാര്യ കോളേജുകളെല്ലാം പൂർണ്ണമായും ന്യൂനപക്ഷ സാമുദായികവിഭാഗത്തിലാണു് നടക്കുന്നതു്. പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കു് നിയമനം കിട്ടുന്നില്ലെന്നു വരികിലും കത്തോലിക്കാ മാനേജുമെന്റുകളും കോഴ വാങ്ങുന്നില്ലെന്നുള്ളതു് ശരിയാണു്. കത്തോലിക്കാ മാനേജുമെന്റുകളും നടത്തുന്ന കോളേജുകളിൽ കോഴവാങ്ങൽ അവസാനിപ്പിച്ചിട്ടുണ്ടു്, പക്ഷേ അവിടെ പട്ടികജാതി—പട്ടികവർഗ്ഗക്കാരനൊന്നും പ്രവേശനമില്ല. അവർക്കിന്നും അതു് ബാലികേറാമലയാണു്. അവരെ ഇവർ മേമ്പൊടിക്കുപോലും എടുക്കുകയില്ല. അവിടെ നിയമനം നടക്കുന്നു ; പക്ഷേ പൈസ വാങ്ങാതെ നടക്കുന്നുണ്ടോ ? മറ്റെല്ലാസ്ഥലത്തും 50,000 ഒരു ലക്ഷം, ഒന്നര ലക്ഷം വരെ ലേലം വിളിച്ചാണു് ഈ നിയമനങ്ങളൊക്കെ നടക്കുന്നതു്. അതു് ഇതുവരെ തടയാൻ നമുക്കാർക്കും

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടില്ല. ഇതിനുവേണ്ടി പോകുന്ന കമ്മിറ്റിക്കാർ മുർബ്ബലരാണ്, അവിടെ മാനേജുമെൻറ് എടുക്കുന്ന തീരുമാനത്തിനു താഴെ സെക്രട്ടേറിയറ്റിൽ നിന്നും പോകുന്ന ഒരു സെക്രട്ടറിയും കൊളീജിയറ് എഡ്യൂക്കേഷൻ ഡയറക്ടറും ഡയറക്ടറേറ്റിൽ നിന്നും പോകുന്ന മറ്റേതെങ്കിലും ഒരു ഉദ്യോഗസ്ഥനും ഒപ്പിട്ടുകൊടുക്കുക മാത്രമാണ് ചെയ്യുന്നത്. അവരുടെ തീരുമാനം ഫലത്തിൽ നടപ്പിലാകുകയില്ല. ഇതിന് എത്ര ഉദാഹരണം വേണമെങ്കിലും ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

നമ്മുടെ രാജ്യത്തെ പിന്നോക്ക സമുദായത്തിലുള്ള ആളുകളുടെ പ്രയാസങ്ങളെക്കുറിച്ച് അറിയാത്തവരില്ല. ഇവിടത്തെ ബഹുഭൂരിപക്ഷം കോളേജുകളിലും ഈ സമുദായത്തിലുള്ള ഒറ്റയാളിനുപോലും പ്രവേശനം കിട്ടാത്ത സാഹചര്യമാണ് ഇവിടെ നിലനില്ക്കുന്നത്. കോടിക്കണക്കിന് രൂപയാണ് ഗാന്ധിജി സർവ്വകലാശാല സ്ഥാപിച്ചതിനുശേഷം സർക്കാർ ഖജനാവിൽ നിന്നും ഈയിനത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവരും ഈ രാജ്യത്തെ പൗരൻമാരല്ലേ. ഇവർക്കും അവകാശപ്പെട്ടതല്ലേ ഇതൊക്കെ? പിന്നോക്കക്കാരനും പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനും മറ്റുള്ളവർ ഈ പ്രശ്നത്തിൽ ചോർത്തിക്കൊണ്ടുപോകുന്ന പണത്തിൻറെ ന്യായമായ ആനുകൂല്യം കിട്ടേണ്ടേ? കിട്ടുകയില്ല. അതിനുവേണ്ടിയാണ് ഈ സർവ്വകലാശാലയുടെ നിർമ്മാണം. ശ്രീ. അച്യുതമേനോൻ ഈയടുത്ത കാലത്ത് മാതൃഭൂമിയിൽ ഒരു ലേഖനത്തിലൂടെ ഇക്കാര്യം പറഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞത് ഇതാണ്; ഈ ഗവൺമെൻറിന് മറ്റൊന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും ധാരാളം സർവ്വകലാശാലകൾ സൃഷ്ടിച്ചു. സർവ്വകലാശാലകളുടെ എണ്ണം കൂടിയതുകൊണ്ട് ഒരു പ്രയോജനവുമില്ല. അതിൻറെ ഗുണപരമായ മാറ്റമാണ് പ്രധാനം. സ്കൂളുകൾപോലെ കോളേജുകൾ വന്നതുകൊണ്ട് ചില ആളുകൾക്ക് സന്തോഷിക്കാം, ശ്രീ. ടി. എം. ജേക്കബ്ബിന് അഭിമാനിക്കാം, അദ്ദേഹത്തിന് ഇങ്ങനെയൊരു സർവ്വകലാശാല സ്ഥാപിച്ചെടുത്തു എന്നതിൽ അഭിമാനിക്കാം, പക്ഷേ ഈ രാജ്യത്തിൻറെ ഉത്തമ താല്പര്യങ്ങൾക്കനുകൂലമല്ല. ഈ രാജ്യത്തിൻറെ ഉത്തമതാല്പര്യങ്ങൾ കണക്കിലെടുക്കുമ്പോൾ സർവ്വകലാശാലകളുടെ എണ്ണം വർദ്ധിപ്പിക്കലല്ല; അതിനു ഗുണപരമായ മാറ്റം വരുത്തുകയാണ് പ്രധാനം.

സർ, ഈ രാജ്യത്തിൻറെ ഉത്തമ താല്പര്യം കണക്കിലെടുക്കുമ്പോൾ സർവ്വകലാശാലകളുടെ എണ്ണം വർദ്ധിപ്പിക്കലല്ല, അതിൽ ഗുണപരമായ മാറ്റം വരുത്തുകയാണ് പ്രധാനം. അത് ഉണ്ടോ? നമ്മുടെ മുൻപിൽ ആവശ്യപ്പെട്ടിരിക്കുന്നത്, മുപ്പത് മാസത്തേക്കു കൂടി ഇത് നീട്ടിക്കൊടുക്കണമെന്നാണല്ലോ. നിയമിക്കപ്പെടുന്ന സിൻഡിക്കേറ്റുകാർക്ക് രാഷ്ട്രീയം പാടില്ലെന്നാണ് യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷൻറെ ഡയറക്ഷൻ. യൂണിവേഴ്സിറ്റിയ്ക്കകത്ത് രാഷ്ട്രീയം പാടില്ല. ആദ്യമായി ഈ ഗവൺമെൻറ് ഇങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിച്ചു, ഗാന്ധിജി യൂണിവേഴ്സിറ്റി നിയമം പിന്നീടാണ് ആക്ടായത്. ഗാന്ധിജി യൂണിവേഴ്സിറ്റി ഓർഡിനൻസ് പുറപ്പെടുവിച്ചതിൻറെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനത്ത് ഗാന്ധിജി യൂണിവേഴ്സിറ്റിക്കു വേണ്ടി ഒരു സിൻഡിക്കേറ്റിനെ നോമിനേറ്റ് ചെയ്തു. നോമിനേറ് ചെയ്തയാളുകളുടെ പേര് ഞാൻ വായിക്കാം, ആകെ ഇതിൽ 19 അംഗങ്ങളാണ് ഉള്ളത്. സിൻഡിക്കേറ്റ് അംഗങ്ങൾ അക്കാഡമിഷ്യൻസാണ്. നമ്മുടെ രാജ്യത്തെ പേരുകേട്ട അക്കാഡമിഷ്യൻസാണ് സിൻഡിക്കേറ്റിലുള്ളത്.

ഞാൻ അവരുടെ പേരുവായിക്കാം :—

(1) പ്രൊഫസർ ആൻഡ്രൂസ് കൊട്ടാരി, പാലാ.
(2) പ്രൊഫസർ ഗോവിന്ദൻകുട്ടി, യു. സി. കോളേജ്, ആലുവാ.

LIBRARY ARCHIVES Kerala Legislative Assembly

(3) The great acadamician, Pandalam Sudhagaran M. L. A. [Representing Congress (I)]
(4) ശ്രീ. ഇ. ജെ. ലൂക്കോസ്, എം. എൽ. എ.
(5) അഡ്വക്കേറ്റ് ടി. ജെ. ജോർജ്, കോതമംഗലം, (ടി. എം ജേക്കബ്ബിന്റെ അയൽവാസി) കേരള കോൺഗ്രസ് (ജെ)
(6) ശ്രീ. ജോസഫ് അഞ്ചേരിൽ, പാലാ, കേരള കോൺഗ്രസ് (എ)
(7) ശ്രീ. പി. കെ. നാരായണ പണിക്കർ, എൻ. എസ്. എസ്. ജനറൽ സെക്രട്ടറി.
(8) ഡോക്ടർ എം. ശ്രീനിവാസർ, എസ്. ആർ. പി.
(9) അഹമ്മദ് കബീർ, മുസ്ലീം ലീഗ്.

ഇവരാണ് അക്കാഡമിഷ്യൻസ്. നമ്മുടെ ഗാന്ധിജി - യൂണിവേഴ്സിറ്റിക്ക്.....

ശ്രീ എ. വി. താമരാക്ഷൻ : സർ, മലയാള സാഹിത്യത്തിന് നൽകിയ സംഭാവന പരിഗണിച്ച് തകഴി ശിവശങ്കരപ്പിള്ളക്ക് കേരള യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് കൊടുത്തിരിക്കുന്നതുപോലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർത്തതിന്റെ പേരിൽ നമ്മുടെ വിദ്യാഭ്യാസമന്ത്രി ശ്രീ. ടി. എം. ജേക്കബിന് ഡോക്ടർ ഓഫ് ലിക്വിഡേറ്റർ എന്ന ബിരുദം കൊടുക്കുന്നത് ശരിയാണോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, അതാണ് സിൻഡിക്കേറ്റ്. അത് കുറേയും വേറെ ചില ആളുകളെ എടുക്കുന്നുണ്ട്. പ്രാതിനിധ്യം കുറഞ്ഞുപോയി എന്നാണ്.....

ശ്രീ. കെ. സി. ജോസഫ് : സർ, യൂണിവേഴ്സിറ്റി ഭരണസമിതികളിൽ അക്കാഡമിഷ്യൻസ് മാത്രമേ പാടുള്ളൂ എന്നും സമൂഹത്തിലെ വ്യത്യസ്തമായ ആളുകളും ഉണ്ടാകാൻ പാടില്ല എന്നും അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : രാഷ്ട്രീയക്കാർ വന്നുകൂടാ എന്ന അഭിപ്രായം എനിക്കില്ല. അങ്ങനെ പറയുന്നത് നിങ്ങളാണ്. ശ്രീ. ടി. എം. ജേക്കബ്ബും യു. ജി. സിയും പറയുന്നു രാഷ്ട്രീയക്കാർ ഇതിൽ പാടില്ല എന്ന്. തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് പാടില്ലെന്നാണ് യു.ജി.സി. പറയുന്നത്. അതുകൊണ്ടാണ് യു. ജി. സി. ഗ്രാന്റ് തരാത്തത്. നമ്മളും തമ്മിൽ അഭിപ്രായവ്യത്യാസമില്ല. ഈ കച്ചവടം അവസാനിപ്പിക്കണമെന്നേയുള്ളൂ. രാഷ്ട്രീയം പാടില്ലെന്ന് യു. ജി. സി. പറയുന്നത് നിയമസഭയിൽ പറയുകയും അതിനു വിരുദ്ധമായിട്ട് പ്രവർത്തിക്കുകയും ചെയ്യുന്ന നടപടി അവസാനിപ്പിക്കണം. ഈ പറഞ്ഞ ആളുകളെ ചേർത്താണ് സിൻഡിക്കേറ്റ് രൂപീകരിച്ചത്. ഇതിന്റെ കാലാവധിയാണ് 6 മാസം നീട്ടികൊടുക്കേണ്ടത്. അത് എന്തിനുവേണ്ടി? ഈ സിൻഡിക്കേറ്റ് നിലവിൽ വന്നതിനുശേഷമുണ്ടായ ഒന്നുരണ്ട് അനുഭവങ്ങൾ പറയാം.

ഈ സിൻഡിക്കേറ്റാണ് ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ നിയമനങ്ങൾ നടത്തേണ്ടത്. ഈ സിൻഡിക്കേറ്റ് നിലവിൽ വന്നതിനുശേഷമുണ്ടായ ഒരു അനുഭവം പറയാം. അവിടെ നിയമനത്തിന് മുപ്പതിനായിരം രൂപയാണ് മന്ത്രികോട്ടാ. അതിനെപ്പറ്റി 1986 ഏപ്രിൽ മൂന്നാം തീയതിയിലെ ഇൻഡ്യൻ എക്സ്പ്രസിലുണ്ട്. ഞാൻ അത് വായിക്കാം. ശ്രീ. ജേക്കബ് അത് കേൾക്കണം. "Politicians Trading in University Posts" രാഷ്ട്രീയക്കാർ സർവ്വകലാശാലാ നിയമനങ്ങളിൽ കച്ചവടം നടത്തുന്നുവെന്നാണ് ഹെഡ്ഡിംഗ്. വിവരമുള്ള ആളുകളെയാണ് യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കാൻ വയ്ക്കേണ്ടത്. കണ്ടെഴുതിയവനേയും കൊണ്ടെഴുതിയവനേയും നിയമിച്ചാൽ യൂണിവേഴ്സിറ്റിയുടെ സ്ഥിതി എന്തായിരിക്കും. "It is

LIBRARY ARCHIVES Kerala Legislative Assembly

learnt that one racketteer politician collected Rs. 30,000 from the brother of a girl candidate in Finance Minister K.M. Mani's quota." മുൻ ധനകാര്യ മന്ത്രി ശ്രീ. മാണി ഇപ്പോൾ ജനകീയ ഇറിഗേഷൻ മന്ത്രിയാണ്. നമുക്കെല്ലാം ഗുണം ചെയ്യാൻ പോകുകയാണ്. 'ആയിരം പുഷ്പങ്ങൾ ഒരുമിച്ച് വിടരട്ടെ' എന്ന് പറയുന്നതുപോലെ ആയിരം ഇറിഗേഷൻ പദ്ധതികൾ വികസിക്കട്ടെ എന്നു പറയുന്ന നമ്മുടെ ജനകീയ മന്ത്രിയുടെ കാലത്തായിലാണ് ഈ നിയമനം. അത് മാത്രമല്ല. ഓരോ മന്ത്രിക്കും നിയമനത്തിൽ കാലാ നിശ്ചയിച്ചിട്ടുണ്ട്. അത് തീരുമാനിക്കുന്നത് ഭരണകക്ഷിയിൽപ്പെട്ട ആളുകളാണ്. ഭരണകക്ഷി തുക വീതിച്ചെടുക്കുകയാണ്. ഇവിടെ വീതിക്കുന്നതുപോലെ തന്നെ ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ നിയമനങ്ങളിൽ വാങ്ങിക്കുന്ന പണവും വീതിച്ചെടുക്കുന്ന സ്ഥിതിവിശേഷമാണ് അവിടെ നിലനിൽക്കുന്നത്. ഇത് സംബന്ധിച്ച് സെനറ്റിൽ ഒരു പ്രമേയം വന്നു.

ശ്രീ. പി. പി. തങ്കച്ചൻ : സർ, അത് പത്രവാർത്ത മാത്രമാണ്. അത് നിഷേധിച്ചുകൊണ്ട് പിന്നീട് വന്ന പത്രങ്ങളിൽ വാർത്തയുണ്ടായിരുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : നിങ്ങൾക്ക് വല്ല ഗുണവുമുണ്ടോ. അത് നിഷേധിക്കുകയില്ല. വാങ്ങിയ ആളിനെ സെനറ്റ് യോഗത്തിൽ ഹാജരാക്കി ഗാന്ധിജി യൂണിവേഴ്സിറ്റി സെനറ്റ് യോഗത്തിൽ രൂപ വാങ്ങിയ ആളും മുപ്പതിനായിരം കൊടുത്തയാളും ഹാജരായി. There was a motion before the Senate.

ശ്രീ. കെ. സി. ജോസഫ് : സർ, പണം കൊടുത്തതായി പറയുന്ന ആളിന് നിയമനം കിട്ടിയതായി അറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : പണം കൊടുത്തയാളിന് നിയമനം കിട്ടാത്തതുകൊണ്ടാണ് അയാൾ പൈസ കൊടുത്ത കാര്യം പറഞ്ഞത്. പൈസ കയ്യിൽ വാങ്ങിച്ചിട്ട് ജോലി കൊടുത്തില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പറുടെ അറിവിലേക്ക് ഒരു കാര്യം പറയാം. അങ്ങനെ പത്രങ്ങളിൽ ആക്ഷേപം വന്നു. അതിനുശേഷം അതിനെക്കുറിച്ച് ഗവൺമെന്റ് വിശദീകരണം ചോദിക്കുകയുണ്ടായി. ശ്രീ. വി. കെ. രാജൻ ഉന്നയിച്ച ആക്ഷേപത്തിന് മറുപടിയായി അതിനെപ്പറ്റി ഞാൻ പറയുകയുണ്ടായി. ഗവൺമെന്റ് കൊടുത്ത നിർദ്ദേശപ്രകാരം അവിടെ നടത്തിയ സെസ്റ്റിന്റെ അടിസ്ഥാനത്തിൽ റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി, ആളുകളെ അടുത്തകാലത്ത് നിയമിച്ചു. അതിനെ സംബന്ധിച്ച് ഒരു പരാതിപോലും ഒരു ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. വളരെ ഭംഗിയായി, പെർഫെക്ടായി അത് നടത്തിയിട്ടുണ്ട്. എവിടെയെങ്കിലും ആരെങ്കിലും എന്തെങ്കിലും നടത്തിയിട്ടുണ്ട് എന്നു പറഞ്ഞ് നിയമസഭയിൽ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനെപ്പോലെയുള്ള ആളുകൾ പറയുന്നത് ശരിയല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ പറഞ്ഞത്, അങ്ങനെ നടന്ന നിയമനത്തിനേയും പത്രറിപ്പോർട്ടുകളുടേയും കാര്യമാണ്. ശ്രീ. ജേക്കബിനോട് ഞാൻ ചോദിക്കുകയാണ്. ഇൻഡ്യയിൽ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ എം. എൽ. എ. മാർ ഉൾപ്പെടുന്ന ഒരു സിൻഡിക്കേറ്റ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതായി ഉണ്ടോ ? ഇല്ല. ഇൻഡ്യയിൽ ഒരു സർവ്വകലാശാലയിലും എം. എൽ. എ. മാരും രാഷ്ട്രീയക്കാരും ഉൾപ്പെടുന്ന ഒരു സമിതി നിയമനം നടത്തുന്നതായിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ് : യൂണിവേഴ്സിറ്റിയുടെ ഭരണത്തിൽ സിൻഡിക്കേറ്റാണ് പരമാധികാര സമിതി. ആ സിൻഡിക്കേറ്റാണ് നിയമനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. കേരള യൂണിവേഴ്സിറ്റിയായാലും കാലിക്കട്ട് യൂണിവേഴ്സിറ്റിയായാലും ഗാന്ധിജി യൂണിവേഴ്സിറ്റിയായാലും നിയമനത്തെ സംബന്ധിച്ച് നമ്മുടെ സ്റ്റേറ്റ് തന്നെ അംഗീകരിച്ചിരിക്കുന്ന നിയമങ്ങൾക്ക് വിധേയമായിട്ടാണ് നിയമനങ്ങൾ നടത്തുന്നത്. സിൻഡിക്കേറ്റിന് വേണമെങ്കിൽടെസ്റ്റ് നടത്താൻ തീരുമാനിക്കാം, ഇന്റർവ്യൂ നടത്താം. ഇന്റർവ്യൂ നടത്തുമ്പോൾ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് ഹാജരാകുകയും ചെയ്യാം. അങ്ങനെകേരള യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും മാറ്റ് പല യൂണിവേഴ്സിറ്റികളിലും ഉണ്ടായിട്ടുണ്ട്. ഇതിന് മുമ്പും ഇതുപോലെ നടന്നിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇതിന്റെ നടപടിക്രമം എന്താണെന്ന് പറഞ്ഞാൽ സിൻഡിക്കേറ്റ് കൂടി സബ് കമ്മിറ്റിയെ വയ്ക്കും. അതിൽ പ്രധാനപ്പെട്ട പ്രിൻസിപ്പൽമാർ, വകുപ്പുമേധാവികൾ, ഫാക്കൽറ്റി ഡീൻസ് എന്നിവരാണ് സബ് കമ്മിറ്റിയിൽ വരിക. അല്ലാതെ ഈ രാഷ്ട്രീയക്കാരാരും ആ കമ്മിറ്റിയിൽ വരികയില്ല.

ശ്രീ. കെ. സി. ജോസഫ് : അങ്ങയെപ്പോലെ പ്രഗത്ഭനായ ഒരംഗം വസ്തുതകൾക്ക് നിരക്കാത്ത കാര്യങ്ങൾ പറയരുത്.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട രാധാകൃഷ്ണൻ, അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളുകൾ തന്നെ സിൻഡിക്കേറ്റ് മെമ്പർമാരായിട്ട് ഇവിടെ ഇരുപ്പുണ്ട്. അങ്ങയുടെ ആളുകൾ ഉൾപ്പെട്ട് നിയമനം നടത്തി ഇന്റർവ്യൂവിൽ പങ്കെടുത്തത്, ഞാൻ വേണമെങ്കിൽ പറഞ്ഞു തരാം.

ശ്രീ. പി. പി. തങ്കച്ചൻ : എം.എൽ.എ. മാരും രാഷ്ട്രീയക്കാരും മോശക്കാരാണെന്നാണോ അങ്ങയുടെ അഭിപ്രായം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, എം.എൽ.എ. മാരോ രാഷ്ട്രീയക്കാരോ മോശക്കാരാണെന്നോ യോഗ്യൻമാർ അല്ലെന്നോ ഞാൻ പറഞ്ഞില്ല. ഇവിടത്തെ വാദഗതി എന്താണെന്ന് വച്ചാൽ രാഷ്ട്രീയ വിമുക്തമായിരിക്കണം, യൂണിവേഴ്സിറ്റിയൂണിയൻ പാടില്ല, എല്ലാ രാഷ്ട്രീയക്കാരെയും കാമ്പസിന് പുറത്താക്കണം എന്ന പിന്തിരിപ്പനായ ഒരു ആശയഗതിയുടെ ചുവടുപിടിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസംഗിച്ചത്. രാഷ്ട്രീയത്തെ കച്ചവടച്ചരക്കാക്കി മാറ്റി ചില ആളുകൾ.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, മാറ്റ് യൂണിവേഴ്സിറ്റികളിലെ സിൻഡിക്കേറ്റ് അംഗങ്ങളെ നിയമന ബോഡിയിൽ വരുന്നത് തെരഞ്ഞെടുക്കപ്പെട്ട രീതിയിലാണ്. അതിൽനിന്നും വളരെയധികം വ്യവസ്തമായി എം.എൽ.എ. മാരും വക്കീലൻമാരുമൊക്കെയായ ഭരണകക്ഷിയുടെ ചട്ടുകങ്ങളായ ആളുകളെ നോമിനേറ്റ് ചെയ്തു. സിൻഡിക്കേറ്റിൽ കൊണ്ടുവന്നിട്ട് അവരെ നിയമിച്ചതിനെ ന്യായീകരിച്ചാൽ അംഗീകരിച്ചുകൊടുക്കാൻ കഴിയുമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, അംഗീകരിച്ചുകൊടുക്കാൻ കഴിയുകയില്ല. നിങ്ങൾ വൃഥാ ശ്രമം നടത്തുകയാണ്. ഇവിടെ തെരഞ്ഞെടുക്കപ്പെട്ടവരല്ല, നോമിനേറ്റ് ചെയ്യപ്പെട്ടവരാണുള്ളത്.

ശ്രീ. പി.പി. തങ്കച്ചൻ : ആളുകളുടെ സ്വഭാവത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടത്. തെരഞ്ഞെടുക്കപ്പെട്ട ആളുകളായാലും നോമിനേറ്റ് ചെയ്യപ്പെട്ട ആളുകൾ ആയാലും വ്യക്തിത്വവും സ്വഭാവവും, അല്ല ഏറ്റവും പ്രധാനപ്പെട്ട കാര്യം? തെരഞ്ഞെടുത്തു എന്നു കരുതി ആളുകളുടെ സ്വഭാവത്തിന് പ്രത്യേകത വേണം എന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ പറയുന്നത് ഒരു പൊതുത തത്തെക്കുറിച്ചാണ്. ഒരു പ്രവർത്തി നീതിപൂർവ്വകമായിരിക്കാം. എന്നാൽ അത് നീതിപൂർവ്വകമായി നടന്നുവെന്ന് നാട്ടുകാർക്ക് ബോധ്യപ്പെടണം. നീതി നടന്നാൽ പോര.

ശ്രീ. ടി. എം. ജേക്കബ് : സർ, 1967-ൽ അങ്ങ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. ആ കാലയളവിലാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുണ്ടായത്. ആ യൂണിവേഴ്സിറ്റിയിൽ സെനറ്റും സിൻഡിക്കേറ്റും നോമിനേറ്റ് ചെയ്യുകയാണോ ഉണ്ടായത്, അതോ തെരഞ്ഞെടുക്കപ്പെടുകയാണോയുണ്ടായത്? ഒരു യൂണിവേഴ്സിറ്റി നിലവിൽ വന്നാൽ ആദ്യത്തെ ബോഡി നോമിനേറ്റ് ചെയ്യാനേ സാദ്ധ്യമാകൂ : അത് കഴിഞ്ഞ് ഇലക്ഷൻ നടത്താം. അങ്ങേക്ക് ഓർമ്മയുണ്ടോ ? മുഖ്യമന്ത്രിയെ ഉപദേശിച്ച ആളായിരിക്കുമല്ലോ.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഓർമ്മയുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ആറു മാസത്തിനുമുമ്പു തെരഞ്ഞെടുപ്പു നടന്നു. നിങ്ങൾ കൊല്ലം രണ്ട് കഴിഞ്ഞിട്ടും നടത്തിയില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ മറുപടി പറയുമ്പോൾ വിശദമായി പറഞ്ഞുകൊള്ളാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : നിങ്ങൾ എന്തിനാണ് ഈ തെരഞ്ഞെടുപ്പിനെ ഇത്ര ഭയപ്പെടുന്നത്? പഞ്ചായത്തു തെരഞ്ഞെടുപ്പിനു ഭയം. മുനിസിപ്പൽ തെരഞ്ഞെടുപ്പിനു ഭയം. കോർപ്പറേഷൻ തെരഞ്ഞെടുപ്പിനു ഭയം. അതിനെല്ലാം ഇപ്പോൾ ബില്ല് കൊണ്ടുവരും. മാണിയുടെ വക മുനിസിപ്പൽ ബില്ല് പഞ്ചായത്തു ബില്ലിനേക്കാൾ 96 മാസമാണ് കൊണ്ടുവന്നിരിക്കുന്നത്. ഇനിയത് 108 മാസമാകും. ഇതുപോലെ കോർപ്പറേഷന്റെ കാലാവധി നീട്ടാൻ നിയമം. ഇങ്ങനെ ഈ രാജ്യത്തുള്ള എല്ലാ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളേയും നോമിനേറ്റഡ് സ്ഥാപനങ്ങളാക്കി എന്നുമാത്രമല്ല കാലാകാലങ്ങളിൽ ഈ സഭയിൽ അവയുടെയെല്ലാം കാലാവധി നീട്ടിത്തരാനുള്ള ഭേദഗതികളുമായിട്ടാണ് നിങ്ങൾ ഇവിടെ വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ഗതികേട് ഒന്ന് അവസാനിപ്പിക്കണം. ശ്രീമാൻ ഹസ്സനെപ്പോലുള്ള ആളുകളുടെ പ്രസംഗം എന്താണ്? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായി 28 മാസമായിട്ടും ഒരാളാണ് ഇരിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. നിങ്ങൾക്ക് തെരഞ്ഞെടുപ്പുണ്ടോ? നിങ്ങൾ ഏതെങ്കിലും സമിതിയിൽ എവിടെയെങ്കിലും തെരഞ്ഞെടുപ്പു നടത്തിയിട്ടുണ്ടോ? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലാ ഔദ്യോഗിക ഭാരവാഹികളും പൂർണ്ണമായും തെരഞ്ഞെടുക്കപ്പെടുന്നവരാണ്. സഖാവ് ശ്രീധരനെ ഐകകണ്ഠ്യേനയാണ് തെരഞ്ഞെടുത്തത്. അല്ലാതെ നോമിനേഷൻ അല്ല. നിങ്ങൾ ഒരു ഭാഗത്തു നോമിനേഷനെക്കുറിച്ച് കുറേ പറയുകയും മറുഭാഗത്ത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ തെരഞ്ഞെടുക്കപ്പെട്ട സെക്രട്ടറി പത്തിരുപത്തഞ്ചുകൊല്ലമായിട്ട് ആ സ്ഥാനത്തിരിക്കുന്നുവെന്ന് ആവലാതി പറയുകയും ചെയ്യുന്നതിനു വല്ല അർത്ഥവും ഉണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : ഒരു നേരിയ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ സഖാവ് എം. വി. രാഘവനെ പുറത്താക്കിയ ആളുകളല്ലേ നിങ്ങൾ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, പ്രണാബ് മുഖർജിയെ പുറത്താക്കിയത് എന്തിനായിരുന്നു? ഗുണ്ടുറാവുവിനെ പുറത്താക്കിയില്ലേ? പി. സി. സേഥിയെ പുറത്താക്കിയില്ലേ? അവർക്കൊരു ഷോക്കാസ് നോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും കൊടുത്തോ? പാവപ്പെട്ട അരുൺനെഹ്രുവിനെ ഒരു സുപ്രഭാതത്തിൽ മന്ത്രിസഭയിൽനിന്നും പുറത്തെറിഞ്ഞില്ലേ? നിങ്ങടെ ജനാധിപത്യത്തെക്കുറിച്ച് വല്ലതും പറഞ്ഞിട്ട് കാര്യമുണ്ടോ?

ശ്രീ. പി. പി. തങ്കച്ചൻ: സർ, മാർക്സിസ്റ്റ് പാർട്ടിയിൽ ഒരിക്കലും മൽസരം ഉണ്ടാകാറില്ലല്ലോ. ഒരിക്കലും തമ്മിൽ മൽസരിക്കാറില്ല. എപ്പോഴും ഐകകണ്ഠ്യേന ആണ് തെരഞ്ഞെടുപ്പ് അല്ലേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, മൽസരവും ഉണ്ടാകും. മൂന്നു പക്ഷത്തിന്റെ തീരുമാനം നടപ്പിൽ വരും. അതാണ് ഞങ്ങളുടെ ജനാധിപത്യം. പി.പി. തങ്കച്ചനു് മനസിലാവുകയില്ല. മാർക്സിസ്റ്റ് പാർട്ടിയിൽ മൽസരം ഉണ്ടിയിട്ടുണ്ട്. മാത്രവുമല്ല മുകളിൽനിന്നും ആളെ നിശ്ചയിക്കുന്ന പരിപാടി മാർക്സിസ്റ്റ് പാർട്ടിക്കില്ല. എല്ലാ കമ്മിറ്റികളിലും, ബ്രാഞ്ചുമുതൽ സെൻട്രൽ കമ്മിറ്റിവരെയുള്ള അംഗങ്ങളെ പ്രതിനിധികൾ തെരഞ്ഞെടുക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഏറണാകുളത്തുകാരനായ ലോറൻസിനെ ഇടുക്കിജില്ലയിലെ സെക്രട്ടറി സ്ഥാനത്തേക്ക് പോസ്റ്റ് ചെയ്യുകയല്ലേ ചെയ്തത്? അതോ ട്രാൻസ്ഫറാണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, മി. തങ്കച്ചൻ ഇതു പറഞ്ഞല്ലോ. കെ.സി. ജോസഫിനെ നിങ്ങൾ എവിടെനിർത്തി? ജോസഫിനെ നിങ്ങൾ അടിതോണ്ടല്ലേ. പാവം ഇനിയെങ്കിലും പോയി അവിടെ നിന്നുകൊള്ളട്ടെ.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ തെരഞ്ഞെടുപ്പിൽ ജയിച്ചുവന്നയാളാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ. കോൺഗ്രസ് (ഐ)-ൽ തെരഞ്ഞെടുപ്പുനടത്താൻ സാധിക്കാത്തത് തെരഞ്ഞെടുപ്പുനടത്തിയാൽ അടിയും വെടിവയ്പ്പുമായതുകൊണ്ടാണ്. അതുകൊണ്ട് കോൺഗ്രസ് (ഐ) നേതാക്കൻമാർക്ക് ബുള്ളറ്റ് പ്രൂഫ് വസ്ത്രം കൊടുക്കുന്നതിനുവേണ്ടി ഉത്തർപ്രദേശ് ഗവൺമെന്റ് 100 ബുള്ളറ്റ് പ്രൂഫ് വസ്ത്രങ്ങൾക്കുവേണ്ടി ഓർഡർ ചെയ്തത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: മെമ്പർ ഇതിനൊന്നും മറുപടി പറയേണ്ട. ബില്ലിൽ ഒതുങ്ങിനിന്നുസംസാരിച്ച് അവസാനിപ്പിക്കുക.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ചുരുക്കുകയാണ്. വളരെ മോശപ്പെട്ട നിലയിൽ സിൻഡിക്കേറ്റിന്റെ പ്രവർത്തനം പോകുന്നതിനെ നേരെയാക്കാനുള്ള ഒരു ശ്രമം ഈ 30 മാസത്തെ കാലാവധിക്കുള്ളിൽ മന്ത്രി നടത്തണം. ഇനിയെങ്കിലും ഈ നിയമത്തിന്റെ കുറവുകളും കുറവുകളും പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കാൻ ഗവൺമെന്റു തയ്യാറാകണം. എന്നുമാത്രമല്ല യൂണിവേഴ്സിറ്റി വൈസ്ചാൻസലർക്ക് അധികാരമില്ലാത്തതുകൊണ്ടാണ് നമ്മളിവിടെ പാസാക്കേണ്ടി വരുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഈ ആരോപണങ്ങളെ സംബന്ധിച്ച് പൂർണ്ണമായും അന്വേഷണം നടത്തി മേലിൽ ഈ സ്ഥാപനത്തിൽ ഇത്തരം കുഴപ്പങ്ങളുണ്ടാകാതെ ശ്രദ്ധിക്കണം. സംശുദ്ധമായ ഒരു ഭരണരീതി ആ സ്ഥാപനത്തിൽ ഉണ്ടാകണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹംകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ആറുമാസക്കാലാവധി വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ശരിയായ നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനു വേണ്ടി സർക്കുലേറ്റ് ചെയ്യണമെന്നുള്ള ഈ പ്രമേയത്തെ ഞാൻ ഒരിക്കൽ കൂടി ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. എം. വി. മാണി : സർ, നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്ത്, (ഒപ്രമറി വിദ്യാഭ്യാസ രംഗമായാലും സെക്കൻഡറി വിദ്യാഭ്യാസരംഗമായാലും ഉന്നതവിദ്യാഭ്യാസരംഗമായാലും സാങ്കേതിക വിദ്യാഭ്യാസ രംഗമായാലും കഴിഞ്ഞ നാലു വർഷം വൻപിച്ച പുരോഗതി ഉണ്ടാക്കിയ കാലഘട്ടമാണ്. അതിന് ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഗവൺമെൻറിനെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ ഗവൺമെൻറിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളിലൊന്നാണ് ഗാന്ധിജി യൂണിവേഴ്സിറ്റി എന്നുള്ള കാര്യം ഞാൻ അഭിമാനത്തോടുകൂടി സ്മരിക്കുന്നു. നമ്മുടെ രാജ്യത്ത് യൂണിവേഴ്സിറ്റിയുടെ ആവശ്യകത വളരെയധികം വാഴ്ത്തിച്ചു വരുന്നു. പരീക്ഷകളുടെ നടത്തിപ്പിനും, ഉന്നത വിദ്യാഭ്യാസരംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും യൂണിവേഴ്സിറ്റികളുടെ അഭാവം ഒരു പ്രശ്നം തന്നെയായിരുന്നു. പല ഗവൺമെൻറുകളും ഈ കാര്യത്തെക്കുറിച്ച് ആലോചനകളൊക്കെ നടത്തിയിരുന്നുവെങ്കിലും ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷമാണ് ഗാന്ധിജി യൂണിവേഴ്സിറ്റി സഫലമായത്. ഗാന്ധിജി യൂണിവേഴ്സിറ്റി ഉണ്ടായശേഷം ഇന്നുവരെ അതിന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മിഷന്റെ ഗ്രാൻറ് കിട്ടിയിട്ടില്ല. അത് ഗവൺമെൻറിന്റെ കഴിവുകേടാണെന്ന് പറഞ്ഞ് ഒരു വശത്ത് പ്രതിപക്ഷം ഗവൺമെൻറിനെ കുറ്റപ്പെടുത്തുന്നു. ഗ്രാൻറ് കിട്ടാത്ത കാര്യങ്ങൾ എന്താണെന്ന് പറയുമ്പോൾ അതിനെ അനുകൂലിക്കാത്ത രീതിയിൽ ഗവൺമെൻറിനെ കുറ്റം പറയുക എന്നുള്ള രാഷ്ട്രീയമായ നിലപാടാണ് ഇന്നുവരെ പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. ഞാൻ അത് ഖേദപൂർവ്വം ഓർക്കുകയാണ്. ഗാന്ധിജി യൂണിവേഴ്സിറ്റി ഉണ്ടായശേഷം യു. ജി. സി. യുടെ ഗ്രാൻറ് കിട്ടിയിട്ടില്ലെന്ന് പറയുന്നത് സത്യമാണ്. എന്തുകൊണ്ടാണ് ഗ്രാൻറ് കിട്ടാത്തത് ? എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. വർക്കല രാധാകൃഷ്ണൻ, ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ നോമിനേറ്റ് ചെയ്ത അംഗങ്ങളും വലിയ അക്കാഡമിഷ്യൻസല്ല, യു. ജി. സി. പറഞ്ഞമാതിരിയുള്ളവരല്ല എന്ന് കുറ്റപ്പെടുത്തി. അതേ സമയം യൂണിവേഴ്സിറ്റിയുടെ ജനായത്ത സ്വഭാവം അല്ലെങ്കിൽ ഗവൺമെൻറിന് യൂണിവേഴ്സിറ്റിയുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു എന്നും കുറ്റം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഗാന്ധിജി യൂണിവേഴ്സിറ്റി നിലവിൽ വന്നപ്പോൾ ഗവൺമെൻറിന് യൂണിവേഴ്സിറ്റിയിലുള്ള നിയന്ത്രണം നിലനിർത്തുന്നതിനും യൂണിവേഴ്സിറ്റിയുടെ നല്ല രീതിയിലുള്ള നടത്തിപ്പിനും ജനായത്ത സ്വഭാവം നിലനിർത്തുന്നതിനും വേണ്ടിയാണ് ഗവൺമെൻറ് ഇവിടെ ഈ ബില്ല് കൊണ്ടുവന്നത്. അതനുസരിച്ചാണ് ഗാന്ധിജി യൂണിവേഴ്സിറ്റി നിലവിൽ വന്നത്. പക്ഷെ യു. ജി. സി. ഈ കാര്യത്തിൽ വലിയ കടുംപിടിത്തം തന്നെ പിടിച്ചു. അതിന് ഗവൺമെൻറിനെയോ വിദ്യാഭ്യാസമന്ത്രിയെയോ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. യു. ജി. സി. വളരെ സ്പെസിഫിക്കായിട്ട് തന്നെ, സിൻഡിക്കേറ്റിനെയും അതിന്റെ സംഘടനയെയും സെനറ്റിന്റെ അധികാരങ്ങളേയും കുറിച്ച് വളരെ കർക്കശമായ രീതിയിൽ ഗവൺമെൻറിന് പ്രത്യേകം നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. ഗവൺമെൻറ് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഈ കാര്യത്തിൽ യു. ജി. സി. യുമായി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. അവരുടെ നിർദ്ദേശങ്ങളും ഉന്നത വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

രംഗത്ത് അതാതു കാലത്ത് ഗവൺമെൻറിനുള്ള നിയന്ത്രണം ഇല്ലാതാക്കുന്നു. അതുമൂലം അതിൻറെ ജനായത്ത സ്വഭാവവും നശിക്കുന്നു. അതുകൊണ്ട് യു.ജി.സി.ക്ക് ഈ കാര്യത്തിൽ കടുംപിടിത്തം പിടിക്കാൻ ഒക്കുകയില്ല. അത് മാറണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ പകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വളരെ ശക്തമായി കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. പക്ഷെ നിർഭാഗ്യവശൽ യു.ജി.സി. അവരുടെ തീരുമാനത്തിൽ നിന്നും ഒട്ടും പിന്നോക്കം പോയില്ല. യു.ജി.സി പറഞ്ഞ തീരുമാനങ്ങൾ നടപ്പിലാക്കാത്തതുകൊണ്ട് അവരുടെ ഗ്രാൻറ് ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് നിഷേധിക്കുകയുണ്ടായി. ഈ കാര്യത്തിനുവേണ്ടി ബഹുമനപ്പെട്ട വിദ്യാഭ്യാസ മന്ത്രി അദ്ദേഹത്തിൻറെതായിട്ടുള്ള രീതിയിൽ ഗവൺമെൻറിൻറെ നിലപാട് യു.ജി.സി യെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിന് സമ്മർദ്ദം ചെലുത്തി. പക്ഷെ യു.ജി.സി. കേന്ദ്ര ഗവൺമെൻറിൻറെ വിദ്യാഭ്യാസ നയത്തിൻറെ ഭാഗമായിട്ട് ഈ കാര്യത്തിൽ ഒരു കടുംപിടിത്തം തന്നെ പിടിക്കുകയുണ്ടായി. അതുകൊണ്ടല്ലേ നമുക്ക് ഈ ഗ്രാൻറ് കിട്ടാതിരുന്നത്? ഗവൺമെൻറ്, പ്രതിപക്ഷവും മറ്റെല്ലാ കക്ഷികളും പറഞ്ഞതനുസരിച്ചാണ് ഇക്കാര്യത്തിൽ നീങ്ങിയത്. ഈ കാര്യത്തിൽ ഗവൺമെൻറ് അലംഭാവം കാണിച്ചിട്ടില്ല. അതിൽ, ഒരു വിധത്തിലും, ജനായത്ത സ്വഭാവം നശിപ്പിക്കുന്നതിനോ ഗവൺമെൻറിൻറെ കൺട്രോൾ നശിപ്പിക്കുന്നതിനോ ഉള്ള ഒരു കാര്യവും ഉദ്ദേശിച്ചിരുന്നില്ല. അത് വേണമെന്ന് വാദിക്കുകയാണ് ചെയ്തത്. അതിനു വേണ്ടി നിർബന്ധം പിടിക്കുകയും ചെയ്തു. പക്ഷെ യു.ജി.സി. അവർ പറഞ്ഞ കാര്യങ്ങൾ ചെയ്തില്ലെങ്കിൽ, സിൻഡിക്കേറ്റിൻറെയും സെനറ്റിൻറെയും അധികാരങ്ങളിൽ അവർ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കിയില്ലെങ്കിൽ ഗ്രാൻറ് തരില്ലെന്ന് കർക്കശമായി നിന്നതുകൊണ്ടാണ് നമുക്ക് ഗ്രാൻറ് കിട്ടാതെ വന്നത്. അതുകൊണ്ടാണ് നമ്മൾ പിന്നീട് ഒരു ഭേദഗതിയിലേക്ക് പോകാൻ തീരുമാനിച്ചത്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല പ്രതിപക്ഷം വാസ്തവത്തിൽ ഈ കാര്യത്തിൽ ഗവൺമെൻറ് എടുത്ത നിലപാടിനെ പ്രശംസിക്കുകയാണ് വേണ്ടത്. നിങ്ങൾ അതിൻറെ രണ്ടു വശവും പറയും. കുറവും പറയും അതിൻറെ പ്രായോഗികമായ ഭേദഗതികളും കൊണ്ടുവരുമ്പോൾ അതിനേയും കുറ്റം പറയും. തീർച്ചയായും അത് രാഷ്ട്രീയമായ ലക്ഷ്യത്തോടുകൂടി പറയുന്നതാണ്. പ്രതിപക്ഷം. ഇത് രാഷ്ട്രീയമായിത്തന്നെ കൈകാര്യം ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾക്ക് യൂണിവേഴ്സിറ്റികളുടെ പുരോഗതിയല്ല ലക്ഷ്യം എന്നുള്ളത് വളരെ സ്പഷ്ടമാണ്. അതല്ലായിരുന്നുവെങ്കിൽ ഈ കാര്യത്തിൽ നിങ്ങൾ ക്രിയാത്മകമായ സമീപനം സ്വീകരിക്കുമായിരുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തും വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. അതിൻറെ പ്രകടമായ തെളിവുകൂടിയാണ് ഗാന്ധിജി യൂണിവേഴ്സിറ്റി. ഉന്നത വിദ്യാഭ്യാസരംഗത്ത് കൂടുതൽ മികവ് സൂക്ഷം അനുവദിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമൊക്കെ ഒരു കാലത്തെയും കാൾ കൂടുതൽ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത്, ഇന്നത്തെ കാലത്തെ അവശ്യകത ശാസ്ത്ര സാങ്കേതിക രംഗത്ത് വലിയ വളർച്ച ഉണ്ടാക്കുക എന്നുള്ളതാണ്. നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നമ്മുടെ രാജ്യത്ത് വ്യാവസായിക പുരോഗതി ഉണ്ടാക്കുന്നതിനും ശാസ്ത്ര സാങ്കേതിക രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കുന്നതിനും വിദ്യാസമ്പന്നൻമാരായ നമ്മുടെ ചെറുപ്പക്കാർക്ക് ആ മേഖലയിലേക്ക് തിരിഞ്ഞ് പോകുന്നതിനുമൊക്കെ അതുവഴി സാധിക്കും. നമ്മുടെ സംസ്ഥാനത്തു

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള സാദ്ധ്യത മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവായിരുന്നു. നമുക്ക് മൂന്നു നാല് എഞ്ചിനീയറിംഗ് കോളേജുകളും ഉണ്ടായിരുന്നു. കൂടാതെ കുറെ പോളിടെക്നിക്കുകളും എ. ടി. ഐ. കളുമൊക്കെ ഉണ്ടായിരുന്നു. എങ്കിലും ശാസ്ത്ര സാങ്കേതിക രംഗത്ത് വലിയ ലക്ഷ്യം വച്ചുകൊണ്ട് പുരോഗതി ഉണ്ടാക്കുന്നതിന് പ്രത്യേകിച്ച് ഗവേഷണത്തിനൊക്കെ ഇവിടെ സൗകര്യങ്ങളും കുറവായിരുന്നു, കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഏതാണ്ട് അറുപത്തിരണ്ടോളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്ത് തുടങ്ങാൻ സാധിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളുംപ്പെടെ പോളിടെക്നിക്കുകളുംയിട്ടും ഐ. ടി. ഐ. കളായിട്ടും ഉള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുംതന്നെ ഈ ഗവൺമെൻറ് തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ ഒരു കാലത്തും ഉണ്ടായിട്ടില്ല. ഈ കൊല്ലം മുപ്പത്തിനാലോളം സാങ്കേതിക കോഴ്സുകളും തന്നെ ഗവൺമെൻറ് തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ദിവസം കൊച്ചിൻ യൂണിവേഴ്സിറ്റി ബില്ലിനെപ്പറ്റി സംസാരിച്ചപ്പോഴും അതിനെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചുമൊക്കെ അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായി. എങ്കിൽത്തന്നെയും നമ്മുടെ സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്തുന്നതിനു വേണ്ടിയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റിയാക്കി മാറ്റിയത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉണ്ടാകാൻ പോകുന്ന പ്രയോജനം നമ്മെ വരുംകാലങ്ങളിൽ കാണുവാൻ പോവുകയാണ്. ഒരു യൂണിവേഴ്സിറ്റിയുടെ ഘടനയെയും അതിന്റെ സിൻഡിക്കേറ്റിനെയും സെനറ്റിനെയും സംബന്ധിച്ച് യു. ജി. സി. ചില കാര്യങ്ങളിൽ കടുംപിടിത്തം പിടിച്ചുകൊണ്ട് ചെയ്തതുകൊണ്ട് യു. ജി. സി. ഗ്രാൻറ് തരില്ലെന്നുള്ള ഭീഷണിയുമായി അവർ നിന്നപ്പോൾ ആ കാരണംകൊണ്ട് നമുക്ക് ഒരു സാങ്കേതിക യൂണിവേഴ്സിറ്റി കിട്ടാവുന്നത് നഷ്ടപ്പെടാൻ ഒക്കുകയില്ലെന്ന് ഗവൺമെൻറ് കണ്ടുകൊണ്ട് മനസ്സില്ലായിരുന്നെങ്കിൽ തന്നെയും യു. ജി. സി യുടെ നിർബന്ധത്തിനു ഗവൺമെൻറ് വഴങ്ങി. അത് സത്യമാണ്. കാരണം, കൊച്ചിൻ സാങ്കേതിക യൂണിവേഴ്സിറ്റിക്ക് യു. ജി. സി. യുടെ ഗ്രാൻറ് ഗ്രാന്ധിജി യൂണിവേഴ്സിറ്റിക്ക് തരാത്തമാതിരി തരാതിരിക്കുന്ന സ്ഥിതിയുണ്ടാകും. നമുക്ക് കിട്ടാവുന്ന ഒരു ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം നഷ്ടപ്പെടരുതെന്ന ഉദ്ദേശംകൊണ്ടാണ് ഗവൺമെൻറ് അതിനു വഴങ്ങിയത്.

ശ്രീ. ഇ. പത്മനാഭൻ : വിദ്യാഭ്യാസം എന്നുള്ളത് നമ്മുടെ രേണഘടനയിൽ നിർവചിക്കപ്പെട്ടിട്ടുള്ള കൺകറൻറ് ലിസ്റ്റിൽപ്പെട്ടതാണ്. യു. ജി. സി. യുടെ സൗജന്യമനുസരിച്ച് തരുന്നതോ തരാത്തിരിക്കുന്നതോ ആയിട്ടുള്ള ഒരു വിഷയമല്ല അത്. യു. ജി. സി. അനാവശ്യമായി എന്തെങ്കിലും പറഞ്ഞുപെങ്കിൽ രേണഘടനാപരമായി സ്റ്റേറ്റിനുള്ള അവകാശം ഉപയോഗിച്ചുകൊണ്ട് അതിന് പരിഹാരം കണ്ടുകൂടേ ?

ശ്രീ. എം. വി. മാണി : കൺകറൻറ് ലിസ്റ്റിൽപ്പെട്ട സ്റ്റേറ്റിന്റെ അധികാരങ്ങളും ഉപയോഗിച്ച് ചെയ്യാം എന്നുള്ളത് സമ്മതിച്ചു. പക്ഷെ അങ്ങേക്ക് കൂടി അറിയാവുന്നതാണ് നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ കഴിവിൽ കൂടുതൽ പണം ഇന്ന് ചെലവാക്കിക്കൊണ്ടിരിക്കുകയാണെന്നത്. ഇനി ഇതിൽ കൂടുതൽ പണം വിദ്യാഭ്യാസ രംഗത്ത് ചെലവാക്കുകയെന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. നേരെ മറിച്ച് യു. ജി. സി. നമുക്ക് ഗ്രാൻറായിത്തന്നെയാണ് തരുന്നത്. ആ ഗ്രാൻറ് നമുക്ക് നഷ്ടപ്പെട്ടാൽ നമ്മുടെ സംസ്ഥാനത്തിന്റെ വരവിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും കൂടുതൽ പണം ചെലവാക്കേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ട് നമ്മെ മനസ്സിലാക്കണം. പല നല്ല ആശയങ്ങളും നമുക്ക് പലർക്കും ഉണ്ടെങ്കിലും പല കാരണങ്ങളാലും അത് നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സാമ്പത്തികം. ആ കാര്യം നമ്മെ മറച്ചുവച്ചിട്ട് കാര്യമില്ല.

ശ്രീ. ഇ. പത്മനാഭൻ : സ്റ്റേറ്റിന്റെ അധികാര പരിധിയിലേക്കുള്ള കടന്നുകയറ്റമാണെന്ന് തോന്നുന്നുണ്ടോ ?

ശ്രീ. എം. വി. മാണി : ഇൻഡ്യ ഒട്ടാകെ യു. ജി. സി. ക്കുള്ള നയം അതാണ്. കേരളാ സ്റ്റേറ്റിന്റെ പ്രത്യേക നയമല്ല. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കാര്യത്തിലും ഗന്ധിജി യൂണിവേഴ്സിറ്റിയുടെ കാര്യത്തിലും നമ്മുടേതായ എതിർപ്പുകളും പ്രതിഷേധങ്ങളും ഗവൺമെന്റ് അതാതു സമയങ്ങളിൽ യു. ജി. സി. യെ അറിയിച്ചിട്ടുണ്ട്. അതിൽ യാതൊരു സംശയവുമില്ല. പക്ഷെ യു. ജി. സി. അഖിലേൻഡ്യാതലത്തിലെടുക്കുന്ന തീരുമാനത്തിന്റെ അല്ലെങ്കിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യ കൊടുക്കുന്നഡയറക്ഷൻസിന്റെ ഭാഗമായിട്ടാണ് ഈ നിർദ്ദേശങ്ങൾ വച്ചത്. അതുകൊണ്ട് തന്നെയാണ് കൊച്ചി സാങ്കേതിക യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ചില ഭേദഗതികൾ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിച്ചതിൽ നിന്ന് മാറാൻ നിർബന്ധിതമായത്. നമ്മുടെ യൂണിവേഴ്സിറ്റികൾ ആട്ടോണമസ് ആയിരിക്കണമെന്നുള്ള കാര്യത്തിൽ എനിക്ക് വ്യക്തിപരമായ അഭിപ്രായമുണ്ട്. എങ്കിലും യൂണിവേഴ്സിറ്റിയുടെ നയപരമായ കാര്യങ്ങളിൽ —ടൈംടേബിൾ കാര്യങ്ങളിൽ— ഗവൺമെന്റ് ഇടപെടരുതെങ്കിലും ഗവൺമെന്റിന് നിയന്ത്രണം വേണം. ആ നിയന്ത്രണമില്ലെങ്കിൽ, ആട്ടോണമസ് എന്നുള്ള പേരിൽ അവിടെയിരിക്കുന്ന ജനങ്ങളുമായി ബന്ധമില്ലാത്തവർ, ഈ രാജ്യത്തിന്റെ ആവശ്യങ്ങളൊക്കെ മറന്നുകൊണ്ട് ചില രീതിയിലുള്ള പ്രവർത്തനങ്ങളൊക്കെ നടത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനൊരു ഉദാഹരണമാണ് ശ്രീ. ലോനപ്പൻ നമ്പാടൻ ഒരു സബ്മിഷൻ വഴി ഇവിടെ ഉന്നയിച്ചത്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ രണ്ടാം വർഷ ഡിഗ്രിക്ക് പഠിപ്പിക്കുന്ന ഉപപാഠപുസ്തകത്തിന്റെ കാര്യമാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. ക്രിസ്തുവിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന വളരെ തെറ്റായ, ദോഷമായ പരാമർശനങ്ങളും ഉള്ള അത്തരം പുസ്തകങ്ങൾ ഗവൺമെന്റിന്റെ നിയന്ത്രണമുണ്ടായിരുന്നുവെങ്കിൽ പഠിക്കാൻ ഉൾപ്പെടുത്തുമായിരുന്നില്ല. അവർ ആ പുസ്തകങ്ങൾ സെലക്ട് ചെയ്തത് ഗവൺമെന്റിനോട് ചോദിച്ചുകൊണ്ടല്ല. ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നപ്പോൾ, ഗവൺമെന്റിന് അതിനകത്ത് വലിയ നിയന്ത്രണമില്ലെങ്കിലും ആ പുസ്തകം പിൻവലിക്കുന്നതിനും ഗവൺമെന്റ് ആവേശം കൂട്ടുന്നു. ഒരു ആട്ടോണമസ് ബോഡി, എന്നുള്ള രീതിയിൽ കാലിക്കട്ട് യൂണിവേഴ്സിറ്റി ഈ കാര്യത്തിൽ എന്തു ചെയ്യുമെന്ന് എനിക്കറിയില്ല. പല കോളേജുകളിൽ നിന്നും ഞാൻ മനസ്സിലാക്കിയത്, കാലിക്കട്ട് യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്കു തന്നെ ഈ കാര്യം എഴുതിക്കൊടുത്തതാണ് എന്നാണ്. അദ്ദേഹം ആ കാര്യം ആദ്യം ഗൗനിച്ചില്ല. അത് വളരെ ഗൗരവമുള്ള കാര്യമാണ്. ഒരു വിഭാഗം ജനങ്ങളുടെ വികാരങ്ങളെ വളരെ ദോഷപ്പെട്ട രീതിയിൽ ഉത്തേജിപ്പിക്കുന്ന തരത്തിലുള്ള ഒരു പാഠപുസ്തകം ഗവൺമെന്റ് അറിയാതെ പ്രസിദ്ധീകരിച്ച് പഠിപ്പിക്കുവാൻ അനുവദിക്കുകയും അതിനുശേഷം വളരെ മോശമായ ആ പരാമർശനം മാറണമെന്ന് പറയുകയും ചെയ്തു. പല കോളേജുകളിലെയും പ്രിൻസിപ്പൽമാർ കാലിക്കട്ട് യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്ക് എഴുതിക്കൊടുത്തു. പക്ഷേ വൈസ് ചാൻസലർ അതിനെപ്പറ്റി യാതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ചില്ല. ഗവൺമെൻറ് ഈ കാര്യത്തിൽ വൈസ് ചാൻസലറുടെ നടപടിയെ സംബന്ധിച്ച് ഗൗരവപൂർവ്വം അന്വേഷിക്കുകയും വൈസ് ചാൻസലർ എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അദ്ദേഹത്തിനെതിരെ തക്കതായ നടപടി എടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളത്. ഇത്രമാത്രം ലാഘവബുദ്ധിയോടെ വൈസ് ചാൻസലർ ആ കാര്യം കണ്ടെങ്കിൽ അത് വളരെ അക്ഷന്തവ്യമായ തെറ്റായിപ്പോയി. അതുകൊണ്ട് ഗവൺമെൻറ് ഗൗരവപൂർവ്വം ഈ കാര്യം പരിഗണിക്കണം. നമ്മുടെ യൂണിവേഴ്സിറ്റികളിൽ ചില നയപരമായ കാര്യങ്ങളിൽ ഗവൺമെൻറിന് നിയന്ത്രണം വേണം. പണം കൊടുക്കാനും മറ്റുമുള്ള ജനകീയസംവിധാനം ഉള്ളപ്പോൾ ഗവൺമെൻറിന് യൂണിവേഴ്സിറ്റിയുടെമേൽ ചില നിയന്ത്രണങ്ങൾ വളരെ ആവശ്യമാണ്. അത് കാലിക്കട്ട് യൂണിവേഴ്സിറ്റിയായാലും കൊച്ചിൻ യൂണിവേഴ്സിറ്റിയായാലും കേരള യൂണിവേഴ്സിറ്റിയായാലും ഗാന്ധിജി യൂണിവേഴ്സിറ്റിയായാലും വേണം. അതുകൊണ്ട് പല യൂണിവേഴ്സിറ്റികൾക്കും പ്രത്യേകം നിയമനിർമ്മാണം വേണം. ഇതുതന്നെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഓരോ യൂണിവേഴ്സിറ്റിക്കും അതിനേതായ പ്രത്യേക നിയമങ്ങൾ ഉള്ളതുകൊണ്ട് എന്തു തോന്ന്യാസവും കാണിക്കാം. അതിനുള്ള സൗകര്യം അവിടെയുണ്ട്. ഒരു ഏകീകൃതമായ യൂണിവേഴ്സിറ്റി നിയമം നമ്മുടെ രാജ്യത്ത് വളരെ ആവശ്യമാണ്. നമ്മുടെ എല്ലാ യൂണിവേഴ്സിറ്റികൾക്കും ഒരേ രീതിയിലുള്ള നിയമം വേണം. അത് യൂണിവേഴ്സിറ്റിയുടെ നടത്തിപ്പിനും ഗവൺമെൻറിൻെറ നിയന്ത്രണത്തിനും വളരെ സൗകര്യപ്രദമാണ്. അതുകൊണ്ട് ഓരോ യൂണിവേഴ്സിറ്റിക്കും പ്രത്യേകം പ്രത്യേകം നിയമനിർമ്മാണം എന്നുള്ള രീതി മാറ്റിക്കൊണ്ട് ഒരു ഏകീകൃത യൂണിവേഴ്സിറ്റി നിയമം അടിയന്തിരമായി കൊണ്ടുവരേണ്ടതു് ഏറ്റവും ആവശ്യമാണ്.

നമ്മുടെ സംസ്ഥാനത്ത് വളരെയധികം ഒച്ചപ്പാടുണ്ടാക്കിയ കാര്യമാണ് പ്രീ-ഡിഗ്രി ബോർഡ് രൂപീകരണം. അത് നമുക്ക് അറിയാം. പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിൽ ഇവിടെ ആർക്കും ഒരെതിർപ്പും ഉണ്ടായിട്ടില്ല; അത് ഒരു സത്യമാണ്. ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും ഈ രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ആർക്കും പ്രീ-ഡിഗ്രി ബോർഡിൻെറ ആവശ്യകതയെപ്പറ്റി യാതൊരുവിധമായ അഭിപ്രായവ്യത്യാസവുമില്ല. അത് ഗവൺമെൻറ് ഉദ്ദേശശുദ്ധിയോടെ നടപ്പിലാക്കാൻ വന്നപ്പോഴും, അതിൽ അല്പസ്വല്പം പാളിച്ചകൾ ഉണ്ടായി. അതിനെതിരായ—ഗവൺമെൻറിനെതിരായ—പ്രചരണങ്ങളാണ് ഇവിടെ പ്രതിപക്ഷം നടത്തുന്നത്. അങ്ങനെ പോകുന്നതു് വളരെ കഷ്ടമാണ്. നിങ്ങൾക്കാർക്കും പ്രീ-ഡിഗ്രി ബോർഡിൽ എതിർപ്പില്ലല്ലോ? ഒരു നിയമ നിർമ്മാണമോ പുതിയ പരിഷ്ക്കാരമോ ആദ്യം വരുമ്പോഴും, പ്രത്യേകിച്ച് കേരളത്തിൽ, വിദ്യാഭ്യാസ മേഖലയിൽ ആദ്യം വരുത്തുന്ന മൗലിക പരിഷ്ക്കാരം വരുമ്പോഴും അല്പസ്വല്പം പാകപ്പിഴകൾ ഉണ്ടാകും. അത് സ്വാഭാവികമാണ്. അത് ആരു കൊണ്ടുവന്നാലും ഉണ്ടാകും. പക്ഷെ അതിൻെറ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നതു് വളരെ കഷ്ടമായിപ്പോയി. അങ്ങനെ വന്ന ഒരു പാകപ്പിഴയെ ഊതി വീർപ്പിച്ചുകൊണ്ട് അതിനെ രാഷ്ട്രീയമായി കണ്ടുകൊണ്ട് പ്രതിപക്ഷം എതിർത്തത് വളരെ നിർഭാഗ്യകരമായിപ്പോയി. ഞാൻ ഇതു പറയാൻ കാരണം, നമ്മുടെ സർവ്വകക്ഷികളും സർവ്വ വിദ്യാഭ്യാസ വിചക്ഷണൻമാരും ഒരേ രീതിയിൽ അനുകൂലിച്ച, അത്രമാത്രം നല്ല പരിഷ്ക്കാരമാണ് അത്. ആ കാര്യം നടപ്പിലാക്കുമ്പോൾ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞല്ലോ, സർവ്വ വിദ്യാഭ്യാസ വിചക്ഷണൻമാരും പ്രീ-ഡിഗ്രി ബോർഡിനെ അനുകൂലിച്ചു എന്ന്. എന്നാൽ കേരളത്തിലെ വിദ്യാഭ്യാസ വിചക്ഷണൻമാരായ സി. ഐ. ടി. യു. ക്കാർ ഇതിന് എതിരായിരുന്നു എന്ന് അങ്ങയ്ക്കറിയാമോ ?

ശ്രീ. എം. വി. മാണി : സി.ഐ.ടി.യു. ക്കാർ വിദ്യാഭ്യാസവിചക്ഷണൻമാരാണോ അല്ലയോ എന്നുള്ള കാര്യം ഞാൻ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ : കേരള ഗവൺമെൻറിന്റെ പ്രധാനപ്പെട്ട ഘടകകക്ഷിയായ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് പ്രീ-ഡിഗ്രി ബോർഡിന് എതിരാണെന്നുള്ള കാര്യം അങ്ങയ്ക്കറിയാമോ ?

ശ്രീ. എം. വി. മാണി : ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് അങ്ങനെ പറഞ്ഞതായി എന്റെ അറിവിലില്ല. ശ്രീ താമരാക്ഷൻ എങ്ങനെ അറിഞ്ഞുവെന്ന് എനിക്കറിയില്ല. ഇവിടെ ആരും, തന്നെ പ്രീ-ഡിഗ്രി ബോർഡിനെ തത്വത്തിൽ എതിർത്തിട്ടില്ല.

ശ്രീ. കെ. പി. എ. മജീദ് : ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിൽ യാതൊരു എതിർപ്പും പ്രകടിപ്പിച്ചിട്ടില്ല.

ശ്രീ. എം. വി. മാണി : അതുതന്നെയാണ് ഞാനും പറഞ്ഞത് അങ്ങനെ ഒരറിവും എനിക്ക് കിട്ടിയിട്ടില്ല.

ശ്രീ. ഇ. പത്മനാഭൻ : ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെക്കാളും വിദ്യാഭ്യാസമുള്ളവർ സി.ഐ.ടി.യു. വിൽ ഉണ്ടെന്നുള്ള കാര്യം അങ്ങേക്കറിയാമല്ലോ ?

ശ്രീ. എം. വി. മാണി : എന്തായാലും സി. ഐ. ടി. യു. ക്കാരന്റെ വിദ്യാഭ്യാസ യോഗ്യതയെപ്പറ്റി ഞാൻ പറയാതെ തന്നെ മിസ്റ്റർ പത്മനാഭനേ അറിയാമല്ലോ ? ഞാൻ അതിലേക്ക് കടക്കുന്നില്ല. പ്രീ-ഡിഗ്രി ബോർഡ് എല്ലാവരും സർവ്വ സമ്മതമായി അംഗീകരിച്ച കാര്യമാണ്. അത് പെട്ടെന്ന് ഇംപ്ലീമെൻറ് ചെയ്തപ്പോൾ, അല്പം ബുദ്ധിമുട്ടുണ്ടായപ്പോൾ അതിനെ ഈ രീതിയിൽ രാഷ്ട്രീയമായ നിറം കൊടുത്തുകൊണ്ട് കൊല്ലുന്നതിന് ശ്രമിച്ചത് മോശമായിപ്പോയി. ഇപ്പോൾ തന്നെ ശ്രീ. വർക്കല രാധാകൃഷ്ണൻ പ്രസംഗിച്ചപ്പോൾ ജനായത്ത സ്വഭാവം നശിക്കുന്നത് ശരിയല്ല എന്നു പറഞ്ഞു. ജനായത്ത സ്വഭാവത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ നിയമം കൊണ്ടുവന്നത്. അത് മാറ്റാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് പറയുമ്പോൾ അത് മനസ്സിലാക്കണം. യു. ജി. സി. യുടെ നിർബന്ധമാണെന്ന് പറഞ്ഞു. ആ രീതിയിലുള്ള വളരെ നിഷേധാത്മകമായ രാഷ്ട്രീയ സമീപനമാണ് വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞകൊല്ലം ഉണ്ടായത്. പ്രതിപക്ഷത്തിന്റെ നിലപാട് വളരെ തെറ്റായിപ്പോയി ; വളരെ നിർഭാഗ്യകരമായിപ്പോയി. ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്തും വലിയ മുന്നേറ്റം കഴിഞ്ഞ നാലഞ്ചുവർഷക്കാലം നടത്തുവാൻ സാധിച്ചിട്ടുണ്ട്. ഞാൻ അതിൽ അഭിമാനം കൊള്ളുന്നു. ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റിന് ആറ് മാസം കൂടി കാലാവധി കൊടുക്കുന്ന നിയമനിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ച് നമുക്കറിയാം. തീർച്ചയായും അത് സ്വാഗതാർഹമാണ്. അതുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഞാൻ വളരെ ദീർഘമായി സംസാരിക്കുവാ ആഗ്രഹിക്കുന്നില്ല. കാരണം ഇതിനുമുമ്പ് സംസാരിച്ച പലരും ഞാൻ മനസ്സിൽ ഉദ്ദേശിച്ച കാര്യങ്ങളും പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് അതു വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. ഇവിടെ ഗാന്ധിജി യൂണിവേഴ്സിറ്റിയെ ക്കുറിച്ച് എന്നെ സുഹൃത്തുക്കളും പലരും വളരെ പരാതികളും ഉന്നയിക്കുക യുണ്ടായി. പക്ഷെ ഒന്നുരണ്ടു കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. ഗാന്ധിജി യൂണിവേഴ്സിറ്റി കോട്ടയത്തായിപ്പോയി എന്നുള്ളതു കൊണ്ട് ആ യൂണിവേഴ്സിറ്റിക്ക് മൊത്തത്തിൽ ഒരു പ്രാദേശിക സ്വഭാവം പറഞ്ഞ് ചില ദുർവ്യാഖ്യാനങ്ങളും ദുർന്യായങ്ങളും പറഞ്ഞ്. പ്രതിപക്ഷത്തു നിന്ന് പലരും സംസാരിച്ചത് ശരിയല്ല. ഒരു യൂണിവേഴ്സിറ്റിയുടെ കാളിറ്ററി നന്മയും വിലയിരുത്തേണ്ടതു അതിന്റെ ആസ്ഥാനം എവിടെ യാണെന്നു നോക്കിയിട്ടല്ല. ഗാന്ധിജി യൂണിവേഴ്സിറ്റി കോട്ടയത്തായി പ്പോയതുകൊണ്ട് ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടി സ്ഥാപിച്ച യൂണിവേഴ്സിറ്റിയാണെന്നു പറയുന്നത് ഒരിക്കലും ശരിയല്ല. അങ്ങനെ യാണെങ്കിൽ ഇതിനുമുമ്പ് കാലിക്കട്ട് യൂണിവേഴ്സിറ്റി വന്നു. അത് മറ്റൊരു പ്രദേശത്താണ്. അത് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനു വേണ്ടി ആരംഭിച്ച യൂണിവേഴ്സിറ്റിയല്ല.

അപ്പോൾ സ്ഥലം കോട്ടയമായിപ്പോയി എന്നുള്ളതുകൊണ്ട് ആ രീതിയിൽ സംസാരിക്കുന്നത് ശരിയല്ലെന്നു ഈ അവസരത്തിൽ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുതന്നെയുമല്ല ഇക്കഴിഞ്ഞ പരീക്ഷാഫലങ്ങ ളൊക്കെവച്ച് നോക്കുമ്പോൾ ഇത് ആരംഭിച്ചിട്ട് രണ്ടുവർഷക്കാലമേ ആയിട്ടുള്ളുവെങ്കിലും ഇന്ന് കേരള യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലുമൊക്കെ ഉണ്ടായിട്ടുള്ളതിൽ ഏറ്റവും കുറച്ചു പരാതി യുണ്ടായിട്ടുള്ള ഒരു യൂണിവേഴ്സിറ്റിയാണ് ഇത്. റിസൽട്ട് കൃത്യസമയത്ത് പുറപ്പെടുവിക്കുക, യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലൊക്കെ അഡ്മിഷൻ കൃത്യസമയത്ത് തന്നെ നടത്തുക തുടങ്ങിയ കാര്യങ്ങളൊക്കെ വച്ചുനോക്കുമ്പോൾ പുതുതായി ആരംഭിച്ചിട്ടുള്ള, രണ്ടുവർഷംപോലും തികയാത്ത ഗാന്ധിജി യൂണിവേഴ്സിറ്റിയാണ് മുന്നിൽ എന്നുള്ളത് വാസ്തവത്തിൽ ഈ ഗവൺമെന്റിനു അഭിമാനിക്കാവുന്ന ഒരു കാര്യമാണ്. അതിന്റെ സിൻഡിക്കേറ്റിനെക്കുറിച്ചും സെനറ്റിനെക്കുറിച്ചുമൊക്കെ പറഞ്ഞു. നോമിനേഷൻ നടത്തിയെന്നുള്ളതുകൊണ്ടുമാത്രം ഒരു സിൻഡിക്കേറ്റ് മോശ മാണെന്നു പറയുന്നതിൽ അർത്ഥമില്ല. നോമിനേറ്റ് ചെയ്യപ്പെട്ട വ്യക്തികളുടെ കാളിറ്ററി, അവരുടെ വിദ്യാഭ്യാസ യോഗ്യത, അവരുടെ പകൃത, അവർക്ക് ഈ കാര്യങ്ങളിൽ വിദ്യാഭ്യാസരംഗത്തുള്ളപരിജ്ഞാനം, അത്തരത്തിലുള്ള കാര്യങ്ങളൊക്കെ അടിസ്ഥാനമാക്കിക്കൊണ്ടുവേണം അതിനെ വിലയിരുത്താൻ. ഇവിടെ കാലിക്കട്ട് യൂണിവേഴ്സിറ്റി ആരംഭിച്ച അവസരത്തിൽ.....

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, അല്ല, അങ്ങ് പറഞ്ഞു നോമിനേറ്റ് ചെയ്യുന്നത് വ്യക്തിത്വമുള്ള, വിദ്യാഭ്യാസമുള്ള ആളുകളെയാണെങ്കിൽ കുഴപ്പ മില്ലെന്ന്. വ്യക്തിത്വവും വിദ്യാഭ്യാസയോഗ്യതയുമുള്ള ആളുകൾ കോൺഗ്രസ് (ഐ) യിലും മുസ്ലീം ലീഗിലും കേരളാ കോൺഗ്രസ്സിലും മാത്രമേയുള്ളോ ? മറ്റു പാർട്ടികളിലില്ലേ ?

ശ്രീ. പി. പി. തങ്കച്ചൻ : സർ, എന്ന് ഞാൻ പറഞ്ഞില്ല. എല്ലാ പാർട്ടി യിലുമുണ്ട്. ഇവിടെ നോമിനേറ്റ് ചെയ്യപ്പെട്ട ആളുകളൊക്കെ ഈ വിദ്യാഭ്യാസ രംഗത്തും പൊതുരംഗത്തും പകൃതയും പരിചയവുമുള്ള പ്രഗൽഭൻമാരാ യിട്ടുള്ള ആളുകളാണ്. അത്തരത്തിലുള്ള ആളുകളെയാണ് ഗാന്ധിജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലും സെനറ്റിലും നോമിനേറ്റ് ചെയ്തി ട്ടുള്ളത്. അതുകൊണ്ട് നോമിനേറ്റ് ചെയ്യപ്പെട്ടു എന്നുള്ള ഒറ്റക്കാരണം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട്, അവരെ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല എന്നുള്ള ഒറ്റക്കാരണം കൊണ്ട് അവരുടെ ക്വാളിറ്റി മോശമാണെന്നു പറയുന്നത് ശരിയല്ല. കാലിക്കട്ട് യൂണിവേഴ്സിറ്റി പ്രവർത്തനമാരംഭിച്ചു ആദ്യത്തെ ഒന്നൊന്നര വർഷക്കാലത്തേക്ക് ഇതുപോലെ നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങളുള്ള സിൻഡിക്കേറ്റും സെനറ്റുമായിരുന്നു ഉണ്ടായിരുന്നത്. അതിനെ കണ്ണടച്ച് ആക്ഷേപിക്കുന്നത് ശരിയല്ല. മാറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ഈ നോമിനേഷന്റെ കാര്യം പറയുമ്പോൾ വൈസ് ചാൻസലർമാരുൾപ്പെടെ, അതിന്റെ ഉത്തരവാദപ്പെട്ട സ്ഥാനം വഹിക്കുന്ന ആളുകളെയൊക്കെ നോമിനേറ്റ് ചെയ്യുന്ന അവസരത്തിൽ കുറച്ചൊക്കെ ദേശീയ കാഴ്ചപ്പാടുള്ള, ഈ രാജ്യത്തോട് താല്പര്യമുള്ള, ഈ രാജ്യം അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസനയത്തോട് താല്പര്യമുള്ള, ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ താല്പര്യമുള്ള പൊതു സമ്മതന്മാരായ ആളുകളെ നോമിനേറ്റ് ചെയ്യാൻ ഗവൺമെൻറ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കണം.

ശ്രീ. എം. എം. ഹസ്സൻ : ഈ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ദേശീയ കാഴ്ചപ്പാടും രാജ്യത്തോട് താല്പര്യവുമുള്ള ചില ആളുകളെ നോമിനേറ്റ് ചെയ്തിട്ടുണ്ടെന്നുള്ള കാര്യം അറിയാമോ ?

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഇപ്പോഴത്തന്നെ ഇവിടെ കൊച്ചിൻ യൂണിവേഴ്സിറ്റിയെക്കുറിച്ചുള്ള ചർച്ചാവേളയിൽ പലരും ചൂണ്ടിക്കാണിച്ചു. ഒരു യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഏറ്റവും കൂടുതൽ ഉത്തരവാദിത്വം വഹിക്കുന്ന ആളാണ്. അങ്ങനെയുള്ള ഒരാൾ ആർ. എസ്. എസ്സിന്റെ ശിബിരം അല്ലെങ്കിൽ അതുപോലുള്ള പഠനക്ലാസ്സുകളിൽ പങ്കെടുത്തു എങ്കിൽ അതൊന്നും ഒരിക്കലും വച്ചുപൊറുപ്പിക്കാനാവുന്ന ഒരു കാര്യമല്ല. അത്തരത്തിൽ സങ്കുചിതമായി ചിന്തിക്കുന്ന, വർഗ്ഗീയമായി ചിന്തിക്കുന്ന ആളുകളെയൊന്നും (അങ്ങനെ പങ്കെടുത്തിട്ടുണ്ടെങ്കിൽ) ഒരിക്കലും ഉന്നത പദവിയിൽ തുടർന്ന് നിലനിറുത്താൻ പാടില്ലെന്ന് വ്യക്തമായിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് : നമ്മുടെ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, നമ്മുടെ മുൻപ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി മരണപ്പെട്ട ദിവസം, ഇൻഡ്യ മുഴുവൻ ദു:ഖത്തിലാണെ ആ ദിവസംപോലും യൂണിവേഴ്സിറ്റി ഓഫീസ്, പ്രവർത്തിപ്പിക്കുകയും അതിൽ വിമുഖത കാണിച്ച അവിടത്തെ സ്റ്റാഫിനെ സസ്പെൻറ് ചെയ്യുകയും ചെയ്ത ദ്രോഹ നടപടി കാണിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. പി. തങ്കച്ചൻ : സർ, അത് അന്നുതന്നെ വലിയ ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഭവമാണ്. ഈ സഭയിലുള്ള പലരും, അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറുമൊക്കെ ആ കാര്യത്തിൽ ഇടപെട്ടിട്ടുണ്ടെന്നോണ് ഞാൻ മനസ്സിലാക്കുന്നത്. അവിടത്തെ ജീവനക്കാരും വിദ്യാർത്ഥികളും ആ കാര്യത്തിൽ പ്രക്ഷോഭണം ഉണ്ടാക്കേണ്ടിവന്നു. അതുപോലെ തന്നെ വിശാലമായി ചിന്തിക്കാൻ കഴിവില്ലാത്ത, ദേശീയ താല്പര്യത്തെക്കുറിച്ച് ചിന്തിക്കാൻ കഴിവില്ലാത്ത ആളുകളെ ഇതുപോലുള്ള ഉന്നത സ്ഥാനത്ത് നോമിനേറ്റ് ചെയ്യുക എന്നുള്ള നടപടി ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും ആ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് മാത്രമാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. എ. വി. താമരാക്ഷൻ : കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നിയമം ബഹുമാനപ്പെട്ട തങ്കച്ചൻ പറഞ്ഞു, ആർ. എസ്. എസ്സിന്റെ ശിബിരത്തിൽ പങ്കെടുത്തുവെന്ന് പറഞ്ഞ കൊച്ചിൻ യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

വൈസ് ചാൻസലറെക്കൊണ്ട് മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയാതെഎഴുതിയുണ്ടാക്കിയതാണെന്ന് നിങ്ങൾക്ക് അറിയാമോ?

ശ്രീ. പി. പി. തങ്കച്ചൻ : സർ, അത് ശരിയല്ല.

ശ്രീ. ബെന്നി ബഹനാൻ : സർ, ഈ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ആർ. എസ്. എസ്സിനോട് ബന്ധമുള്ള ഒരു യോഗത്തിൽ പങ്കെടുത്തുവെന്ന് ഇവിടെ സൂചിപ്പിച്ചു. അത് കഴിഞ്ഞ ദിവസവും കേട്ടതാണ്. ഈ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് മെമ്പറായ അങ്ങ് ഈ വൈസ് ചാൻസലർ ഇത്തരം നടപടികളെ സ്വീകരിച്ചപ്പോൾ അതിനെ എതിർത്തിട്ടുണ്ടോ ? അതല്ലെങ്കിൽ എതിർക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഇന്നലെ നിയമസഭയിൽ ഉന്നയിക്കുന്ന അവസരത്തിൽ മാത്രമാണ് ഞാൻ ഈ വിവരം അറിയാനിടയായത്. നിശ്ചയമായിട്ടും കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വരുന്ന സിൻഡിക്കേറ്റ് യോഗത്തിൽ ഈ പ്രശ്നം ഉന്നയിക്കുകയും അതിനെതിരായി ശക്തമായ ഒരു നടപടി സ്വീകരിക്കാൻവേണ്ടി ഞാൻ എന്റെ കഴിവിന്റെ പരമാവധി ചെയ്യുകയും ചെയ്യുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഒരു ദേശീയ പ്രസ്ഥാനത്തിൽ വിശ്വസിക്കുന്നതും പ്രവർത്തിക്കുന്നതുമായ ആളാണ്. ഞങ്ങളൊക്കെ ദേശീയ ബോധമുള്ള ആളുകളാണ്. ഒരിക്കലും ഇതുപോലുള്ള ഒരു കാര്യത്തിന് കൂട്ടുനില്ക്കാൻ സാധിക്കുന്ന ആളുകളല്ല. അതുകൊണ്ട് ഒരു വൈസ് ചാൻസലർ ഇതുപോലുള്ള ഒരു കാര്യത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ നിശ്ചയമായിട്ടും ചോദ്യം ചെയ്യും, മാത്രമല്ല ആ കാര്യത്തിൽ എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതൊക്കെ ചെയ്യുമെന്ന് പരസ്യമായിട്ട് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഒരിക്കൽകൂടി ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 1985-ലെ ഗാന്ധിജി സർവ്വകലാശാലാ ആക്ട് അനുസരിച്ച് നോമിനേറ്റ് ചെയ്യപ്പെടുന്ന സിൻഡിക്കേറ്റിനേയും സെനറ്റിനേയും കാലാവധി രണ്ടുവർഷമാണ്. ആ രണ്ടുവർഷക്കാലത്തിനുള്ളിൽ അതിനകത്തു തെരഞ്ഞെടുപ്പുനടത്തണം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി അനുസരിച്ച് ആറുമാസക്കാലത്തേക്കുകൂടി അതിന്റെ കാലാവധി നീട്ടിക്കൊടുത്തിരിക്കുകയാണ്. 30 മാസം എന്ന ഒരു ഭേദഗതിയാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആദ്യസെനറ്റിന്റെയും സിൻസിക്കേറ്റിന്റെയും ഔദ്യോഗിക കാലാവധി 22-6-1986-നും 29-6-1986-നും അവസാനിച്ചിരിക്കുകയാണ്. ഇതുപ്രകാരം ഈ ഓർഡിനൻസ് അനുസരിച്ച് ഇതിന് നിയമപ്രാബല്യം കൊടുത്താൽ തന്നെയും ഒരു രണ്ടുമാസം മാത്രമാണ് തെരഞ്ഞെടുപ്പു നടത്താൻ ഇനി ബാക്കിയുള്ളത്. ആ രണ്ടുമാസത്തിനുള്ളിൽ ഇതിന്റെ തെരഞ്ഞെടുപ്പ് നടക്കുമോ ? രണ്ടുമാസത്തിനുള്ളിൽ സിൻഡിക്കേറ്റിലേക്കും സെനറ്റിലേക്കും തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ എന്തെങ്കിലും നടപടിക്രമം ഗാന്ധിജിയൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക വിഭാഗം തയ്യാറാക്കിയിട്ടുണ്ടോ? യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇനി ഇപ്പോൾ രണ്ടുമാസത്തിനുള്ളിൽ ആ സർവ്വകലാശാലാ സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും തെരഞ്ഞെടുപ്പ് നടത്തണം നമ്മൾ ഈബില്ല് അംഗീകരിച്ചുകൊടുത്താൽ; ഇത് നിയമമാക്കപ്പെട്ടാൽ യഥാർത്ഥത്തിൽ ഈ ബില്ല് അംഗീകരിച്ചുകൊടുത്ത് നിയമമാക്കിയാലും, ഈ ഓർഡിനൻസിന് നിയമപ്രാബല്യംകൊടുത്താലും രണ്ടുമാസത്തിനുള്ളിലും അവിടെ തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നില്ല. കാരണം യാതൊരു നടപടിക്രമവും ആ യൂണിവേഴ്സിറ്റി പൂർത്തിയാക്കിയിട്ടില്ല. അങ്ങനെ വന്നാൽ വീണ്ടും ഒരു ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവരും ; വീണ്ടും ഒരു ബില്ലു

LIBRARY ARCHIVES Kerala Legislative Assembly

മായി ഈ നിയമസഭയെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജോബിന് സമീപിക്കേണ്ടി വരും. അങ്ങനെ വീണ്ടും പുതിയ ഒരു സുന്ദരം സ്വാമിയായി ശ്രീ. ജേക്കബ് മാറുന്ന ഒരവസ്ഥകൂടി ഉണ്ടാകാൻ പോവുകയാണ്. അത് പരിഹാസ്യമായിരിക്കുന്നു. സുന്ദരം സ്വാമി ഏത്ര പ്രാവശ്യമാണ് നിയമസഭയിൽ പഞ്ചായത്തുതെരഞ്ഞെടുപ്പ് നടത്തുമെന്ന് പ്രഖ്യാപിച്ചത്. ഇപ്പോഴും മുനിസിപ്പാലിറ്റി ഭേദഗതി ബില്ലും പഞ്ചായത്തു ഭേദഗതി ബില്ലും വരാൻ പോകുകയാണ്. പഞ്ചായത്തു ബോർഡുകളുടെ കാലാവധി അവസാനിച്ചപ്പോഴും ആ കാലാവധി നീട്ടിക്കൊടുത്തില്ല. മുനിസിപ്പൽ കൗൺസിലുകളുടേയും കോർപ്പറേഷനേറയും കാലാവധി അവസാനിച്ചപ്പോഴും ആ കാലാവധി നീട്ടിക്കൊടുത്തില്ല. തെരഞ്ഞെടുപ്പ് നടത്തുമെന്ന് പ്രഖ്യാപിച്ച നിരവധി പ്രഖ്യാപനങ്ങളും നമുക്ക് ഉണ്ട്. വീണ്ടും വീണ്ടും പുതുക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങളുമായും ഭേദഗതികളുമായും സഭയെ സമീപിക്കുന്ന അവസ്ഥയാണ് പഞ്ചായത്ത് രംഗത്തും മുനിസിപ്പൽ രംഗത്തും കോർപ്പറേഷൻ രംഗത്തും ഉണ്ടായെങ്കിൽ അതേ അനുഭവമാണ് യൂണിവേഴ്സിറ്റിയെ സംബന്ധിച്ചും വീണ്ടും ഒരു നിയമനിർമ്മാണം സഭയ്ക്ക് നടത്തേണ്ടുന്ന അവസ്ഥയുണ്ടാകും. അത് ഒഴിവാക്കണം. സർ, എന്താണ് സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേക്കും തെരഞ്ഞെടുപ്പ് നടത്താൻ താമസിച്ചുപോയത്? ആറുമാസകാലം സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും തെരഞ്ഞെടുപ്പ് നടത്താൻ കാലതാമസമുണ്ടായതിന്റെ കാരണം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടില്ല. എന്തുകൊണ്ടാണ് കാലതാമസമുണ്ടായത് എന്നതിനെക്കുറിച്ച് വിശദീകരണക്കുറുപ്പിൽ ഒരു സ്ഥലത്തും കാണുന്നില്ല സർ. ഇന്നയിന്ന കാരണങ്ങളാൽ തെരഞ്ഞെടുപ്പുനടത്താൻ സാധിച്ചിട്ടില്ലെന്ന് യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്ന് ഔദ്യോഗികമായി എന്തെങ്കിലും പ്രഖ്യാപനമുണ്ടായിട്ടുണ്ടോ? ഇതിന്റെ കാലാവധി നീട്ടിക്കിട്ടുമെന്ന് യൂണിവേഴ്സിറ്റിയിലെ രജിസ്ട്രാർക്കും വൈസ്ചാൻസിലർക്കും അറിയാം. കാരണം ഇതിലേക്കുള്ള നോമിനേറ്റഡ് മെമ്പർമാർ മുഴുവനും ഭരണകക്ഷിക്കാരാണ്. സിൻഡിക്കേറ്റിലും യൂണിവേഴ്സിറ്റിയിലും മുഴുവൻ ഭരണകക്ഷി ആണ്. അങ്ങനെ വരുമ്പോഴും കാലാവധി എന്തുതന്നെയായാലും നീട്ടിക്കിട്ടുമെന്നതുകൊണ്ട് ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കുമുള്ള തെരഞ്ഞെടുപ്പ് നടത്താൻ യാതൊരു നടപടിക്രമവും പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ട് ഈ ബിൽ നമ്മൾ അംഗീകരിച്ചുകൊടുത്താൽ ഒരു പുതിയ പ്രവണതയായിട്ടു തീരും. എന്നു മാത്രമല്ല ഇപ്പോഴും ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ നോമിനേറ്റ് ചെയ്യപ്പെട്ട സെനറ്റും സിൻഡിക്കേറ്റുമാണ് എന്നുള്ളതുകൊണ്ട് ആ യൂണിവേഴ്സിറ്റിക്ക് ഇതുവരെ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടില്ല. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം എന്തുകൊണ്ട് ആണ് ഗാന്ധിജി സർവ്വകലാശാലക്ക് കിട്ടാതായിപ്പോയത്? വിദ്യാഭ്യാസ വകുപ്പുമന്ത്രി ടി.എം.ജേക്കബ് ആയതുകൊണ്ടാണോ? യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ എന്നുപറയുന്നത് കേന്ദ്രഗവൺമെൻറിന്റെ ഒരു ഡിപ്പാർട്ടാണ്. കേന്ദ്രഗവൺമെൻറ്, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനോട് യൂണിവേഴ്സിറ്റിക്ക് അംഗീകാരം കൊടുക്കണമെന്നു പറഞ്ഞാൽ യൂണിവേഴ്സിറ്റിക്ക് അംഗീകാരം കിട്ടില്ലേ? ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് കെ. മുഹമ്മദാലി പ്രസക്തമായ ഒരു കാര്യം പറയുകയുണ്ടായി. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ മുമ്പിൽ കേരളത്തിന്റെ വാദമുഖങ്ങൾ അവതരിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട കെ. മുഹമ്മദാലി പറഞ്ഞത്. അതിന്റെ അർത്ഥം എന്താണ്? അതിന് വലിയ അർത്ഥമുണ്ട്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ മുമ്പിൽ ഈ യൂണിവേഴ്സിറ്റിക്ക് അംഗീകാരം കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ഭരണകക്ഷിയിലെ ഒരു മെമ്പറായ കെ. മുഹമ്മദാലി നിയമസഭയിൽ പറയുന്ന അവസ്ഥയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അങ്ങനെയാണെങ്കിൽ കേന്ദ്ര ഗവൺമെൻറിൽ നല്ല സ്വാധീനമുള്ള ആരെയെങ്കിലും ഈ വകുപ്പിന്റെ ചുമതല ഏൽപ്പിക്കണം. ആ യൂണിവേഴ്സിറ്റിക്ക് അംഗീകാരം കിട്ടണ്ടേ ? എത്രകാലമാണ് സർ, യൂണിവേഴ്സിറ്റിക്ക് അംഗീകാരം കിട്ടാതെ കടന്നു പോവുക ? ഒന്നുകിൽ ആ വകുപ്പ് തച്ചടി പ്രഭാകരനെ ഏൽപ്പിക്കണം അല്ലെങ്കിൽ രമേശ് ചെന്നിത്തലയെ ഏൽപ്പിക്കണം. ദേശീയ നേതാവ് അല്ലേ ; യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം പോയി വാങ്ങിക്കൊണ്ടുവരണം ? യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം കിട്ടുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെൻറിനോട് മുഖ്യമന്ത്രി നട്ടെല്ലോടുകൂടി പറയണം. എന്തുകൊണ്ടാണ് കിട്ടാത്തത് ? ടി. എം. ജേക്കബ്ബാണ് യൂണിവേഴ്സിറ്റി കൊണ്ടുവന്നത് എന്നതുകൊണ്ട് ടി. എം. ജേക്കബ്ബിനെയൊന്നു താഴ്ത്തിക്കെട്ടാൻവേണ്ടി യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം കിട്ടുകയില്ലെന്ന പ്രഖ്യാപനമാണ് കോൺഗ്രസ് ഐ യുടെ ഭാഗത്തുനിന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ ടി. എം. ജേക്കബ്ബിനെ കൊച്ചാക്കി വിദ്യാഭ്യാസ വകുപ്പുകൂടി കോൺഗ്രസ് ഐ-യ്ക്ക് തട്ടിയെടുക്കാൻവേണ്ടി നടത്തുന്ന ഒരു ഗൂഢശ്രമം കൂടി യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം കിട്ടാത്തതിന്റെ പിന്നിലുണ്ടെന്നു പറഞ്ഞാൽ കോൺഗ്രസ് ഐ-ക്കാർ നിഷേധിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, മറ്റൊരു മന്ത്രിക്കുമില്ലാത്ത സ്വാധീനം ശ്രീ. ടി. എം. ജേക്കബ്ബിന് മുഖ്യമന്ത്രിയുടെ പക്കലുണ്ടെന്നും അദ്ദേഹം വിചാരിക്കുന്ന എല്ലാ കാര്യവും മുഖ്യമന്ത്രി വഴി നേടിയെടുക്കുമെന്നും ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ സിറിയക് ജോൺ പ്രസംഗിക്കുന്നതു കേട്ടു. ഇപ്പോഴും അങ്ങുപറയുന്നു കോൺഗ്രസ് ഐ-ക്കാരെല്ലാം കൂടി ശ്രീ. ടി. എം ജേക്കബിനെ കൊച്ചാക്കാൻ പോകുന്നുവെന്ന്. ഇതിൽ ഏതാണ് ഇടതുപക്ഷ മുന്നണിയുടെ അഭിപ്രായമെന്ന് ഒന്നു പറയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കോൺഗ്രസ് ഐ-ക്കാരെല്ലാം കൂടി എന്നുപറഞ്ഞാൽ മുഖ്യമന്ത്രിയും ടി. എം ജേക്കബ്ബും തമ്മിൽ പല ഇടപാടുകളും ഉണ്ടാകും. അത് എനിക്ക് നോക്കേണ്ടതില്ല. എന്റെ രാജ്യതാല്പര്യം വച്ചുകൊണ്ടും സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ താൽപ്പര്യം വച്ചുകൊണ്ടും യൂണിവേഴ്സിറ്റിയുടെ താൽപ്പര്യം വച്ചുകൊണ്ടുമാണ് സർ, എനിക്ക് പറയാനുള്ളത്,

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഇന്നലെ പ്രഖ്യാപിച്ചതനുസരിച്ച് ടി. എം. ജേക്കബ്ബിനാണ് മുഖ്യമന്ത്രിയുടെ മേൽ ഏറ്റവും കൂടുതൽ സ്വാധീനമെന്നു തന്നെയാണോ ഹസ്സന്റെ അഭിപ്രായം ?

ശ്രീ. എം. എം. ഹസ്സൻ : ഞാൻ എന്റെ അഭിപ്രായമല്ല, ശ്രീ. സിറിയക് ജോണിന്റെ അഭിപ്രായമാണ് പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇത് ഒരു തർക്കവിഷയം ആക്കേണ്ട, അദ്ദേഹം മുഖ്യമന്ത്രിയും ഞാൻ അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സഹമന്ത്രിയും ആണ്. ഞങ്ങൾ തമ്മിൽ നല്ല ബന്ധമാണ് ഉള്ളത്. ആ ബന്ധം നന്നായിത്തന്നെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആ ബന്ധത്തിന് ഒരു ക്ലോട്ടവും തട്ടാതിരിക്കട്ടേയെന്നു് എല്ലാ വിധ ആശംസകളും അങ്ങേക്ക് ഞാൻ അർപ്പിക്കുകയാണ്. സർ, ഇവിടെ പ്രശ്നം.....

ശ്രീ. സിറിയക് ജോൺ : സർ, കോൺഗ്രസ് ഐ-ക്കാരെ സംബന്ധിച്ചിടത്തോളം അവർക്കാർക്കുമില്ലാത്ത ഒരു സ്വാധീനം ശ്രീ. ടി. എം. ജേക്കബ്ബിനു് ശ്രീ. കെ. കരുണാകരനുമായി ഉള്ളതുകൊണ്ടാണ് കോൺഗ്രസ് ഐ-ക്കാരാകെ ഈ കാര്യത്തിൽ എതിർപ്പ് പ്രകടിപ്പിക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം എങ്ങനെയെങ്കിലും ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കിട്ടണം. ഞങ്ങളാ യൂണിവേഴ്സിറ്റി വരുമ്പോഴത്തന്നെ എതിർത്തിരുന്നു. കാരണം അങ്ങനെ ഒരു യൂണിവേഴ്സിറ്റി ഇന്നത്തെ ഘട്ടത്തിൽ ആവശ്യമില്ലെന്നുള്ളതുതന്നെയാണ്. പക്ഷേ നിയമസഭ ഒരു നിയമം പാസ്സാക്കി അംഗീകാരവും കൊടുത്ത് ഗാന്ധിജി യൂണിവേഴ്സിറ്റി എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. വിദ്യാഭ്യാസം കൺകറൻറ് ലിസ്റ്റിൽ അല്ലേ ? സംസ്ഥാനത്തിനു് നിയമനിർമ്മാണം നടത്താൻ അധികാരമുള്ള ഒരു വിഷയമാണ് വിദ്യാഭ്യാസം. ആ പരിധിയിൽ നമ്മുടെ സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമനിർമ്മാണത്തിൽകൂടി നിലവിൽവന്ന ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് എന്തുകൊണ്ടാണ് അംഗീകാരം കിട്ടാത്തത് ? സംസ്ഥാന നിയമസഭയോട് തന്നെ കേന്ദ്ര ഗവൺമെൻറ് കാണിക്കുന്ന അവഹേളനത്തിന്റെ ഫലമായിട്ടാണ് ഗാന്ധിജി സർവ്വകലാശാലയ്ക്ക് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം കിട്ടാതെ പോയിട്ടുള്ളത്. നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസരംഗത്ത് ഒരു നിയമനിർമ്മാണം നടത്തിയാൽ, ആ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വരുന്ന യൂണിവേഴ്സിറ്റിക്ക് അംഗീകാരംകിട്ടണം. അങ്ങനെ കിട്ടുന്നില്ലെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം സംസ്ഥാനത്തിന്റെ അധികാരത്തിൽ കേന്ദ്രം കൈയ്യിടുന്നു എന്നാണ്. സംസ്ഥാനത്തിന്റെ നിയമനിർമ്മാണ അധികാരത്തിൽ കേന്ദ്ര ഗവൺമെൻറിന്റെ ഇടപെടലിന്റെ ഫലമായി യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം ഇതുവരെ ഗാന്ധിജി സർവ്വകലാശാലയ്ക്ക് കിട്ടിയിട്ടില്ല. അതുകാരണം അവിടത്തെ വിദ്യാർത്ഥികൾ പ്രയാസമനുഭവിക്കുന്നു. ആ സർവ്വകലാശാലയിൽ പഠിച്ച വിദ്യാർത്ഥികൾക്ക് മറ്റു സ്ഥലത്ത് അംഗീകാരം കിട്ടാത്ത ഒരു അവസ്ഥ വന്നുചേർന്നിരിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : നിയമസഭ ഏകകണ്ഠമായി പാസാക്കിയ ഒരു നിയമം യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ പോലെ ഗ്രാൻറ് മാത്രം വിതരണം ചെയ്യാൻ അവകാശമുള്ള ഒരു കമ്മീഷൻ തള്ളിക്കളയുന്നതധിക്കാരമല്ലേ? ആ നടപടിക്ക് എതിരായിട്ട് ഈഗവൺമെൻറ് അനങ്ങിയിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അങ്ങേയറ്റം ധിക്കാരപരമായിട്ടുള്ള ഒരു നിലപാടാണത്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനിലിരിക്കുന്ന വിദ്യാഭ്യാസ വിചക്ഷണൻമാർ വിചാരിക്കുന്നത് അവരാണ് ഈ രാജ്യത്തെ വിദ്യാഭ്യാസം മുഴുവൻ നിയന്ത്രിക്കുന്നതെന്നാണ്. കേന്ദ്ര ഗവൺമെൻറിൽ സ്വാധീനമുള്ള കുറെ ആളുകളെ പിടിച്ചുവച്ചതാണ് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ. അവർ വിദ്യാഭ്യാസവും വിവരവും പാണ്ഡിത്യവുമുള്ളവരായിരിക്കും പക്ഷേ ഇവിടെ പ്രശ്നം അതല്ല. ഇൻഡ്യൻ ഭരണഘടന അനുസരിച്ച് നമ്മുടെ നിയമസഭയ്ക്ക് അനുവദിക്കപ്പെട്ട അധികാരം ഉപയോഗപ്പെടുത്തി നാം നടത്തിയ ഒരു നിയമനിർമ്മാണത്തിൽ കൂടി അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന ഒരു യൂണിവേഴ്സിറ്റിക്ക് അംഗീകാരം നൽകാതിരിക്കുന്നതിന്റെ അർത്ഥമെന്താണ് ? അതിന് ബഹുമാനപ്പെട്ട മന്ത്രി ടി. എം. ജേക്കബ് ഇന്നലെ പറഞ്ഞത് നമ്മുടെ യൂണിവേഴ്സിറ്റി തെരഞ്ഞെടുക്കപ്പെട്ടത് എന്നുള്ളതു മാറ്റി ഒരു അഡൈ്വസറി ബോർഡ് ആക്കാമെന്നാണ്. എനിക്ക് അതിനോടു യോജിപ്പില്ല. യൂണിവേഴ്സിറ്റി അഡൈ്വസറി ബോർഡ് ആയിക്കൂടാ. യൂണിവേഴ്സിറ്റി പരമാധികാരമുള്ള ഒരു സമിതിയായിട്ട് മാറണം. യൂണിവേഴ്സിറ്റിക്ക് ഭരണപരമായ സ്വാതന്ത്ര്യം എത്രത്തോളം കൊടുക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം, അത് ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ്. യൂണിവേഴ്സിറ്റി എന്ന സങ്കൽപ്പം തന്നെ സ്വയംഭരണമാണ്. ഗവൺമെന്റിന്റെ പ്രതിനിധികളും തെരഞ്ഞെടുക്കപ്പെട്ട സെനറ്റും സിൻഡിക്കേറ്റും ഒക്കെ ഇല്ലാത്തതിന്റെ ഫലമായിട്ടാണ് സെനറ്റിലും സിൻഡിക്കേറ്റിലും യഥാർത്ഥ ജനവികാരം പ്രകടിപ്പിക്കപ്പെടാൻ സാധിക്കാത്തത്. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യംതന്നെ സംരക്ഷിക്കാൻ സാധിക്കാത്തത് അതിന്റെ ഫലമായിട്ടാണെന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. ഇങ്ങനെ സെനറ്റും സിൻഡിക്കേറ്റും തെരഞ്ഞെടുപ്പില്ലാതെ രൂപീകരിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന പ്രത്യാഘാതം ദൂരവ്യാപകമാണ്. പലതും ചട്ടങ്ങൾക്കു വിരുദ്ധമായി നടക്കുന്ന ഒരു കാലമാണിത്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽതന്നെ അതുണ്ടായില്ലേ ? നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ലോക മലയാള സമ്മേളനത്തിനുപോയ തക്കംനോക്കി ആർ. ബാലകൃഷ്ണപിള്ള പറഞ്ഞില്ലേ ? ഇലക്ട്രിസിറ്റി ബോർഡ് കൈകാര്യം ചെയ്യുന്ന ആർ. ബാലകൃഷ്ണപിള്ളയുടെ കൈയിൽ രണ്ടാഴ്ചക്കാലം വിദ്യാഭ്യാസ വകുപ്പ് കിട്ടിയപ്പോൾ ആ രണ്ടാഴ്ചക്കാലത്തെ സമയം നോക്കി വിദ്യാഭ്യാസ ചട്ടം ലംഘിച്ചു. എന്നിട്ട് ഇലക്ട്രിസിറ്റി ബോർഡിലെ ഒരു ജീവനക്കാരിയുടെ ഭർത്താവിനെ കൊട്ടാരക്കരയിലെ ഒരു ഹൈസ്ക്കൂളിൽ ടീച്ചർ ഇൻ ചാർജായി നിയമിച്ചു. എങ്ങനെയുണ്ട് നമ്മുടെ വിദ്യാഭ്യാസ ചട്ടത്തിന്റെ സ്ഥിതി ? മന്ത്രിക്ക് താൽപര്യം വന്നാൽ അവിടെ ചട്ടം ബാധകമല്ല. അഞ്ചു വർഷക്കാലത്തേക്ക് ഇളവനുദിച്ചുകൊണ്ട് കൊട്ടാരക്കരയിലെ ഒരു ഹൈസ്ക്കൂളിൽ ആർ. ബാലകൃഷ്ണപിള്ളയ്ക്ക് വേണ്ടപ്പെട്ട ഒരാളെ വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ അധികാരം കിട്ടിയ സന്ദർഭം നോക്കി ഇങ്ങനെ നിയമിക്കുന്നത് തെറ്റാണെന്ന് ഹൈക്കോടതി പറഞ്ഞില്ലേ ? ഹൈക്കോടതി എന്തിലെല്ലാമാണ് ഇടപെട്ടുകൊണ്ടിരിക്കേണ്ടത് ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ. ടി.എം. ജേക്കബ് പോയപ്പോൾ ആർ. ബാലകൃഷ്ണ പിള്ളയെത്തന്നെ ആ വകുപ്പ് ഏൽപ്പിച്ചതിന് എന്തോ പ്രത്യേകതയുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ ; ഇല്ല, ആർ. ബാലകൃഷ്ണ പിള്ളയെ ഏൽപ്പിച്ചത് എന്താണെന്ന് എനിക്ക് അറിയില്ല. കിട്ടുന്ന സന്ദർഭം നോക്കി പാര വയ്ക്കലാണ് ആർ. ബാലകൃഷ്ണ പിള്ളയുടെ പരിപാടി. അദ്ദേഹം ടി.എം. ജേക്കബിനെ മാത്രമല്ല എല്ലാവരെയും പാര വയ്ക്കും. പക്ഷെ ഇവിടെ പ്രശ്നം അതല്ല.....

ശ്രീ. എ. വി. താമരാക്ഷൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റ് ജീവനക്കാർ നീതിക്കുവേണ്ടി കോടതിയെ സമീപിക്കേണ്ടി വന്നിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായിട്ടുള്ളതുപോലെ ഒരു ഗവൺമെന്റിന്റെ കാലത്തുമുണ്ടായിട്ടില്ലെന്ന് അങ്ങേക്ക് അറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ എല്ലാറ്റിനും കോടതിയിൽ പോകണമെന്ന് വന്നിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസച്ചട്ടങ്ങൾ ലംഘിക്കുമ്പോൾ അതിന്റെ പരിരക്ഷക്കുവേണ്ടി കോടതി,

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളിലേക്ക് നോമിനേഷൻ നടത്തുമ്പോൾ ആ സഹകരണ സംഘങ്ങളെ രക്ഷിക്കാൻ കോടതി—ഇതിന്റെയൊക്കെ ഫലമായി ജനങ്ങളുടെയിടയിൽ ഒരു ധാരണവന്നിരിക്കുകയാണ്. ഈ നിയമസഭയ്ക്കും ഈ ഗവൺമെന്റിനും രക്ഷ കിട്ടണമെങ്കിൽ കോടതിയിലേക്ക് പോകണം. ഇതൊരു പ്രവണത ഈ ഗവൺമെന്റ് ഉണ്ടാക്കി വച്ചിരിക്കുകയാണ്. നിയമസഭയ്ക്ക് അധികാരമില്ല. തോന്നിയപോലെ എക്സിക്യൂട്ടീവ് പ്രവർത്തിക്കുന്നതിന്റെ ഫലമായി കോടതിക്ക് ഇടപെടേണ്ടി വരുന്ന ഒരവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഈ ഭരണകാലത്തുണ്ടായിട്ടുള്ളതുപോലെ മറ്റൊരു കാലത്തും ഉണ്ടായിട്ടില്ല. വിദ്യാഭ്യാസച്ചട്ടങ്ങൾ മറികടന്നുകൊണ്ട് നടത്തുന്ന നടപടിയെക്കുറിച്ചാണ് ഞാൻ നേരത്തെ ഇവിടെ പറഞ്ഞത്. അങ്ങനെയുള്ള നടപടികൾ ഇപ്പോഴും സ്വീകരിക്കുന്ന കേരളത്തിൽ നോമിനേറ്റഡ് സമിതികൾ അധികാരത്തിൽ വന്നാൽ എത്രത്തോളം വൃത്തികേടുകൾ നടക്കുമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് നമ്മിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ രേണുകയിലെ ബഹുമാനപ്പെട്ട ഒന്നുരണ്ടംഗങ്ങൾ പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ച് നേരത്തെ പറയുകയുണ്ടായി. പ്രീ-ഡിഗ്രി ബോർഡ് വരുമെന്ന് ഒരു മന്ത്രി; പ്രീ-ഡിഗ്രി ബോർഡ് വരില്ലെന്ന് മറ്റൊരു മന്ത്രി ഇങ്ങനെ രണ്ട് അഭിപ്രായങ്ങൾ. ഇപ്പോഴും അന്തരീക്ഷത്തിലുണ്ട്. എന്താണ് ഗവൺമെന്റിന്റെ അഭിപ്രായമെന്ന് എനിക്കറിയില്ല. അതുപോലെതന്നെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു, പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുന്നുവെന്ന് പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കിയോ? പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുകയെന്നത് ഈ ഗവൺമെന്റിന്റെ നയമാണെന്നാണ് പറയുന്നത്. മുഖ്യമന്ത്രി പറയുന്നത്, പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുകയില്ലെന്നാണ്. ഇവിടെ ശ്രീ. ജേക്കബ് പറഞ്ഞതാണോ ഗവൺമെന്റിന്റെ നയം? അതോ മുഖ്യമന്ത്രി പറഞ്ഞതാണോ ഗവൺമെന്റിന്റെ നയം? പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുകയില്ലെന്ന് ഒരു ഭാഗത്ത് ഗവൺമെന്റ് പറയുന്നു. വിദ്യാഭ്യാസമന്ത്രി പറയുന്നു സൗജന്യമാക്കുമെന്ന്. തമിഴ്നാട്ടിൽ പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാണ്. നമ്മുടെ തൊട്ടടുത്ത് കിടക്കുന്ന പോണ്ടിച്ചേരിയിൽ പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാണ്. കേരളത്തിലും പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കണമെന്ന് പറയുമ്പോൾ വിദ്യാഭ്യാസം ഒരു ഭാരിച്ച ചെലവായി മാറിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. പൊതു വിദ്യാഭ്യാസം സൗജന്യമെന്നതാണ് സങ്കൽപ്പമെങ്കിലും പൊതുവിദ്യാഭ്യാസംപോലും കേരളത്തിൽ സൗജന്യമാണോ? വിദ്യാഭ്യാസച്ചിലവുകൾ വർദ്ധിച്ചുവർദ്ധിച്ചു വരുന്ന ഒരു പരിതസ്ഥിതിയിൽ പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുകയെന്ന കേരളത്തിലെ എല്ലാ വിദ്യാർത്ഥി സംഘടനകളുടെയും ആവശ്യം ഗവൺമെന്റ് അംഗീകരിക്കണം. ഓരോ സന്ദർഭത്തിലും ഓരോരോ ന്യായങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചേയ്ക്കും.....

ശ്രീ. കെ.സി. ജോസഫ്: ഈ പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുമ്പോൾ പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുമ്പോൾ മാത്രം പോര, പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കാതെ തന്നെ കേരളത്തിലെ പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ.സി. ജോസഫ്: പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുമെന്ന് പറഞ്ഞിട്ടില്ലേ? അപ്പോൾ പ്രീ-ഡിഗ്രി ബോർഡ് രൂപീകൃതമാകുന്നതോടുകൂടി പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പ്രീ-ഡിഗ്രി ബോർഡ് രൂപീകരണം ഇതുമായി കൂട്ടിക്കുഴക്കേണ്ട കാര്യമില്ല. പ്രീ-ഡിഗ്രി വിദ്യാഭ്യാസം കേരളത്തിൽ സൗജന്യമാക്കണം. അതിനുവേണ്ടിയുള്ള നടപടിക്രമങ്ങളാരംഭിക്കുവാൻവേണ്ടി ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. പി. പി. തങ്കച്ചൻ : പ്രീ-ഡിഗ്രി വിദ്യാഭ്യാസം എല്ലാവർക്കും സൗജന്യമാക്കണമെന്നാണോ അതോ സാമ്പത്തികനില നോക്കിയിട്ട് സൗജന്യമാക്കണമെന്നാണോ നിങ്ങളുടെ പാർട്ടിയുടെ നയം ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പ്രീ-ഡിഗ്രി വിദ്യാഭ്യാസം പൊതുവേ സൗജന്യമാക്കണമെന്നാണ് എന്റെ അഭിപ്രായം. എസ്.എസ്.എൽ.സി. വരെയുള്ള വിദ്യാഭ്യാസത്തിന് സൗജന്യം കൊടുത്തതുപോലെ തന്നെ പ്രീ-ഡിഗ്രി ഘട്ടംവരെയുള്ള വിദ്യാഭ്യാസം കേരളത്തിൽ സൗജന്യമാക്കണം. കേരളത്തിൽ പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കണമെന്നാണ്. കേരളത്തിലെ എല്ലാ വിദ്യാർത്ഥി സംഘടനകളും ആവശ്യപ്പെട്ടിട്ടുള്ളത്. അതിനെ അടിസ്ഥാനപ്പെടുത്തി കേരളത്തിൽ പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കണം. ഗവൺമെന്റ് ഓരോ സന്ദർഭത്തിൽ ഓരോ പ്രഖ്യാപനങ്ങളും നടത്തുമെന്നല്ലാതെ നടപ്പിലാക്കണമെന്ന് ഈ ഗവൺമെന്റിനു വല്ല ആഗ്രഹവുമുണ്ടോ ?

ശ്രീ. എ.വി. താമരാക്ഷൻ : ഈ പ്രീ-ഡിഗ്രി ബോർഡ് ഈ വർഷം തന്നെ നടപ്പിലാക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് വിദ്യാഭ്യാസമന്ത്രി പറയുന്നുവെങ്കിലും ബോർഡ് നടപ്പിലാക്കണമെങ്കിൽ അതിനാവശ്യമായ സാമ്പത്തിക ബാദ്ധ്യത അനുവദിച്ചുകൊടുക്കുന്നത് ധനകാര്യവകുപ്പാണെന്ന കാര്യം നിങ്ങളോർക്കുന്നുണ്ടോ ? ധനകാര്യവകുപ്പ് ഈ വർഷം ഒരു പൈസപോലും കൊടുക്കുകയില്ലെന്ന് പറഞ്ഞ സ്ഥിതിക്ക് ഈ വർഷം ഫലത്തിൽ പ്രീ-ഡിഗ്രി ബോർഡ് ഉണ്ടാകുകയില്ലെന്ന കാര്യം നിങ്ങളോർക്കുന്നുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പ്രീ-ഡിഗ്രി ബോർഡ് ഈ വർഷം ഉണ്ടാകാൻ പോകുന്നില്ലെന്ന് മന്ത്രിമാരുടെ പരസ്പരവിരുദ്ധമായ പ്രസ്താവനകളിൽനിന്നും മനസ്സിലായി. ഇതിന്റെ ഫലമായി ഈ പ്രീ-ഡിഗ്രി ബോർഡിനെതിരായി കേരളത്തിലെ വിദ്യാർത്ഥികൾ നടത്തിയ സമരം ശരിയാണെന്ന് വന്നിരിക്കുന്നു. ഇതിന്റെ ഫലമായി കേരളത്തിലെ യൂണിവേഴ്സിറ്റി ജീവനക്കാർ നടത്തിയ സമരം ശരിയാണെന്ന് വന്നിരിക്കുന്നു. ഇതിന്റെ ഫലമായി കേരളത്തിലെ കോളേജ് അദ്ധ്യാപകർ കൂടി നടത്തിയ സമരം ശരിയാണെന്ന് വന്നിരിക്കുന്നു. എന്തിനാണ് അവരെ ആവശ്യമില്ലാതെ സമരരംഗത്തേക്ക് വലിച്ചിഴച്ചത് ?

ശ്രീ. സിറിയക് ജോൺ : ഇന്നലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയിൽ ധനകാര്യ വകുപ്പുമന്ത്രിയും മറ്റുള്ള ഗവൺമെന്റിലെ എല്ലാ അംഗങ്ങളും ഇരിക്കുമ്പോൾ പ്രീ-ഡിഗ്രി ബോർഡ് ഈ വർഷംതന്നെ നടപ്പിലാക്കുമെന്ന് പരസ്യമായി പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിച്ചു എന്നുതന്നെയാണ് ഞാനും പറയുന്നത്. പക്ഷേ അത് നടപ്പിലാക്കണമെങ്കിൽ പണം വേണ്ടേ ? പണമുണ്ട്.....

ശ്രീ. സിറിയക് ജോൺ : ആവശ്യമുള്ള പണമുണ്ടെന്നും ഈ വർഷംതന്നെ പ്രീ-ഡിഗ്രി ബോർഡ് വരുമെന്നും പ്രഖ്യാപിച്ച വിവരം ഓർക്കുമോയെന്ന് പോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ അരിനുള്ള പണസഞ്ചി നമ്മുടെ തച്ചടിയുടെ കൈയ്യിലല്ലേയുള്ളത് ? ആ സഞ്ചിയിൽനിന്നും പൈസ എടുക്കണ്ടേ ?

ശ്രീ. ടി.എം. ജേക്കബ് : ഈ പ്രീ-ഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റിയിൽത്തന്നെ നിലനിർത്തണമെന്നാണോ അതോ അതിന് മറ്റൊരു സംവിധാനം ഏർപ്പെടുത്തണമെന്നാണോ മാർക്സിസ്റ്റു പാർട്ടിയുടെ അഭിപ്രായം ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പ്രീ-ഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റിയുടെ ഭാഗമാക്കുന്നതിൽ യാതൊരു തെറ്റുമില്ല. അതനുസരിച്ച് പാർട്ടിയുടെ അഭിപ്രായങ്ങളും പാർട്ടി പറഞ്ഞതാണ്. അതനുസരിച്ച് എല്ലാ പാർട്ടികളുടെയും അഭിപ്രായം ആരായുന്നതിനുവേണ്ടി ഒരു ചർച്ചയ്ക്ക് തയ്യാറാകണം. ഇപ്പോൾ വൈസ് ചാൻസലർമാരുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി എല്ലാപാർട്ടികളുമായി ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറായിക്കൊണ്ട് തീരുമാനം എടുക്കണമെന്നാണ് ഇക്കാര്യത്തിൽ ഞങ്ങളുടെ അഭിപ്രായം. ഇവിടെ പ്രീ-ഡിഗ്രി ബോർഡ് സമരത്തെക്കുറിച്ച് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ പറഞ്ഞത് ജീവനക്കാരെ തക്കതായ നടപടിക്ക് വിധേയമാക്കുമെന്നാണ്. എന്താണ് തക്കതായ നടപടിക്ക് വിധേയമാക്കുന്നത് ? ഇവിടെ യൂണിവേഴ്സിറ്റി ജീവനക്കാർ നടത്തിയ സമരം ന്യായമാണെന്ന് വന്നിരിക്കുന്ന ഈ സാഹചര്യത്തിൽ യൂണിവേഴ്സിറ്റി ജീവനക്കാർക്കെതിരായിട്ടുള്ള യുദ്ധ പ്രഖ്യാപനം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർത്തിവയ്ക്കണം. ഇവിടെ യൂണിവേഴ്സിറ്റി ജീവനക്കാർ സമരം ചെയ്തതുകൊണ്ടെന്ന തിന്റെ പേരിൽ ഗവൺമെന്റ് ചന്ദ്രഹാസമിളക്കുന്നു. ടെലിഫോൺസ് ജീവനക്കാർ എത്ര ദിവസങ്ങളായി സമരം നടത്തുന്നു, അവിടെ എത്ര ദിവസമായി സമരം നടക്കുന്നു ? ടെലിഫോൺ കിട്ടുന്നില്ലെന്ന് ഇന്ന് മുഖ്യമന്ത്രിക്ക് തന്നെ പറയേണ്ടിവന്നില്ലേ ? ടെലിഫോൺ ഡിപ്പാർട്ടുമെന്റാകെ തകർത്ത് നമ്മുടെ രാജ്യത്തെ വാർത്താവിനിമയ രംഗം ആകെ തകർത്തതുകൊണ്ട് ടെലിഫോൺ ഡിപ്പാർട്ടുമെന്റിൽ എൻജിനീയറിംഗ് വിഭാഗം സമരം നടത്തുമ്പോൾ അതിനെതിരേ കണ്ണടയ്ക്കുകയല്ലേ കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത് ? ആസ്ഥാനത്ത് അവിടെ ഓപ്പറേറ്റർമാരാണ് സമരം ചെയ്തതെങ്കിൽ അവരെ പിരിച്ചുവിടുമായിരുന്നില്ലേ ? ഓപ്പറേറ്റർമാരിൽ സാധാരണക്കാരാണ് സമരം ചെയ്യുന്നതെങ്കിൽ അവരെ പോലീസിനെക്കൊണ്ട് അറസ്റ്റ് ചെയ്യിപ്പിച്ചേക്കും. ഇപ്പോൾ ടെലിഫോൺ ബന്ധമാകെ കേടുപാടുകൾ വരുത്തിയിരിക്കുന്നു. എൻജിനീയർമാർക്കെതിരെ നടപടിയില്ലെന്ന് മാത്രമല്ല അവരെ സഹായിക്കുന്ന നയമാണവർ സ്വീകരിച്ചിരിക്കുന്നതും. സമരം ചെയ്യുന്ന സാധാരണക്കാരായ തൊഴിലാളികൾക്കെതിരായി ചന്ദ്രഹാസമിളക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത് ? ഇവിടെ ഈ ഗവൺമെന്റ് പ്രഖ്യാപനങ്ങൾ പലതും നടത്തുന്നു; പക്ഷേ ഒന്നും ഫലത്തിൽ നടപ്പാക്കുകയില്ല. ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതാണ് ട്രാൻസ്പോർട്ട് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം. ശ്രീ. പി.കെ. വേലായുധൻ ഒരുദിവസം രാവിലെ പറഞ്ഞു, വിദ്യാർത്ഥികൾക്ക് ട്രാൻസ്പോർട്ട് ബസ്സിൽ സൗജന്യം ! മുഖ്യമന്ത്രി പറഞ്ഞു, സൗജന്യമൊന്നുമില്ല. ഗവൺമെന്റിലെ മന്ത്രിമാർ ഒരു നയം പ്രഖ്യാപിക്കുമ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടു വേണ്ടേ പ്രഖ്യാപിക്കാൻ ? അങ്ങനെ, എല്ലാ രംഗത്തും ഇന്നു നടന്നുകൊണ്ടിരിക്കുന്ന 'നടപടി' യൂണിവേഴ്സിറ്റി രംഗത്തും ഉപയോഗപ്പെടുത്തിക്കൊണ്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിനേയും, സെനറ്റിനേയും ഉപയോഗപ്പെടുത്തി അവിഹിതമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കാൻ വേണ്ടിയാണ് ഇപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള സ്ഥിതിവിശേഷം അംഗീകരിച്ചു കൊടുത്താൽ അത് ഈ സംസ്ഥാനത്തിനു തന്നെ അപമാനകരമായിത്തീരും. ഗാന്ധിജി യൂണിവേഴ്സിറ്റി സെനറ്റിലേക്കും സിൻഡിക്കേറ്റിലേയ്ക്കും അടുത്തകാലത്ത് തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നില്ല. ഇപ്പോഴത്തെ ഈ ബിൽ പാസ്സാക്കി കൊടുത്താൽപോലും രണ്ടുമാസത്തിനുള്ളിൽ തെരഞ്ഞെടുപ്പു നടത്താനുള്ള യാതൊരു സാഹചര്യവുമില്ലാത്തതുകൊണ്ട് ഇടയ്ക്കിടയ്ക്ക് ഇങ്ങനെ ഓർഡിനൻസുകൾ പുറപ്പെടുവിക്കേണ്ടി വരും. ഇടയ്ക്കിടയ്ക്ക് ബില്ലുമായി നിയമസഭയെ സമീപിക്കേണ്ട ഒരു പരിതഃസ്ഥിതിയുണ്ടാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെപ്പോലെ തെരഞ്ഞെടുപ്പ് നീട്ടി നീട്ടി കൊണ്ടുപോയ ഒരു മന്ത്രിയായി ശ്രീ. സുന്ദരം സ്വാമി മാറിയതുപോലെ ശ്രീ. ജേക്കബും മാറേണ്ടി വരുന്ന ഒരു സ്ഥിതി വിശേഷം ഒഴിവാക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ (ശ്രീ. സി. എഫ്. തോമസ്)

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഇവിടെ പലരും ചൂണ്ടിക്കാട്ടിയതുപോലെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നിയമസഭയിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകളല്ലാതെ മറ്റൊരു സ്ഥാപനങ്ങളിലും തെരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞിട്ടില്ല. തെരഞ്ഞെടുപ്പിനെ ഇത്രമാത്രം ഭയപ്പെടുന്ന ഒരു ഗവൺമെൻറ് നമ്മുടെ സംസ്ഥാനം ഇതുവരെ കണ്ടിട്ടില്ല. പഞ്ചായത്തുകളും കോർപ്പറേഷനുകളും, മുനിസിപ്പാലിറ്റികളും ഇവയുടെ കാലാവധി അവസാനിച്ചു. അതിനുശേഷം തെരഞ്ഞെടുപ്പ് നടത്തും നടത്തുമെന്ന് പഞ്ചായത്തു മന്ത്രിയും മുഖ്യമന്ത്രിയും പലപ്പോഴും പറഞ്ഞു. പക്ഷേ തെരഞ്ഞെടുപ്പു നടത്താൻ അവർ തയ്യാറല്ല. തെരഞ്ഞെടുപ്പ് നടത്തിയാൽ സ്വാഭാവികമായും പ്രതിപക്ഷം ബഹുഭൂരിപക്ഷം മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും കോർപ്പറേഷനുകളും പിടിച്ചെടുക്കും എന്നുള്ള ഭയം കൊണ്ടാണ് തെരഞ്ഞെടുപ്പ് നടത്താത്തത്. എവിടെയെല്ലാം പ്രതിപക്ഷം അധികാരത്തിൽ വരാൻ സാദ്ധ്യതയുണ്ടോ അവിടെയെല്ലാം തെരഞ്ഞെടുപ്പ് നടത്തേണ്ട എന്നാണ് ഈ ഗവൺമെൻറിന്റെ തീരുമാനം. ഈ സംസ്ഥാനത്തിലെ നാൽപ്പത്തിയൊൻപത് ശതമാനത്തോളം ആളുകളുടെ പ്രാതിനിദ്ധ്യം ഇവിടത്തെ പ്രതിപക്ഷത്തിനുണ്ട്. നോമിനേറ്റ് ചെയ്യപ്പെടുന്ന ഏതെങ്കിലും ബോഡികളിൽ പ്രതിപക്ഷത്തിന്റെ പ്രതിനിധികളെ ആരെയെങ്കിലും നോമിനേറ്റ് ചെയ്യാറുണ്ടോ ? ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ സെനറ്റിന്റെ കഥ ഇവിടെ ശ്രീ. രാധാകൃഷ്ണൻ പറഞ്ഞു. എന്റെ ബഹുമാനപ്പെട്ട സുഹൃത്തുക്കളായ പല എം. എൽ. എ. മാരും അതിനകത്തുണ്ട്. വക്കീലൻമാരുണ്ട്, പലരുമുണ്ട്. പ്രതിപക്ഷത്തുള്ള, പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളിൽവിശ്വസിക്കുന്ന ഒരൊറ്റ ആളുപോലും ആ സിൻഡിക്കേറ്റിൽ ഇല്ല, അതുപോലെതന്നെ ഡി. സി. സി. യിലേക്ക് മെമ്പർമാരെ നോമിനേറ്റ് ചെയ്യാറുണ്ട്. കോൺഗ്രസ് (ഐ) യുടെ പ്രാദേശിക-ജില്ലാ പ്രതിനിധികളെക്കൊണ്ട് ഡി. സി. സി. കൾ മുഴുവൻ നിറച്ചിരിക്കുകയാണ്, അതുപോലെതന്നെ ഗവേണിംഗ് ബോഡീസ് ഉണ്ട്. അവയുടെ.....

ശ്രീ. എം. എം. ഹസ്സൻ : ഡി. സി. സി. കളിൽ പ്രതിപക്ഷ പാർട്ടികളുടെ പ്രതിനിധികളും ഇല്ലെന്ന് ആക്ഷേപം പറയാൻ പറ്റുമോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : ആ വാചകം ഞാൻ ഉപയോഗിച്ചില്ല. പ്രതിപക്ഷ പാർട്ടികളുടെ ആരും ഇല്ലെന്ന് ഞാൻ പറഞ്ഞില്ല. ഭരണകക്ഷിയുടെ, പ്രത്യേകിച്ചും കോൺഗ്രസ് (ഐ) യുടെ ജില്ലാ നിലവാരത്തിലുള്ള നേതാക്കൻമാരെക്കൊണ്ട് നിറച്ചിരിക്കുന്നു എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

ഗവേണിംഗ് ബോഡികളുണ്ട് (ഡി. ആർ. ഡി. എ.) എം. എൽ. എ. മാർ എന്നുള്ള നിലയിൽ ഗവേണിംഗ് ബോഡികളിൽ ഞങ്ങളെപ്പോലുള്ള ആളുകൾ മെമ്പർമാർ ആകാറുണ്ട്. അതല്ലാതെ ഗവേണിംഗ് ബോഡികളിൽ ഏതെങ്കിലും പ്രതിപക്ഷ പാർട്ടിയുടെ രാഷ്ട്രീയ നേതാക്കൻമാരെ നോമിനേറ്റ് ചെയ്യാറുണ്ടോ ? ഒറ്റ ഗവേണിംഗ് ബോഡിയിലും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയിൽ വിശ്വസിക്കുന്ന ഒരു നേതാവിനെയും നോമിനേറ്റ് ചെയ്തിട്ടില്ല. അതുപോലെതന്നെ ബ്ലോക്കുതലത്തിൽ ഹരിജനങ്ങൾക്ക് വീടുവച്ച് കൊടുക്കാനുള്ള സെലക്ഷൻ ബോർഡുകളുണ്ട്. ബോർഡുകളിൽ എം. എൽ. എ. മാർ എന്നുള്ള നിലയിൽ ഞങ്ങളും ആ ബോർഡുകളിൽ ഉണ്ടാകും. പക്ഷേ പ്രതിപക്ഷത്തുള്ള ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ വിശ്വസിക്കുന്ന ആരെയെങ്കിലും നോമിനേറ്റ് ചെയ്തിട്ടുണ്ടോ ? ഈ ഗവൺമെൻറ് തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നത് ഇതുപോലുള്ള ബോഡികളിൽ പ്രതിപക്ഷത്തെ രാഷ്ട്രീയപാർട്ടിയിൽ വിശ്വസിക്കുന്ന ആളുകളെ കടന്നു കൂടരുത് എന്നുള്ളതുകൊണ്ടാണ്. സെനറ്റിനെ സംബന്ധിച്ച് സംസാരിച്ചപ്പോൾ സി. ഐ. ടി. യു. യിൽ വിദ്യാഭ്യാസ വിചക്ഷണൻമാരുണ്ടോ എന്നൊരു ചോദ്യം എന്റെ സുഹൃത്ത് രാമചന്ദ്രൻ മാസ്റ്റർ ചോദിച്ചു. കേരള യൂണിവേഴ്സിറ്റി സെനറ്റിൽ സി. ഐ. ടി. യു. വിന്റെ പ്രതിനിധികളുണ്ട്. വിവരവും വിദ്യാഭ്യാസവുമുള്ള ആളുകൾ സി. ഐ. ടി. യു. വിലുണ്ട്. സി. ഐ. ടി. യു. വിന്റെ അഖിലേന്ത്യാ നേതാവ് സഖാവ് രൺദിവെയാണ്. സി. ഐ. ടി. യു. എന്നു പറയുമ്പോൾ ഒരു അലർജിയാണ്. സി. ഐ. ടി. യു. എന്നു പറയുമ്പോൾ ഉള്ള അലർജി ഇപ്പോൾ തുടങ്ങിയതല്ല. 1980-ൽ അധികാരത്തിലിരുന്ന ഗവൺമെൻറിനെ അട്ടിമറിക്കുന്നതിനുവേണ്ടി ഉയർത്തിയ ഒരു മുദ്രാവാക്യമാണ് സി. ഐ. ടി. യു., സി. ഐ. ടി. യു. മോശക്കാരാണ്. സി. ഐ. ടി. യു. വിൽ വിവരമുള്ളവരില്ല വിവരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും അട്ടിപ്പേറ് ഈ ഗവൺമെൻറിലെ ഘടകകക്ഷികളും കോൺഗ്രസ് പാർട്ടിയും ഏറ്റെടുത്തിരിക്കുന്നു !

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഞാൻ അങ്ങനെ അല്ല പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചതാണ്. പ്രീ-ഡിഗ്രി ബോർഡ് വേണ്ട വേണ്ട എന്ന് മുദ്രാവാക്യം വിളിച്ച് അതിനെതിരായി സമരം ചെയ്തത് ചുവന്ന തലയിൽ കെട്ടും കെട്ടി സി. ഐ. റ്റി. യു. കാരാണ്. വിദ്യാർത്ഥികളും അദ്ധ്യാപകരുമല്ല. വിദ്യാഭ്യാസ വിചക്ഷണൻമാരുമല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. സമര രംഗത്തൊക്കെ കണ്ടത് ചുവന്നതലയിൽ കെട്ടും കെട്ടി സി. ഐ. ടി. യു. കാരെയാണ്. മഴ പെയ്യുമ്പോഴപ്പോലും സ്കൂളിന്റെ വരാന്തയിൽ കയറി നിൽക്കാത്ത ആളുകളാണ് സമരം നടത്തിയത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. ജെ. തങ്കപ്പൻ : പ്രീ-ഡിഗ്രി ബോർഡിനു എതിരായി സമരം നടത്തിയത് സി. ഐ. ടി. യു. ക്കാരാണെന്നാണോ പറയുന്നത് ? പ്രീ-ഡിഗ്രി ബോർഡിനെതിരായി സമരം നടത്തിയത് ഈ സംസ്ഥാനത്തെ വിദ്യാർത്ഥി വിഭാഗമാണ്. പ്രീ-ഡിഗ്രി ബോർഡിനു എതിരായി സമരം നടത്തിയ ജീവനക്കാരിൽ ശ്രീമാൻ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഒരു വലിയ സംഘടനയുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ സംഘടനയിലുള്ള ആളുകളും തലയിൽകെട്ടുകാരാണോ ? വിദ്യാർത്ഥി വിഭാഗവും യൂണിവേഴ്സിറ്റി ജീവനക്കാരും നടത്തിയ ഐതിഹാസികമായ സമരത്തിന്റെ മുൻപിൽ നിങ്ങൾക്ക് മുട്ടുകുത്തേണ്ടിവന്നില്ലേ ? ആ ആവേശകരമായ സമരത്തിന്റെ മുൻപിൽ നിങ്ങൾ മുട്ടുകുത്തി, അതിനുശേഷമാണ് എസ്. എൻ. ഡി. പി. യും എൻ. എസ്. എസും. മുസ്ലീം ലീഗിന്റെ ചില സംഘടനകളും എല്ലാം പ്രീ-ഡിഗ്രി ബോർഡിനു എതിരായി ശക്തിയായ ശബ്ദവുമായി രംഗത്ത് വന്നത്. ഇപ്പോഴും പ്രീ-ഡിഗ്രി ബോർഡിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായ അഭിപ്രായമുണ്ടെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ ? ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രി ഇവിടെ പറഞ്ഞു യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഗ്രാന്റ് കിട്ടണമെങ്കിൽ സിൻഡിക്കേറ്റും സെനറ്റും നോമിനേറ്റ് ചെയ്യപ്പെട്ട ബോഡികളാകണമെന്ന്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ധനസഹായം ലഭിക്കണമെങ്കിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ അതിനകത്ത് പാടില്ല എന്ന്. മന്ത്രിയോട് ഒന്നു ചോദിക്കട്ടെ ആ വാദം ശരിയാണെങ്കിൽ എന്തുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട സെനറ്റും തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റും ഇല്ലാത്ത ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഗ്രാന്റ് ലഭിച്ചില്ല ? അദ്ദേഹത്തോട് അപ്പോൾ തന്നെ പറഞ്ഞു യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഇങ്ങനെ ഒരു നിർദ്ദേശം തന്നിട്ടുണ്ടെങ്കിൽ ഞങ്ങൾക്ക് അതിന്റെ ഒരു കോപ്പി തരണം, അതിന്റെ പ്രസക്ത ഭാഗം വായിച്ച് കേൾപ്പിക്കണം എന്ന്. അദ്ദേഹം കൊണ്ടുവരുന്ന ബില്ലുകൾ പാസ്സാക്കി എടുക്കാൻവേണ്ടി വെറുതെ ഓരോന്ന് പറയുന്നതാണ്. അദ്ദേഹം പറഞ്ഞത് ശരിയാണെങ്കിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ സഹായം ഇതിനു മുൻപു തന്നെ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ലഭിക്കണമായിരുന്നു. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട സെനറ്റും സിൻഡിക്കേറ്റുമുള്ള കേരള യൂണിവേഴ്സിറ്റിയിൽ എന്താണ് സംഭവിച്ചത് ? ആ സെനറ്റിനെയും സിൻഡിക്കേറ്റിനെയും ഇഷ്ടംപോലെ മരവിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സെനറ്റിനെയും സിൻഡിക്കേറ്റിനെയും മരവിപ്പിക്കാൻ ഈ ഗവൺമെന്റിലെ പ്രമാണിമാർ തീരുമാനിച്ചു, പറഞ്ഞാൽ കേൾക്കാത്തതുകൊണ്ടുമാത്രം. പ്രീ-ഡിഗ്രി ബോർഡിനെതിരെയുള്ള സമരത്തെ അനുകൂലിച്ചു എന്നുള്ള വാദഗതി ഉയർത്തിക്കൊണ്ട് നമ്മുടെ കേരള യൂണിവേഴ്സിറ്റിയുടെ സെനറ്റിനെയും സിൻഡിക്കേറ്റിനെയും കുറെ മാസങ്ങളോളം മരവിപ്പിച്ചു നിറുത്തി ഈ ഗവൺമെന്റ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ തെരഞ്ഞെടുക്കപ്പെട്ട ഒരു ബോഡിയെപ്പോലും പ്രവർത്തിപ്പിക്കാൻ അനുവദിക്കാത്തതാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റ് നോമിനേഷനിൽ വിശ്വസിക്കുന്ന ഗവൺമെന്റാണ്. ഈ ഗവൺമെന്റിന്റെ രാഷ്ട്രീയ സ്വാധീനം ഉപയോഗിക്കാൻവേണ്ടി മാത്രം നിയോഗിക്കപ്പെട്ട ഒരു സെനറ്റിനും സിൻഡിക്കേറ്റിനും, 2 വർഷം തികച്ചതിനുശേഷം വീണ്ടും ആറു മാസം കൂടി നീട്ടിക്കൊടുക്കണം, ആയുസ് നീട്ടിക്കൊടുക്കണം എന്ന് ആവശ്യപ്പെടുന്ന ഈ ബില്ലിനെ അതിശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പൊതുവായ സ്ഥിതിഗതികളിലേക്ക് വിരൽപൂണ്ടി ഇവിടെ പലരും സംസാരിക്കുകയുണ്ടായി. ഇവിടെ പരാമർശിച്ച വിഷയങ്ങളെ ഇനി ഞാൻ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ വളരെ നിസ്സാരമായ ഈയൊരു ദേഭഗതി വളരെയധികം ഭയാശങ്കകളുടെ നിഴലിലാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരം കിട്ടാത്ത സാഹചര്യത്തിൽ യു. ജി. സി. നിർദ്ദേശമനുസരിച്ചുള്ള പുതിയ ദേഭഗതികളെ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ നിയമത്തിൽ ഉൾക്കൊള്ളിക്കാൻ വേണ്ടിയാണ് മരണസമിതികളുടെ കാലാവധി 6 മാസം നീട്ടിയതെന്ന്. ആമുഖമായി ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ഒരു പ്രസ്താവനയാണ് ഈ ഭയാശങ്കയ്ക്ക് മുഖ്യമായ കാരണം. യൂണിവേഴ്സിറ്റി ആരംഭിച്ച് 3 വർഷം പിന്നിട്ടിരിക്കുന്നു. പല തവണ ഈ സഭയിൽ പരാമർശിക്കപ്പെട്ടതുപോലെ ഇന്നും ഇതിന് യു. ജി. സി. യുടെ അംഗീകാരം ലഭിച്ചിട്ടില്ല എന്നുള്ളത് ഖേദകരമായ ഒരു സത്യമാണ്. പക്ഷെ കേരള നിയമസഭ സമഗ്രമായി ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് അംഗീകരിച്ച നിയമത്തിൽ, നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാന ഘടനയിൽ, പുതിയ മാറ്റങ്ങളുണ്ടാകാൻ പോകുന്നു എന്ന സൂചന തീർച്ചയായും വളരെയേറെ അപകടകരമായി ഞാൻ കാണുകയാണ്. കാരണം കേരളത്തിലെ വിദ്യാഭ്യാസ നിയമങ്ങളും, ഇവിടെ നേരത്തെ പലരും സൂചിപ്പിച്ചതുപോലെ നിരന്തരമായ സമരത്തിലൂടെയും നിരന്തരമായ ചർച്ചകളിലൂടെയും നിരന്തരമായ പ്രക്ഷോഭണത്തിലൂടെയും ഉരുത്തിരിഞ്ഞവയാണ്. കാലാകാലങ്ങളിൽ കേന്ദ്ര ഗവൺമെന്റും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും കൈക്കൊണ്ട നടപടികളുടെ അനുസൃതമായാണ് നിയമങ്ങളും രൂപപ്പെടുത്തിയത്.

സർ, നേരത്തെ സൂചിപ്പിച്ചതുപോലെ യൂണിവേഴ്സിറ്റികളുടെ ജനാധിപത്യവൽക്കരണം ഒരു വലിയ ആശയമായി യു. ജി. സി. കൊട്ടിഘോഷിച്ച കാലഘട്ടത്തിൽ അവർ ഉന്നയിച്ച ആവശ്യം. അംഗീകരിച്ചുകൊണ്ടാണ് വളരെ വ്യാപകമായ തോതിൽ കേരളത്തിൽ ആ നിയമങ്ങളും നടപ്പിലാക്കിയത്. സുപ്രീം കോടതി ചീഫ് ജസ്റ്റീസായിരുന്ന ശ്രീ. ഗജേന്ദ്രഗാഡ്കർ ചെയർമാനായ കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം യൂണിവേഴ്സിറ്റികളുടെ ജനാധിപത്യവൽക്കരണത്തെ സംബന്ധിച്ച് പല മാറ്റങ്ങളും നമ്മുടെ നിയമങ്ങളിലുണ്ടാക്കി. അതിന്റെ ഭാഗമായി വിദ്യാഭ്യാസ വിദഗ്ദ്ധൻമാരുടെ മാത്രമല്ല സമൂഹത്തിലെ വ്യത്യസ്തമായ തുറകളിലും വ്യത്യസ്തമായ മേഖലകളിലും മുള്ളവരുടെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടേയും പൊതുപ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയുമെല്ലാം പ്രതിനിധികളും ഈ ഭരണസമിതികളിൽ ഉണ്ടാകേണ്ടത് ഒരാവശ്യമാണെന്ന സങ്കല്പത്തിലാണ് നമ്മൾ ഈ നിയമങ്ങൾ കരുപ്പിടിപ്പിച്ചത്. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമമുണ്ടായപ്പോൾ കേരള യൂണിവേഴ്സിറ്റിയിലും കോഴിക്കോട് യൂണിവേഴ്സിറ്റിയിലും നാം അംഗീകരിച്ച പാറേറൺ തന്നെ അംഗീകരിച്ചു. ഇപ്പോൾ യു. ജി. സി. യുടെ പുതിയ കാഴ്ചപ്പാടനുസരിച്ച് ആ നിയമങ്ങൾ മാറ്റാൻ പോകുന്നത് തീർച്ചയായും ഗൗരവമായ പ്രശ്നമാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ, ആ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. സർ, അവിടെ സെനറ്റ് എടുത്തു കളഞ്ഞു. അത്തരത്തിലുള്ള മാറ്റങ്ങളാണ് ഇവിടെയും ഉണ്ടാകാൻ പോകുന്നതെങ്കിൽ, സെനറ്റില്ലാതെ സിൻഡിക്കേറ്റിന് വ്യക്തമായ അധികാരങ്ങളില്ലാത്ത, യൂണിവേഴ്സിറ്റികളുടെ ആട്ടോണോമസ് സ്വഭാവത്തിന് നിരക്കാത്ത ഒരു നിയമമാണ് ഉണ്ടാക്കാൻ പോകുന്നതെങ്കിൽ, തീർച്ചയായും ആ നിയമത്തെപ്പറ്റി വേണ്ടത്ര വീണ്ടുവിചാരമില്ലാതെ മുന്നോട്ടു പോകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, യൂണിവേഴ്സിറ്റികളുടെ ഭരണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തെപ്പറ്റി നേരത്തെ സൂചിപ്പിക്കുകയുണ്ടായി. സർ, ഇൻഡ്യയിൽ ആദ്യമായി കേരളത്തിൽ ആണ് ഈ വ്യവസ്ഥ നടപ്പിലാക്കിയത്. അക്കാഡമിക് കൗൺസിലിലും ബോർഡ് ഓഫ് സ്റ്റഡീസിലും സിൻഡിക്കേറ്റിലും കേരളത്തിലെ സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്ക് പങ്കാളിത്തമുണ്ട്. വിദ്യാർത്ഥി പങ്കാളിത്തത്തെപ്പറ്റി നാം വിലയിരുത്തുമ്പോൾ കാലാകാലങ്ങളിലെ അനുഭവംകൊണ്ട് കേരളത്തിലെ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രേണത്തിൽ ലഭിച്ച പങ്കാളിത്തം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഒരു സത്യമാണെന്നും കാണാം. അത്തരത്തിൽ അനുഭവത്തിലൂടെ വിജയിച്ച ഒരു കാര്യം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ കാഴ്ചപ്പാട് മാറിയതുകൊണ്ട് ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിൽ ആ വ്യവസ്ഥ ഉണ്ടാകാതിരിക്കുന്നത് തീർച്ചയായും ദൗർഭാഗ്യകരമാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത് ഒരു പൊതു നിയമമുണ്ടാക്കുമ്പോൾ, തീർച്ചയായും കാലാകാലങ്ങളിൽ നമ്മൾ സ്വീകരിച്ച നയങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന ഒരു നിയമമായി അത് മാറാൻ പാടില്ല. ഗാന്ധിജി യൂണിവേഴ്സിറ്റിയെപ്പറ്റി സൂചിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ എല്ലാം തൃപ്തികരമാണെന്ന അഭിപ്രായമെനിക്കില്ല. അവിടെ ഇനിയും പല കാര്യങ്ങളും ശരിയാക്കാനുണ്ട്. ആ യൂണിവേഴ്സിറ്റി ആരംഭിച്ച കാലം മുതൽ ഇപ്പോഴും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അവിടെ സ്ഥലത്തിന്റെ അക്വിസിഷൻ പൂർത്തിയായിട്ടില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കണം. കാരണം വളരെയധികം താല്പര്യത്തോടുകൂടി ആരംഭിച്ച ഒരു യൂണിവേഴ്സിറ്റിയാണ്. പ്രത്യേകിച്ചും കേരളത്തിൽ അക്കാഡമിക് രംഗത്താണെങ്കിലും സ്പോർട്ട്സ് രംഗത്താണെങ്കിലും മുൻപന്തിയിലുള്ള കോളേജുകളും ഉൾക്കൊള്ളുന്ന ഒരു യൂണിവേഴ്സിറ്റി ഒരനാഥാലയമാകാൻ പാടില്ല. അവിടെ എന്തെല്ലാം പ്രശ്നങ്ങളുണ്ടെങ്കിലും വിദ്യാഭ്യാസവകുപ്പുമന്ത്രിയും ഗവൺമെന്റും മുൻകൈയെടുത്ത് ആ പ്രശ്നങ്ങളും പരിഹരിക്കുവാനും. ആ യൂണിവേഴ്സിറ്റിക്ക് ഇന്നുള്ള അനാഥാവസ്ഥ മാറ്റി യൂണിവേഴ്സിറ്റിക്ക് സ്വന്തമായി ഒരു ആസ്ഥാനമുണ്ടാക്കാനും ആവശ്യമായ നടപടികളും സ്വീകരിക്കണം.

അതുപോലെ ഉന്നത വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചിടത്തോളം വളരെ ഭയാനകമായ സ്ഥിതിയുണ്ട്. ഇന്നലെ ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി, മാർച്ചിലെ പരീക്ഷ എഴുതിയ പലരുടെയും റിസൾട്ട് ഇപ്പോഴും കിട്ടിയിട്ടില്ല എന്ന്. സെപ്റ്റംബറിൽ പ്രീ-ഡിഗ്രി പരീക്ഷ നടത്താതിരിക്കുവാൻ ആലോചന നടക്കുന്നതായി ഇന്നലെ വിദ്യാഭ്യാസവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അത് വളരെ ഗൗരവമായ കാര്യമാണ്. കാരണം മാർച്ചിലെ പരീക്ഷ സമയത്ത് നടന്നില്ല. അതിന്റെ ഫലം സമയത്ത് വന്നില്ല. ഫലം വന്നതിനു ശേഷം അതിന്റെ മാർക്ക് ലിസ്റ്റ് കിട്ടിയില്ല. അത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നു. അതുപോലെ സെപ്റ്റംബർ പരീക്ഷയും വീണ്ടും അപകടത്തിലാകാൻ പോകുന്നു. ആ വിധത്തിൽ യൂണിവേഴ്സിറ്റി പരീക്ഷ കുത്തഴിഞ്ഞുപോകാതിരിക്കാൻ ഗവൺമെന്റ് ഇടപെട്ട് വേണ്ട തരത്തിൽ പ്രവർത്തിക്കണം. യൂണിവേഴ്സിറ്റികളുടെ ഭരണം വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളവും രക്ഷകർത്താക്കളെ സംബന്ധിച്ചിടത്തോളവും ആശങ്കയ്ക്ക് ഇടയില്ലാതെ നടത്താനുള്ള നടപടി സ്വീകരിക്കണം. ഏതായാലും വിദ്യാഭ്യാസരംഗത്തെ, ഇന്നത്തെ അവസ്ഥയിൽ നിന്നും മെച്ചപ്പെടുത്താൻ ഗവൺമെന്റ് ശ്രദ്ധിക്കണം. പ്രത്യേകിച്ചും ഗാന്ധിജി യൂണിവേഴ്സിറ്റിയെക്കുറിച്ച് കഴിഞ്ഞ പല അവസരങ്ങളിലുണ്ടായ വിമർശനങ്ങളും കണക്കിലെടുത്ത് ഗാന്ധിജി സർവ്വകലാശാല നിയമത്തിൽ മാറ്റങ്ങൾ വരുത്തുമ്പോൾ തീർച്ചയായും ഞാൻ സൂചിപ്പിച്ചതുപോലെ വിവേചനപരമായ മാറ്റങ്ങളുണ്ടാക്കാൻ ശ്രദ്ധിക്കണം. വിദ്യാർത്ഥി പങ്കാളിത്തമാണെങ്കിലും പൊതുജനപങ്കാളിത്തമാണെങ്കിലും ഇല്ലാതാകുന്ന അവസ്ഥ ഒഴിവാക്കണം. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളും മെച്ചപ്പെടുത്താനും ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, ഇവിടെ ഗാന്ധിജി സർവ്വകലാശാലയുടെ ഭരണ സമിതികളുടെ കാലാവധി 6 മാസക്കാലത്തേക്കുകൂടി നീട്ടാൻ കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ള പ്രമേയമാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിൽ പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട അംഗം ശ്രീ. വർക്കല രാധാകൃഷ്ണൻ ഞങ്ങളെപ്പോലെയുള്ളവർക്കൊന്നും വലിയ വിവരമില്ലാതെയാണ് ഓരോന്ന് വിളിച്ചു പറയുന്നത് എന്നു പറഞ്ഞു. ഏതായാലും അദ്ദേഹം വിവരത്തിന്റെയും വിജ്ഞാനത്തിന്റെയും കാര്യത്തിൽ ഞങ്ങളുടെ എല്ലാം ഒരണ്ണനാണ്, അക്കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. പക്ഷെ ഇവിടെ ആ ഓർഡിനൻസിനെ ചോദ്യം ചെയ്ത പല പ്രതിപക്ഷ മെമ്പർമാരോടും എനിക്ക് പറയാനുള്ളത് നമ്മൾ കേരള സർവ്വകലാശാലാ നിയമം കൊണ്ടുവന്നപ്പോഴും കാലിക്കട്ട് സർവ്വകലാശാലാ നിയമം കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോഴും കൊച്ചിൻ യൂണിവേഴ്സിറ്റി നിയമം കൊണ്ടുവന്നപ്പോഴും ആദ്യത്തെ സെനറ്റും സിൻഡിക്കേറ്റും അക്കാഡമിക് കൗൺസിലുമെല്ലാം നോമിനേറ്റു ചെയ്യുകയായിരുന്നു. ആ സ്ഥിതിക്ക് ഇതിനുമാത്രം എന്താണിത്ര അപാകത ? അന്ന് 1969-ൽ കേരള സർവ്വകലാശാലാനിയമം വരുമ്പോഴും ശ്രീ. നമ്പൂതിരിപ്പാടായിരുന്നു മുഖ്യമന്ത്രി. അന്ന് ആദ്യത്തെ സെനറ്റും സിൻഡിക്കേറ്റും നോമിനേറ്റു ചെയ്യുകയായിരുന്നു. ഇതൊരു പുതുമയുള്ള കാര്യമൊന്നുമല്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ ; ഗാന്ധിജി സർവ്വകലാശാല പുതിയ സർവ്വകലാശാലയാണ്. മുൻപ് അക്കാഡമിക് സമൂഹത്തിന് നോമിനേറ്റഡ് ബോഡിയിലും മതിയായ പ്രാതിനിധ്യം കൊടുത്തിരുന്നുവെന്നുള്ള കാര്യം ശ്രീ. ഹസ്സൻ അറിയാമോ ?

ശ്രീ. എം. എം. ഹസ്സൻ : ഇപ്പോഴും അതുതന്നെയാണ് ഉദ്ദേശം. അക്കാഡമിക് സമൂഹത്തിന് പ്രാതിനിധ്യം കൊടുക്കണമെന്നാണ് യു. ജി. സി. ഇൻസിസ്റ്റ് ചെയ്യുന്നത്. അതിന്റെ പേരിലാണ് യു. ജി. സി. യുടെ അംഗീകാരത്തെക്കുറിച്ച് ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, അതു പിന്നെ പറയാം. അന്ന് പുതിയ നിയമം കൊണ്ടുവന്നപ്പോഴും സെനറ്റും സിൻഡിക്കേറ്റും ആദ്യമായി നമ്മളാണ് നോമിനേറ്റ് ചെയ്യുകയായിരുന്നു.

സർ, ഇവിടെ എന്തുപറഞ്ഞാലും ഈ ഗവൺമെന്റ് നോമിനേഷൻ ഗവൺമെന്റാണ്, ഈ ഗവൺമെന്റ് ഇലക്ഷൻ നടത്താത്ത ഗവൺമെന്റാണ്, ജനാധിപത്യത്തിനെതിരാണ് എന്നൊക്കെയുള്ള സ്ഥിരം പല്ലവിയാണ്. ഇത് ആയിരംവട്ടം പറഞ്ഞ് പറഞ്ഞ് ആടിനെ പട്ടിയാക്കുന്ന പഴയ ഗീബൽസ് തന്ത്രമുണ്ടല്ലോ, ആ പ്രചരണ തന്ത്രം പ്രതിപക്ഷം പ്രയോഗിക്കുകയാണ്. ഇത് കമ്മ്യൂണിസ്റ്റുകാരുടെ സ്ഥിരം പല്ലവിയാണ്. അതുകൊണ്ടാണ് ഇവിടെ ജനാധിപത്യ വിരുദ്ധമാണ് ഈ ഗവൺമെന്റ് എന്നു പറയുന്നത്. ഈ സ്റ്റാറ്റ്യൂട്ടുകളെല്ലാമുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിനുള്ള സംവിധാനമുണ്ടാക്കണമെങ്കിൽ, നടപടികളും എടുക്കണമെങ്കിൽ, എത്ര കാലതാമസമുണ്ടാകുമെന്നുള്ളത് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ആളുകൾക്കറിയാം. 6 മാസക്കാലം സമിതികളുടെ കാലാവധി നീട്ടണമെന്നു പറയുന്നതിൽ എന്ത് ജനാധിപത്യവിരുദ്ധമാണുള്ളത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. കേരള സർവകലാശാലാനിയമം മാറിയപ്പോഴും കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഈ സംസ്ഥാനത്ത് ആദ്യമായി ഉണ്ടാക്കിയപ്പോഴും കോഴിക്കോടു സർവ്വകലാശാല ഉണ്ടാക്കിയപ്പോഴും ഇതു ചെയ്തതാണ്. പ്രതിപക്ഷവും മറ്റു രാഷ്ട്രീയ പാർട്ടികളും ഭരിക്കുന്ന കാലത്ത് ന്യായമായിരുന്ന ഒരു കാര്യം ശ്രീ. ജേക്കബ് കൊണ്ടുവന്നാൽ അന്യായമാകുന്നതെങ്ങനെ എന്നെനിക്ക് മനസ്സിലാകുന്നില്ല. സർ, നല്ല കാര്യങ്ങളെ അനുകൂലിച്ചുകൂടെ ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, സർവ്വകലാശാല പുതിയതായി രൂപീകരിക്കുമ്പോൾ എല്ലാ സർക്കാരുകളും നോമിനേറ്റഡ് ബോഡിയെയാണ് കൊണ്ടുവന്നതെന്ന് ശ്രീ. ഹസ്സൻ പറഞ്ഞു. അങ്ങനെ നോമിനേറ്റു ചെയ്ത ബോഡിയെ പിന്നീടും പിന്നീടും ഓർഡിനൻസ് കൊണ്ടുവന്ന് കാലാവധി നീട്ടി തെരഞ്ഞെടുപ്പു നടത്താതിരിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അതിപ്പോൾ എനിക്ക് ഓർമ്മയിൽ നിന്നും പറയാൻ നിവൃത്തിയില്ല. പക്ഷേ സ്റ്റാറ്റ്യൂട്ടുകളുടെ അടിസ്ഥാനത്തിൽ പുതിയ തെരഞ്ഞെടുപ്പു സംവിധാനവും നടപടിക്രമങ്ങളും സ്വീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പു നടത്തുന്നതുവരെ ഈ സമിതികൾ തുടരേണ്ടത് ആവശ്യമാണെന്നുള്ള സന്ദർഭങ്ങളിൽ അതുണ്ടായിക്കാണും. പരിശോധിക്കാതെ അതു പറയാൻ നിവൃത്തിയില്ല. ഇത് വെറും 6 മാസക്കാലത്തേക്കാണ് നീട്ടുന്നത്.

ശ്രീ. എ.കെ. ശശീന്ദ്രൻ : ഈ യൂണിവേഴ്സിറ്റി വന്നിട്ട് മൂന്നു വർഷത്തിലധികമായി എന്നുള്ള യാഥാർത്ഥ്യം വിസ്മരിച്ചിട്ട് വെറും 6 മാസക്കാലമെന്നു പറയരുത്.

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. ശശീന്ദ്രനറിയാമല്ലോ ഈറ്റില്ലത്തിലെ പേറു നോവു പോലെ ഒരു പുതിയ യൂണിവേഴ്സിറ്റി പിറന്നു വീഴുമ്പോഴം വളരെയധികം പ്രാരാബ്ധങ്ങളും ആ യൂണിവേഴ്സിറ്റിക്കുണ്ട്. അതാണ് ഇവിടെ ചർച്ച ചെയ്തത് മുഴുവനും. സർ, പിച്ചവച്ചു നടക്കുന്ന പ്രായമേയായിട്ടുള്ളൂ. അതിന് ഇരിപ്പും ഉറപ്പും ശക്തമായ ഒരടിത്തറയുമൊക്കെ വേണമെന്നാണ് ഇപ്പുറത്തും അപ്പുറത്തുമുള്ള മെമ്പർമാർ ചർച്ചയിൽ പറഞ്ഞത്.

ശ്രീ. എ.കെ. ശശീന്ദ്രൻ : സർ, അങ്ങനെയാണെങ്കിൽ പഴയ കഥകളൊന്നും പറയണ്ട. ഇതിന് ഒരുപാട് ബാലാരിഷ്ടതകളുണ്ടെന്നും അംഗീകാരം പോലും കിട്ടാൻ പാടുപെടുന്ന യൂണിവേഴ്സിറ്റിയായതുകൊണ്ട് ഇങ്ങനെ സംഭവിച്ചുപോയിയെന്നും പറഞ്ഞാൽ മനസ്സിലാകും.

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ അതാണ് പറഞ്ഞുവരുന്നത്. ജനാധിപത്യവിരുദ്ധമായ സർക്കാരിന്റെ സമീപനങ്ങളിലുള്ള അവസാനത്തെ ഉദാഹരണങ്ങളാണ് എന്നൊന്നും നിങ്ങൾക്ക് പ്രസംഗിക്കാൻ ധാർമ്മികമായ യാതൊരു അവകാശവുമില്ല. ഇതു പ്രവർത്തന സൗകര്യത്തിനുവേണ്ടി മാത്രം ഉണ്ടാക്കിയിട്ടുള്ള ഒരു ഓർഡിനൻസാണെന്ന് ചൂണ്ടിക്കാണിച്ച് ഞാൻ ഇവിടെ പറഞ്ഞതാണ്. ഇത് ഇതിനുമുൻപും ഇവിടെ ചെയ്തിട്ടുള്ളതാണ്.

സർ, മറെറാരു കാര്യം. യൂ.ജി.സി.യെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. യൂ.ജി.സി. ചില വ്യവസ്ഥകൾ വച്ചിരിക്കുന്നു. യൂ.ജി.സി. വെറും ധനകാര്യ സ്ഥാപനമാണോ, സർവ്വകലാശാലകളുടെ അക്കാഡമിക് കാര്യങ്ങളിൽ യൂ.ജി. സിയ്ക്ക് ഉപദേശിക്കാൻ അധികാരമുണ്ടോ എന്നുള്ളതെല്ലാം യൂ. ജി.സി. യുടെ ആക്ട് പരിശോധിച്ച് പറയേണ്ട കാര്യങ്ങളാണ്. യൂ.ജി.സി. എങ്ങനെ നമുക്ക് അംഗീകാരം തരും ? ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനെപ്പോലുള്ളവർ പ്രസംഗിച്ചതു എന്താണെന്നറിയാമോ ? സർവ്വകലാശാല മുഴുവൻ ഭരണകക്ഷികളെക്കൊണ്ട് നിറയ്ക്കുകയല്ലേ. രാഷ്ട്രീയക്കാരല്ലേ ഇവിടെ ഭരിക്കുന്നത് എന്നൊക്കെയാണ്. അങ്ങനെ നടക്കുന്ന സർവ്വകലാശാലയ്ക്ക് ആര് അംഗീകാരം തരുമെന്ന് ഒരു വശത്തുകൂടി ചോദിക്കുന്നു. യൂ.ജി.സി. പറയുന്നതും അതാണ്. സർവ്വകലാശാലകളുടെ ഭരണത്തിൽ ജനാധിപത്യ സ്വഭാവം കൊണ്ടുവന്ന് മുഴുവൻ രാഷ്ട്രീയക്കാരെ കുത്തിനിറച്ച് അക്കാഡമിഷ്യൻസിനെ ഒഴിവാക്കുന്നത് ശരിയല്ലെന്ന് യൂ.ജി.സി. പറയുന്നു. ആ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നില്ല. പക്ഷെ യൂ.ജി.സി. ക്കു അങ്ങനെ പറയാൻ നമ്മൾ ഒരു വകുപ്പുണ്ടാക്കി കൊടുക്കുകയാണ്. ഇവിടത്തെ പ്രതിപക്ഷമാണ് അവസരമുണ്ടാക്കിക്കൊടുക്കുന്നത്. യൂ.ജി.സി. യെക്കൊണ്ട് ഇത്തരം സർവ്വകലാശാലകൾക്ക് അംഗീകാരം നൽകാതിരിക്കത്തക്കവിധമുള്ള ഒരു ധാരണ പരത്താൻ നിങ്ങൾ ശ്രമിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട ഹസ്സൻ, ഞാൻ പറഞ്ഞത് രാഷ്ട്രീയക്കാരെപ്പറ്റിയല്ല, നിങ്ങളാണിപ്പോൾ കുഴപ്പമുണ്ടാക്കിവച്ചിരിക്കുന്നതെന്നാണ്. നിങ്ങൾ യൂണിവേഴ്സിറ്റിയിൽ അക്കാഡമിഷ്യൻ

LIBRARY ARCHIVES Kerala Legislative Assembly

സിനു പ്രാതിനിധ്യം കൊടുക്കാതെ, പ്രതിപക്ഷത്തിനുപോലും പ്രാതിനിധ്യം കൊടുക്കാതെ വെറും രാഷ്ട്രീയ പരിഗണന വച്ചാണ് ഈ സിൻഡിക്കേറ്റ് രൂപീകരിച്ചിരിക്കുന്നത്. അത് പാടില്ലെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എം. എം. ഹസ്സൻ : ഇവിടെ കേരള സർവ്വകലാശാലയിൽ തെരഞ്ഞെടുപ്പിലൂടെ വന്നിട്ടുള്ള രാഷ്ട്രീയക്കാരുണ്ട്, അവർ തെരഞ്ഞെടുത്ത അംഗങ്ങളാണ്. യൂണിവേഴ്സിറ്റി സെനറ്റിൽ ഉണ്ട്. സെനറ്റിൽനിന്നും സിൻഡിക്കേറ്റിലും ഉണ്ട്. മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ടവരുമുണ്ട്. അല്ലാത്ത രാഷ്ട്രീയക്കാരുമുണ്ട്. ജനാധിപത്യ വ്യവസ്ഥിതിയിൽ രാഷ്ട്രീയക്കാർ തെരഞ്ഞെടുക്കപ്പെട്ടുവന്നാൽ യൂണിവേഴ്സിറ്റി സമിതികളിൽ വരുമ്പോഴും അക്കാഡമിക് താൽപ്പര്യമാണ് അവർ ഉയർത്തിപ്പിടിക്കുന്നത്. അല്ല, എന്ന് ഞാൻ പറയുന്നില്ല. രാഷ്ട്രീയക്കാർ മറ്റ് അക്കാഡമിഷ്യൻസിനെപ്പോലെ തന്നെ സർവ്വകലാശാലകളുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. പക്ഷേ നോമിനേറ്റ് ചെയ്യുമ്പോൾ അടിസ്ഥാനപരമായി ഗവൺമെന്റ് തീരുമാനിക്കേണ്ടതാണ്. പ്രതിപക്ഷത്തുള്ള ആളുകൾ വേണമോ, സിൻഡിക്കേറ്റിലുൾപ്പെടുത്താമോ, സെനറ്റിലുൾപ്പെടുത്താമോ എന്നുള്ളത്. ഉൾപ്പെടുത്തിയിട്ടില്ലെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങനെയുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് സെനറ്റോ, സിൻഡിക്കേറ്റോ ഉണ്ടാക്കുന്നതിൽ യാതൊരു അപാകതയുമില്ല. പക്ഷേ അതില്ലാത്തതിന്റെ പേരിൽ രാഷ്ട്രീയക്കാരെ കുറ്റപ്പെടുത്തുന്നത് ശരിയാണോ ? സർ, നിങ്ങൾ ഭരിച്ച കാലത്ത് പല സമിതികളിലും നിങ്ങൾ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മുഴുവനും പ്രതിപക്ഷങ്ങൾക്കല്ല, ഭരണകക്ഷിയിലുള്ളവർക്കേ മുൻതൂക്കം കൊടുത്തിട്ടുള്ളൂ. എല്ലാ ഗവൺമെന്റുകളും ഭരിക്കുന്ന കാലത്ത് അങ്ങനെ തന്നെയാണ്. പേരിന് ഒന്നോ, രണ്ടോ പ്രതിപക്ഷങ്ങളെ പ്രതിനിധികളായി ഉൾപ്പെടുത്തിക്കാണും. ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇനി വരുന്ന സന്ദർഭത്തിൽ വരുന്ന പ്രതിപക്ഷ പ്രതിനിധികളാരെങ്കിലും സിൻഡിക്കേറ്റിലോ, സെനറ്റിലോ ഇരുന്നെന്നു വിചാരിച്ച് ആകാശമൊന്നും ഇടിഞ്ഞുവീഴാൻ പോകുന്നില്ല. സർവ്വകലാശാലകളുടെ പ്രവർത്തനമൊന്നും തകരാൻപോകുന്നില്ല. അങ്ങനെയുള്ള ഒരഭിപ്രായവും എനിക്കില്ല. ആ ഒരു കാഴ്ചപ്പാട് ഗവൺമെന്റിനു ഉണ്ടാകേണ്ടതാണെന്ന വ്യക്തിപരമായ അഭിപ്രായവും എനിക്കുണ്ട്. പക്ഷേ അതിന്റെ പേരിൽ രാഷ്ട്രീയക്കാരെ കുത്തിനിറച്ച് ഈ സർവ്വകലാശാലയുടെ ഭരണം ഭരണകക്ഷികളുടെ പിടിയിലൊതുങ്ങുന്നുവെന്ന് ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനെപ്പോലുള്ള ആളുകൾ പ്രചരിപ്പിച്ചാൽ ''മോങ്ങാനിരിക്കുന്ന നായുടെ തലയിൽ തേങ്ങാ വീണതുപോലെ'' യു. ജി. സി. അതും എടുത്തുകൊണ്ട് നടക്കും. യു. ജി. സി. പറയുന്നത് ഇവിടെ അക്കാഡമിഷ്യൻസില്ല, എന്നാണ്. അപ്പോൾ ഇതൊരു പ്രചരണമായിരിക്കും.

ശ്രീ. എ. വി. താമരാക്ഷൻ : ഈ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ ഗ്രാന്റ് കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ചില മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കാൻ സാധിക്കും. എന്നാൽ നമ്മുടെ സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു നിയമം, ഇൻഡ്യൻ പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയ ഒരു നിയമം, ആ നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കാനുള്ള അവകാശം യു. ജി. സി. യ്ക്കുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, യു. ജി. സി. പ്രവർത്തിക്കുന്നത് ഒരു ഗവൺമെന്റിനു വിധേയമായിട്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവരുടെ നിയമത്തിനനുസൃതമായി നമ്മൾ പാസ്സാക്കിയതിൽ അവർ

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരിക്കുന്ന കണ്ടിഷൻസ് അനുസരിച്ച് സർവ്വകലാശാലയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയാൽ മാത്രമേ അവർ തരികയുള്ളു. അവരുടെ സമീപനം നമ്മെ കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുകയോ, അഭിപ്രായം പറയുകയോ, അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയോ വേണം എന്നതാണ്. അതു വേറേ കാര്യമാണ്. പക്ഷേ യു.ജി.സി.യുടെ അംഗീകാരം കിട്ടാതെ വരുന്നതിനുള്ള പല കാരണങ്ങളിലൊന്ന് ഇവിടത്തെ പ്രതിപക്ഷത്തിൻെറ നിരന്തരമായ പ്രചരണം കൂടിയായി മാറുന്നുണ്ടെന്നാണ് ഞാൻ പറയുന്നത്. ആ നിലയ്ക്ക് നമ്മെ ചർച്ച കൊണ്ടുപോയി രാഷ്ട്രീയക്കാരും പൊതു പ്രവർത്തകരും സർവ്വകലാശാല ഭരണത്തിൽ വരുന്നതിനോട് ഒരു വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകുന്നത് ശരിയല്ല. ഈ ആറുമാസക്കാലമെന്നത് അധികം നീണ്ടുപോകാൻ പാടില്ലെന്ന അഭിപ്രായം എനിക്കുമുണ്ട്. അതിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്താനുള്ള നടപടികളെടുക്കണം. സർവ്വകലാശാലാ ഭരണ സമിതികളിൽ ദീർഘകാലം ഈ നോമിനേഷൻ മുന്നോട്ടു കൊണ്ടുപോകുന്നതിനോട് യോജിപ്പുള്ള ആളല്ല ഞാൻ. എത്രയും വേഗം തെരഞ്ഞെടുപ്പ് നടത്തി തെരഞ്ഞെടുക്കപ്പെട്ട സെനറ്റും തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുമെല്ലാം ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഉണ്ടാകണമെന്ന വ്യക്തമായ അഭിപ്രായം പ്രകടിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇനി ഒരിക്കൽകൂടി ഇതിൻെറ കാലാവധി നീട്ടാനുള്ള അഭ്യർത്ഥനയുമായി ഈ നിയമസഭയിലേക്ക് ശ്രീ. ജേക്കബിന് വരാതിരിക്കാൻ ഇടവരട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ മൂന്നു വർഷം കഴിഞ്ഞ ഈ സർവ്വകലാശാലയ്ക്ക് ഒട്ടേറെ പ്രാരാബ്ധങ്ങളുണ്ട്. അതിൻെറ കെട്ടിലും മട്ടിലും എടുപ്പിലും നടപ്പിലുമെല്ലാം യൂണിവേഴ്സിറ്റി യെന്നുള്ള ആ മഹനീയമായിട്ടുള്ള ആശയത്തിനനുസൃതമായ പ്രവർത്തനവും ഗാന്ധിജി സർവ്വകലാശാലയ്ക്കുണ്ടാകണം. അതിന് അടിയന്തിരമായ നടപടികളെടുക്കണം.

അതുപോലെ ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ ഗാന്ധിജി സർവ്വകലാശാലയിലേയും കോഴിക്കോട് സർവ്വകലാശാലയിലേയും കേരള സർവ്വകലാശാലയിലേയും നിയമനങ്ങളിലുള്ള അന്തരങ്ങൾ അവസാനിപ്പിച്ചു കൊണ്ട് ഏകീകൃതമായിട്ടുള്ള ഒരു സർവ്വകലാശാലാ നിയമം നമ്മുടെ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾക്കെല്ലാം ഉണ്ടാകത്തക്കവണ്ണമുള്ള സംവിധാനവും കൂടി ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഇവിടെ അവതരിപ്പിക്കുന്ന ഭേഗതിയെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. എം. കെ. കേശവൻ : സർ, ഈ ബില്ലിനെക്കുറിച്ച് ഇതിനു മുൻപ് സംസാരിച്ച മെമ്പർമാരെല്ലാം വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ ആ വിഷയങ്ങളിലേക്ക് കടക്കുന്നില്ല. ആറു മാസത്തേക്കുകൂടി കാലാവധി നീട്ടിക്കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ഒരു ബില്ലാണിത്. ശ്രീ. വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ഇതിനു മാത്രം ഒരു ബില്ലിൻെറ ആവശ്യമുണ്ടായിരുന്നില്ല. ആറു മാസത്തെ കാലാവധി ചോദിച്ചുകൊണ്ട് അവതരിപ്പിക്കുന്ന ഈ ബില്ലിന് അവശേഷിക്കുന്നത് വെറും രണ്ടു മാസം മാത്രമാണ്. ഈ യൂണിവേഴ്സിറ്റി അതിലെ സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കുമുള്ള അംഗങ്ങളെ നോമിനേറ്റ് ചെയ്തപ്പോൾ രണ്ട് വർഷത്തിനിടയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. അങ്ങനെ നിയമമുണ്ടാക്കുകയും ഒക്കെ ചെയ്തതിനു ശേഷം രണ്ടു വർഷവും നാലു മാസവും കഴിഞ്ഞിട്ടാണ് ഇപ്പോൾ വീണ്ടും ആറു മാസത്തേക്കുകൂടി കാലാവധി നീട്ടിക്കിട്ടണമെന്ന ബില്ലുമായി ഇവിടെ വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ കിട്ടാൻപോകുന്നത് വെറും 60 ദിവസം മാത്രമാണ്. 60 ദിവസത്തേക്കു മാത്രം നീട്ടിക്കിട്ടാനിരിക്കുന്ന ഈ ബില്ല്

LIBRARY ARCHIVES Kerala Legislative Assembly

പാസ്സായിക്കഴിഞ്ഞാൽ ഈ 60 ദിവസം കൊണ്ട് ഇതിലേക്കുള്ള തെരഞ്ഞെടുപ്പു നടത്താൻ കഴിയുകയില്ല. അത് ബഹുമാനപ്പെട്ട മന്ത്രിക്കു തന്നെ അറിയാവുന്ന ഒരു കാര്യമാണ്. പിന്നെ ഒരു ചടങ്ങെന്ന നിലയിൽ വേണമെങ്കിൽ ഇനി ആറു മാസത്തെ ഓർഡിനൻസുകൂടി കൊണ്ടുവന്ന് മാറ്റിക്കിട്ടാനുള്ള അവസരമുണ്ടാകുമല്ലോയെന്ന് ഉദ്ദേശിച്ചുകൊണ്ടാണ്. സർ, ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ പ്രധാനമായി ഉന്നയിച്ച ചില കാര്യങ്ങളുണ്ട്. നിർഭാഗ്യവശാൽ ഞാൻ ഒരു സെനറ്റിലെ മെമ്പറാണ്. നിർഭാഗ്യമെന്നു പറഞ്ഞത് കരുതിക്കൂട്ടി പറഞ്ഞതാണ്. ഈ സെനറ്റ് രൂപീകരിച്ചപ്പോൾ ആ സെനറ്റിൽ ആകെക്കൂടി ഇന്ന് ഭരണമുന്നണിയിൽപ്പെടാത്ത ഏക ഒരുത്തൻ ഞാൻ മാത്രമാണ്. ഈ സെനറ്റ് രൂപീകരിച്ച് എട്ട് മാസം കഴിഞ്ഞാണ് ഈ സെനറ്റിന്റെ ആദ്യത്തെ മീറ്റിംഗ് കൂടാനുള്ള നോട്ടീസ് കിട്ടിയത്. ഇങ്ങനെ സെനറ്റ് രൂപീകരിച്ചുവെന്ന വാർത്ത പത്രത്തിൽ കണ്ടുവെന്നും അതിനെക്കുറിച്ച് ഒരറിയിപ്പും കിട്ടിയില്ലല്ലോയെന്നും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് നോട്ടീസ് കിട്ടിയ ഉടനേ തന്നെ സെനറ്റ് കൂടുമെന്നാണ്. എതായാലും സെനറ്റ് രൂപീകരിച്ചെന്ന് നോട്ടിഫിക്കേഷനുണ്ടായിക്കഴിഞ്ഞ് എട്ടു മാസം കഴിഞ്ഞിട്ടാണ് സെനറ്റ് കൂടിയത്. അതുകൊണ്ടൊക്കെത്തന്നെയാണ് ഞാൻ പറഞ്ഞത് ഈ അവശേഷിക്കുന്ന രണ്ടുമാസം കൊണ്ട്, ശ്രീമാൻ ജേക്കബ് എത്ര തന്ത്രശാലിയാണെങ്കിലും തെരഞ്ഞെടുപ്പു നടത്താൻ സാദ്ധ്യമല്ലെന്ന്. എതായാലും ഈ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ഭരണത്തെക്കുറിച്ച് ധാരാളം പത്രവാർത്തകൾ ഇവിടെ വന്നതാണ്. ഇവിടെ രണ്ട് കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം. ഈ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഈ കോളേജുകളിലേക്കുള്ള നിയമന കാര്യങ്ങളിൽ പത്രങ്ങളിൽ ധാരാളം ആവലാതികളും പരാതികളുമൊക്കെ വന്നതാണ്. ഹരിജനങ്ങളുടെ കാര്യം പറയുമ്പോൾ വാചാലരാകുന്ന ധാരാളം ആളുകൾ ഇവിടെയുണ്ട്. നമ്മുടെ മുഖ്യമന്ത്രിയടക്കം ഹരിജനങ്ങളെന്നു പറയുമ്പോൾ അവർക്ക് വേറെയൊന്നും പറയാൻ തോന്നുകയില്ല. സർ, ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലേക്ക് ഒരു ഹരിജനെ കടത്തിവിടാൻ മനസ്സില്ലാത്ത ആളുകളാണിവർ. ഒരു പ്യൂൺ തൊട്ട് ടീച്ചിംഗ് സ്റ്റാഫിലുള്ള ഏതെങ്കിലും വിഭാഗത്തിലേക്ക് ഒരാളെ അങ്ങോട്ട് കടത്തിവിടാൻ യാതൊരു മനസ്സും കാണിക്കാത്ത ആളുകളാണിവർ. അവിടെ നടന്നിട്ടുള്ള നൂറുകണക്കിന് നിയമനങ്ങൾ പരിശോധിച്ചാൽ നമുക്ക് അത് കാണാൻ കഴിയും. എന്തിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനായിട്ടുപോലും ഒരു ഹരിജനെ എടുത്തിട്ടില്ല. പന്നെയാണോ പിന്നോക്കക്കാരുടെ കാര്യം ? സെനറ്റും സിൻഡിക്കേറ്റും അവിടെ നടത്തുന്ന ഭരണത്തെ സംബന്ധിച്ച് ധാരാളം പരാതികളുണ്ടായിട്ടുണ്ട്. ഇവിടെ പറഞ്ഞ 30,000 രൂപയുടെ "ഇൻഡ്യൻ എക്സ്പ്രസ്സിൽ" വന്ന വാർത്ത തന്നെ അതിനുദാഹരണമാണ്. നാട്ടിലെ പാട്ട് 30,000 ഒന്നുമല്ല. അര ലക്ഷം രൂപ കൊണ്ട് ചെന്നിട്ട് ജോലി കിട്ടിയ ആളുകളും കിട്ടാത്ത ആളുകളുമൊക്കെ എന്റെ സ്ഥലത്തുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് നമ്മുടെ രാജ്യത്തെ പത്രങ്ങളിൽ ധാരാളം വാർത്തകൾ വന്നതാണ്. അതിനെക്കുറിച്ച് അന്വേഷിച്ചു, നിഷേധിച്ചു എന്നൊക്കെയുള്ള വാർത്തകൾ വന്നു. ഈ നിഷേധം മാത്രം നടക്കും. അത് സർവ്വസാധാരണമാണ്. പക്ഷേ വസ്തുത വസ്തുതകളായിത്തന്നെയിരിക്കുകയാണ്. അരലക്ഷം രൂപ കൊടുത്ത് ജോലി കിട്ടിയ ഒരാളെക്കുറിച്ച് എനിക്കറിയാം. എതായാലും അര ലക്ഷം രൂപ കോടുത്തെങ്കിലും ജോലി കിട്ടിയതിൽ സന്തോഷമാണ്. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ കുട്ടികളെ നിയമിക്കുന്ന കാര്യമാണ്. സർ, കോളേജെന്നു പറയുന്നത് ഒരു പ്രത്യേക സമുദായത്തിന്റെ വകയാണോ ? എനിക്കറിയില്ല. അങ്ങനെയല്ല എന്നാണ് വശ്വസിക്കേണ്ടത്. സത്യത്തിൽ 20% ഹരിജൻ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ നിയമമിരിക്കുമ്പോൾ ഹരിജൻ കുട്ടികളോടുപോലും കാശ് വാങ്ങുന്നു. സാധാരണഗതിയിൽ മെറിറ്റിൽ കിട്ടേണ്ട കുട്ടികൾക്ക് മെറിറ്റിൽ കൊടുക്കുകയില്ല ഈ നാട്ടിലെ ചില ആളുകളൊക്കെ പറയുന്നത് ഹരിജൻ കുട്ടികൾ മെറിറ്റിൽ വരാൻ യോഗ്യതയുള്ളവരല്ലെന്നാണ്. ഏതായാലും കുറച്ചു കുട്ടികളുണ്ടെന്നേ കാര്യം. സത്യവുമാണ്. ഇങ്ങനെ മെറിറ്റിൽ കിട്ടേണ്ട കുട്ടികൾക്ക് മെറിറ്റിൽ കൊടുക്കാതെ ഹരിജൻ കോട്ടയിൽ കൊടുത്തിട്ട് ആ സീറ്റുപോലും കൊടുത്ത് കാശ് വാങ്ങുന്ന കോളേജുകൾ നമ്മുടെ യൂണിവേഴ്സിറ്റിയുടെ കീഴിലുണ്ട്. ഇതിനെക്കുറിച്ചൊക്കെ സെനറ്റിൽ പറഞ്ഞതുകൊണ്ട് വലിയ കാര്യമൊന്നുമില്ല. അവിടെ ഒരു ഘോഷയാത്രയ്ക്കുള്ള ആളുകളാണ് ഈ സെനറ്റിൽ വച്ചിരിക്കുന്നത്. സാധാരണ ഒരു പൊതു ഘോഷയാത്രയ്ക്കുള്ള ആളുകൾ കൂടും. അവിടെ കൂടുമ്പോൾ ചില പ്രസംഗമൽസരവും നടത്തും. എല്ലാവരും പിരിഞ്ഞു പോകുന്നവരാണ്. ഞാൻ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലെ സെനറ്റിലുണ്ടായിരുന്ന ഒരാളാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, അങ്ങ് കാടടച്ച് വെടി വയ്ക്കരുത്. ഞാനും താങ്കളും സെനറ്റ് മെമ്പർമാരായിട്ടുള്ള ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഏതെങ്കിലും കോളേജിൽ ഹരിജൻ കുട്ടികളുടെ അഡ്മിഷനു കാശ് വാങ്ങിച്ചു എന്നു വ്യക്തമായിട്ട് പറയാമോ ?

ശ്രീ. എം. കെ. കേശവൻ : സർ, ഞാൻ അങ്ങയോട് ഒറക്ക് പറയാം, മന്ത്രിക്ക് എഴുതിക്കൊടുക്കാം. എനിക്ക് നല്ല ഉറപ്പുള്ള കാര്യമായതുകൊണ്ട് പറയുകയാണ്. കാശ് വാങ്ങിയതാണ്. കാശ് കൊടുക്കണമെന്ന് നിർബന്ധിച്ചിട്ട് കൊടുക്കാത്തതുകൊണ്ട് അഡ്മിഷൻ കൊടുക്കാത്ത കോളേജുകൾ ഇവിടെ അവശേഷിക്കുന്നുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ ഈ വർഷവും ഹരിജനങ്ങളായ കുട്ടികളോട് കാശ് വാങ്ങിയതായി പത്രങ്ങളിൽ വാർത്ത വന്നത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എം. കെ. കേശവൻ : സർ, ഇത് പത്രങ്ങളിൽ മാത്രമല്ല, നമ്മുടെ മന്ത്രിയുടെ ശ്രദ്ധയിലും പെട്ടിട്ടുള്ള കാര്യമാണ്. ഹരിജൻ കുട്ടികൾ മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും പരാതി അയച്ചിരുന്നിട്ടും ഒരു തീരുമാനവുമുണ്ടായില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട പി. പി. തങ്കച്ചൻ സെനറ്റ് മെമ്പറെന്നുള്ള നിലയിൽ അങ്ങയോട് ഒരു ചോദ്യം ചോദിച്ചപ്പോൾ കാശ് വാങ്ങിയതിനു തെളിവ് ഹാജരാക്കാമോ എന്നാണ് ചോദിച്ചത്. കാശ് വാങ്ങിച്ചതിന്റെ തെളിവ് ഹാജരാക്കാൻ ഏതെങ്കിലും കേസിൽ കേരളത്തിനു കഴിയുമെന്ന് അങ്ങോ തങ്കച്ചനോ വിശ്വസിക്കുന്നുണ്ടോ ?

ശ്രീ. എം. കെ. കേശവൻ : കാശ് വാങ്ങിയത് ഞാനല്ലാത്തതുകൊണ്ട് എനിക്ക് തെളിവ് ഹാജരാക്കാൻ കഴിയുകയില്ല. ഏതായാലും ഭരണപക്ഷക്കാർ, കോൺഗ്രസ് ഐ-യുടെ ആളുകൾ അടക്കമുള്ളവരാണ് കാശ് വാങ്ങിയത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : ഞാനങ്ങനെയല്ല ചോദിച്ചത്. വെറുതെ ശ്രീ. ശശീന്ദ്രൻ തെറ്റിദ്ധരിപ്പിക്കുകയാണ്. കാശ് വാങ്ങിച്ചു എന്ന് കാടടച്ച് വെടിവയ്ക്കുന്ന രീതിയിൽ പറയാതെ ഇന്ന കോളേജിൽ പൈസ വാങ്ങിയെന്ന് വ്യക്തമായിട്ട് ആരോപണം പറയാമോ എന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. എം. കെ. കേശവൻ : സർ, വ്യക്തമായിട്ട് ഞാൻ എഴുതി കൊടുക്കാം.

ഈ യൂണിവേഴ്സിറ്റി നിയമത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളൊന്നും വരാൻ പോകുന്ന 2 മാസത്തെ കാലയളവിനുള്ളിൽ ഇവിടെ നടക്കാൻ പോകുന്നില്ല. ഇവിടെ യു. ജി. സി. യുടെ അംഗീകാരത്തെക്കുറിച്ച് മന്ത്രി പറഞ്ഞത് അതിനുവേണ്ടി മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും വിദ്യാഭ്യാസ മന്ത്രിയുമൊക്കെ ശ്രമിക്കുന്നു എന്നാണ്. ഈ അടുത്തകാലത്ത് പത്രങ്ങളിൽ വന്നത് ഇതിന്റെ അംഗീകാരം നഷ്ടപ്പെട്ടുപോകും. അംഗീകാരം കിട്ടാത്തത് കിട്ടാൻവേണ്ടി ശ്രമിച്ചിട്ടും കിട്ടുന്നില്ല എന്നാണ്. ഇക്കാര്യങ്ങളെക്കുറിച്ചൊന്നും അന്വേഷിക്കാൻ ഇവർക്ക് നേരമില്ല. ജാതി അടിസ്ഥാനത്തിൽ ഉദ്യോഗ നിയമനം, വിദ്യാർത്ഥികൾക്ക് അംഗീകാരം കൊടുത്ത കാര്യങ്ങൾ ഇവയല്ലാതെ ഈ യൂണിവേഴ്സിറ്റിക്ക് വേണ്ട പുരോഗതിയുടെ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാനോ നടപടിയെടുക്കാനോ വിദ്യാഭ്യാസമന്ത്രി അടക്കമുള്ള ആളുകൾ ശ്രമിക്കുന്നില്ലെന്നാണ് എന്റെ ആരോപണം. അതുകൊണ്ട് ഏതായാലും ഇപ്പോൾ ഈ കൊണ്ടുവന്നിരിക്കുന്ന നിയമത്തിൽ ഹരിജൻ അടക്കമുള്ള പിന്നോക്ക വിഭാഗത്തിലെ ആളുകൾക്ക് ന്യായമായി കിട്ടേണ്ട, ഉദ്യോഗ നിയമനത്തിനും കോളേജ് അഡ്മിഷനുംള്ള സംരക്ഷണ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇക്കാര്യങ്ങൾ പരിശോധിക്കാൻ ഇത്, സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

ശ്രീമതി ഭാർഗവി തങ്കപ്പൻ : സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ജനാധിപത്യത്തെതന്നെ തകർക്കുന്ന രീതിയിലുള്ള നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. വാസ്തവത്തിൽ നമ്മുടെ രാജ്യത്ത് പാർലമെന്റും നിയമസഭകളുമെല്ലാം ജനാധിപത്യ മര്യാദയനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളാണ്. പ്രത്യേകം എന്തെങ്കിലും സാഹചര്യമുണ്ടെങ്കിൽ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാം. പക്ഷേ പലപ്പോഴും ചില സംസ്ഥാനങ്ങളിൽ രാഷ്ട്രീയമായ ആവശ്യത്തിനുവേണ്ടി തെരഞ്ഞെടുപ്പുകൾ മാറ്റിവയ്ക്കാറുണ്ട്, ഇഷ്ടമുള്ളപ്പോൾ. നടത്താറുമുണ്ട്. ഇത് ജനങ്ങളുടെ ഒരവകാശ നിഷേധമാണ്, രേണഘടനാ ലംഘനമാണ്. ജനാധിപത്യത്തിൽ വിശ്വാസമില്ല എന്നുമാത്രമല്ല, സ്വേച്ഛാധിപത്യം അടിച്ചേൽപ്പിക്കാൻ വേണ്ടി നടത്തുന്ന ഒരു നടപടി കൂടിയാണ്. കേരള സർവ്വകലാശാലയും അതുപോലെതന്നെ കൊച്ചിൻ സർവ്വകലാശാലയും കോഴിക്കോട് സർവ്വകലാശാലയുമെല്ലാം ആരംഭിച്ചപ്പോൾ അന്ന് തെരഞ്ഞെടുപ്പ് നടത്തുന്നതിനെ സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾ അനുസരിച്ച് സെനറ്റിലും സിൻഡിക്കേറ്റിലും ആ കാലയളവിൽതെരഞ്ഞെടുപ്പ് നടത്തിയിരുന്നു. ഇന്നതല്ലസ്ഥിതി. ഈ ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ 2 വർഷത്തെ കാലാവധി കൊടുത്തു. എന്നിട്ട് അത് 6 മാസവുംകൂടി വർദ്ധിപ്പിച്ചു. ഇനി 2 മാസം കൂടിയേ ഉള്ളൂ. എന്നിട്ടും ഇതുവരെ യാതൊരു നടപടിയും ഈ തെരഞ്ഞെടുപ്പ് നടത്തുന്നതിനെ സംബന്ധിച്ച് ഉണ്ടായിട്ടില്ല. അതാണ് വസ്തുത. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ ക്ലബിൽ പാസ്സായാലും തെരഞ്ഞെടുക്കപ്പെട്ട ബോഡികൾ വരാൻ പോകുന്നില്ല. ഇനിയും ഇത്തരം ഓർഡിനൻസുമായി ഈ സഭ ഉണ്ടെങ്കിൽ സഭയുടെ മുമ്പാകെ വരും, അല്ലെങ്കിൽ ഓർഡിനൻസുമായി മുന്നോട്ടു പോകും. അതാണ് ഈ ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. മറെറാന്ന് യൂണിവേഴ്സിറ്റി യുടെ ഭരണം. നമ്മുടെ രാജ്യത്ത് നിരക്ഷരരായ 70% ആളുകളുള്ളപ്പോൾ നമ്മുടെ സംസ്ഥാനത്ത് അത് 30% ആണ്. അവരുടെ നിരക്ഷരത മാറ്റുന്നതിനു കേന്ദ്ര ഗവൺമെൻറിന് ഒരു പദ്ധതി ഈയടുത്ത കാലത്തുണ്ട്. എന്തെന്നറിയാമോ ? നിരക്ഷരതാ നിർമ്മാർജ്ജനത്തിനുവേണ്ടി നല്ലൊരു തുക ഈ യൂണിവേഴ്സിറ്റികൾക്ക് മാറ്റി വയ്ക്കുന്നു. കേരള യൂണിവേഴ്സിറ്റി, കൊച്ചിൻ യൂണിവേഴ്സിറ്റി, കോഴിക്കോട് യൂണിവേഴ്സിറ്റി, ഗാന്ധിജി യൂണിവേഴ്സിറ്റി ഇവയുടെ സിൻഡിക്കേറ്റും സെനറ്റും ഈ തുക എന്തു ചെയ്തു എന്നതിനെ സംബന്ധിച്ച് നമ്മുടെ ഗവൺമെൻറ് അവലോകനം ചെയ്തിട്ടുണ്ടോ ? ഈ നാട്ടിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നുണ്ടോ ? അവർ അത് സംബന്ധിച്ച് യാതൊരു ചൂക്കും ചെയ്യുന്നില്ല എന്നാണ് എൻെറ അഭിപ്രായം. ഈ നാട്ടിലെ വിവിധ സംഘടനകളുടെ പ്രത്യേകിച്ച് മഹിളാ സംഘടനയുടെ ഭാരവാഹി എന്ന നിലക്ക് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് നിരക്ഷരതാ നിർമ്മാർജ്ജനത്തിനു വേണ്ടി സെൻററുകൾ തുടങ്ങാനും നടത്തുന്നതിനും വേണ്ടി ഗവൺമെൻറ് അലോട്ടു ചെയ്തിട്ടുള്ള കാശുവരെ ലാപ്സാക്കിയിട്ടുള്ള ഗവൺമെൻറാണിത്. അതെപ്പററി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ഇത് ഒരു നിസ്സാര കാര്യമായി കാണരുത്. നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായിട്ടുള്ള ആളുകളുടെ ഇടയിൽ വിദ്യാഭ്യാസമില്ലാത്ത ആളുകളുടെ നല്ലൊരു ശതമാനമുള്ളപ്പോൾ അവരെ വിദ്യാസമ്പന്നരായി മാറ്റുന്നതിനുവേണ്ടിയുള്ള പദ്ധതിവരെ തുരങ്കം വയ്ക്കുന്ന പദ്ധതിയുമായിട്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. നിയമന കാര്യത്തെക്കുറിച്ച് ശ്രീ. കേശവൻ ഇവിടെ പറഞ്ഞു. അക്കാര്യത്തിൽ ആ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളും എല്ലാം ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും ബാലികേറാമലയാണ്. ഈ സർക്കാരിൻെറ ഖജനാവിൽ നിന്നല്ലേ കോടിക്കണക്കിന് രൂപ അദ്ധ്യാപകർക്കും അതുപോലെതന്നെ മറെറ് സ്റ്റാഫിനും ശമ്പളം കൊടുക്കുന്നത് ? മെയിൻറനൻസ് ഗ്രാൻറും കൊടുക്കുന്നില്ലേ ? സംവരണം നടപ്പിലാക്കിക്കൊണ്ട് ഈ യൂണിവേഴ്സിറ്റി യുടെയും അതുപോലെതന്നെ അതിന് കീഴിലുള്ള കോളേജുകളിലും നിയമനം നടത്തുന്നതിനു വേണ്ടി എന്തുകൊണ്ട് ഈ മന്ത്രിക്ക് ഒരു നിയമ നിർമ്മാണം നടത്തികൂടാ ? എത്രയോ ലക്ഷക്കണക്കിനാളുകളെ എത്രയോ സമുദായക്കാരെ ഒററപ്പെടുത്തുന്ന, അവരെ മാററി നിർത്തുന്ന, അധകൃതരായി കാണുന്ന, പിൻതള്ളപ്പെടുന്ന നയവുമായി ഈ സർക്കാർ മുന്നോട്ടു പോകുന്നു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൻെറയും സെനറ്റിൻെറയും കാലാവധി നീട്ടിക്കിട്ടണം എന്ന് പറയുമ്പോഴും എന്തുകൊണ്ട് ആ സ്ഥാപന ങ്ങളിൽ ന്യായമായ കാര്യങ്ങൾ നടപ്പിലാക്കാൻവേണ്ടി അവിടെ അർഹതയുള്ള ആളുകൾക്ക് നിയമനം ലഭിക്കാൻവേണ്ടി നിയമംകൊണ്ടുവരുന്നില്ല ? അതിന് പല ബുദ്ധിമുട്ടുകളും മുടന്തൻ ന്യായങ്ങളും മന്ത്രി അപ്പോൾ പറയും. ന്യൂനപക്ഷ സംരക്ഷണത്തിൻെറ കാര്യവും പറയും. ഞാൻ ചോദിക്കട്ടെ, പണ്ട് ന്യൂനപക്ഷം സ്കൂളുകളും കോളേജുകളും അതുപോലെ തന്നെ മറെറ് സ്ഥാപനങ്ങളും നടത്തികൊണ്ടിരുന്നപ്പോൾ അവർ തന്നെ യായിരുന്നു ശമ്പളം കൊടുത്തുകൊണ്ടിരുന്നത്. നമ്മുടെ ആരുടെയും, ജനങ്ങളുടെ ആരുടെയും തലയെണ്ണി ഈ ഖജനാവിൽ ചെല്ലുന്ന കാശായിരുന്നില്ല അതിന് ചെലവാക്കിക്കൊണ്ടിരുന്നത്. എന്നാൽ ഇന്ന് ഈ നാട്ടിലെ ഓരോ പൗരൻെറയും തലയെണ്ണി കാശ് വാങ്ങിച്ച് ഖജനാവിൽ പണം കൂട്ടുകയാണ്. എന്നാൽ ന്യൂനപക്ഷം എന്ന് പറഞ്ഞു ആളുകളെ നിയമിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് മാത്രം ഈ ബജനാപ്പ് ചോർത്തി എടുക്കാനുള്ള ശ്രമം ന്യായമാണോ ? അനീതിയല്ലേ ? അന്യായമല്ലേ ? അത് പരിഹാരിപ്പിക്കണ്ടേ ? അതിനുവേണ്ടി എന്ത് നടപടി ഈ സർക്കാർ എടുത്തിട്ടുണ്ട് ? കുട്ടികളുടെ പ്രവേശനം, പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ആളുകളായാലുംകൊള്ളാം ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബിൽ പെടുന്നവരായാലും കൊള്ളാം അവരെ സംബന്ധിച്ചിടത്തോളം അഡ്മിഷന്റെ കാര്യത്തിൽ ഈ സർക്കാരിന് എന്തെങ്കിലും ഒരു വിവരമുണ്ടോ ? അവർക്ക് ഒരു ശതമാനം നിശ്ചയിച്ചിട്ടുണ്ട് ആ ശതമാനം ഈ കുട്ടികൾക്ക് ഇന്ന ഇന്ന കോളേജുകളിൽ എല്ലാം കോഴ്സുകളിലും കിട്ടുന്നതിനുവേണ്ടി ഈ സർക്കാർ ആലോചിക്കാറുണ്ടോ ? അത് അവലോകനം ചെയ്യാറുണ്ടോ ? അതിന് സമയമില്ല. കുട്ടികൾക്ക് ട്യൂഷൻ കൊടുക്കാൻവേണ്ടി കാശ് കൊടുക്കുന്നുപോലും അദ്ധ്യാപകർക്ക് ! കൊടുക്കുന്നുണ്ട് ഷെഡ്യൂൾഡ് കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബ് കുട്ടികൾക്ക് ; പക്ഷെ കുട്ടികൾക്ക് കിട്ടുന്നില്ലെന്നാണ് പറയുന്നത്. എത്രയോ കുട്ടികൾക്ക് ; ട്യൂഷൻ കിട്ടിയാൽ പഠിച്ച് പാസ്സാകാൻ തയ്യാറുള്ള കുട്ടികളുണ്ട്. താൽപ്പര്യമുള്ള കുട്ടികൾ ഉണ്ട്. പക്ഷെ അതിനു വേണ്ടിയുള്ള ശ്രമം ഈ സർക്കാർ നടത്താറുണ്ടോ ? ഈ ബിൽ ഇങ്ങനെ കൊണ്ടു വന്നത് ഏതാനും ചില കാര്യങ്ങളിൽ അന്തരുടെ സ്വന്തം താൽപ്പര്യവും സ്വേച്ഛാധിപത്യവും നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ജനാധിപത്യത്തെ അടിച്ചമർത്താൻ വേണ്ടി, തകർക്കാൻ വേണ്ടിയുള്ള ഈ ബിൽ അംഗീകരിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഈ ബില്ലിനെ എതിർത്തുകൊണ്ട്, പ്രതിഷേധിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

* ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, ഈ ബില്ലിനെ ഞാനെതിർക്കുന്നു. ഇവിടെ വളരെ ലളിതമായ ഒരു ഭേഗതിയാണ് അവതരിപ്പിച്ചിരിക്കുന്നതെങ്കിലും നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസ മന്ത്രിയായതിനുശേഷം കൈകാര്യം ചെയ്യുന്ന രീതിയുടെ പ്രതിഫലനം ഈ ചെറിയ ഭേഗതിയിലും ഇവിടെ അവതരിപ്പിക്കുന്ന എല്ലാ നിയമങ്ങളിലും കാണാൻ കഴിയും. ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരത്തെയും ബില്ലുകൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവകാശത്തേയുമൊന്നും നിഷേധിക്കുന്നില്ല. എന്നാൽ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള പ്രത്യേക സന്ദർഭങ്ങളിൽ ആ അധികാരം ഉപയോഗിച്ച് നമ്മുടെ വിദ്യാഭ്യാസമേഖലയിൽ എന്തൊക്കെയാണ് കാട്ടിക്കൂട്ടുന്നത് ? ഇവിടെ യൂണിവേഴ്സിറ്റികൾ നിലവിൽ വരുന്നത്, പുതിയ യൂണിവേഴ്സിറ്റികൾ ഉണ്ടാകുന്നത് എങ്ങനെയാണ് ? ഓർഡിനൻസിലൂടെ യൂണിവേഴ്സിറ്റി ഉണ്ടാക്കുക, പുതിയ യൂണിവേഴ്സിറ്റികൾക്ക് രൂപം കൊടുക്കുക, അതാണ് കാണുന്നത്. പുതിയ യൂണിവേഴ്സിറ്റികളുടെ ഭരണസമിതികളുടെ പ്രശ്നമാണ് ഇവിടെ ഇപ്പോൾ ഭേഗതിയിലൂടെ വന്നിരിക്കുന്നത്. ഈ ഓർഡിനൻസ് എന്ന അധികാരം വളരെചുരുക്കമായി ഉപയോഗിക്കേണ്ട അധികാരമാണ്. അത് ഇത്രവ്യാപ്തിയുള്ള കാര്യങ്ങൾക്ക് എടുത്തുപയോഗിച്ച്, നമുക്ക് ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരത്തെ നിയമനിർമ്മാണം നടത്താനുള്ള അവകാശത്തെയൊക്കെ വ്യഭിചരിക്കുന്ന ഒരു സമീപനമാണ് ഇതിലെല്ലാം വ്യക്തമായി കാണാൻ കഴിയുന്നത്, രണ്ടുവർഷത്തിനകം സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കുമെന്ന ധാരണയിലൂടെയാണ് ഇവിടെ ഗാന്ധിജി സർവ്വകലാശാലയിൽ യഥാർത്ഥത്തിൽ നമ്മുടെ നിയമസഭ പാസാക്കിയത്. ഇവിടെ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേഗതിയെ ന്യായീകരിച്ചുകൊണ്ടു സംസാരിച്ചവർ മറ്റെല്ലാ യൂണിവേഴ്സിറ്റികളും നിലവിൽ വന്നപ്പോൾ ഇങ്ങനെ നോമിനേറ്റ് ചെയ്തല്ലേ സെനറ്റും സിൻഡിക്കേറ്റുമൊക്കെ ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായതെന്ന് ചോദിച്ചു. ശരിയാണ്. എല്ലാ യൂണിവേഴ്സിറ്റികളും നിലവിൽ വരുമ്പോൾ ആദ്യകാലങ്ങളിൽ നോമിനേഷൻ ഉണ്ടായിട്ടുണ്ട്. നിഷേധിക്കുന്നില്ല. അങ്ങനെ നോമിനേറ്റ് ചെയ്യുന്ന സെനറ്റിലും സിൻഡിക്കേറ്റിലുമൊക്കെ ഇന്നുള്ള സമീപനമാണോ സ്വീകരിച്ചിട്ടുള്ളത്? നോമിനേറ്റ് ചെയ്താലും തെരഞ്ഞെടുക്കപ്പെട്ടാലും നമ്മുടെ അക്കാഡമിക് സമൂഹത്തിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഈ രംഗത്ത് ബന്ധപ്പെട്ട വിവിധ വിഭാഗം ആളുകൾക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ടുള്ള നോമിനേഷനാണ് മറ്റെല്ലാകാലഘട്ടങ്ങളിലും നടന്നിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പു മന്ത്രി മറുപടി പറയുമ്പോൾ വേണമെങ്കിൽ പഴയ കാലഘട്ടങ്ങൾ എങ്ങനെയായിരുന്നുവെന്ന് പരിശോധിച്ചുനോക്കുക. രാഷ്ട്രീയക്കാർ അങ്ങോട്ട് കടക്കാൻ പാടില്ലെന്നൊന്നുമല്ല ഞങ്ങളുടെ വാദമുഖം. രാഷ്ട്രീയക്കാർ കടക്കാൻ പാടില്ലെന്ന രീതിയിൽ അതിനെ ടിസ്റ്റ് ചെയ്ത് അവതരിപ്പിക്കാൻ ശ്രമിക്കുന്നത് തീർച്ചയായും ആട്ടിനെ പട്ടിയാക്കുന്ന സമീപനമാണ്. ഇവിടെ ഇപ്പോൾ 19 അംഗങ്ങളുള്ള സിൻഡിക്കേറ്റിന്റെ എത്രയും പേരുകൾ ശ്രീ. വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചു, ഇതിൽ ആരാണ് ഈ അക്കാഡമിക് സമൂഹവുമായി ബന്ധപ്പെട്ടവർ? നിങ്ങൾ ചില ആളുകളെ കക്ഷി രാഷ്ട്രീയത്തിന്റെ പേരിൽ മാത്രം വച്ചിട്ടില്ലേ? കക്ഷി രാഷ്ട്രീയമെന്നു പറയുന്നതിനേക്കാൾ ഭരണപക്ഷത്തുള്ള പാർട്ടികൾ എന്നു പറയുന്നതായിരിക്കും ഭേദം. ഈ മേഖലകളിലൊക്കെ പോകാൻ കഴിയുന്ന ആളുകളെയാണോ നോമിനേറ്റുചെയ്തിട്ടുള്ളത്? പല രൂപങ്ങളിൽ മന്ത്രിമാരിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന, ഇതുമായിട്ടൊന്നും കടലും കടലാഴിയുമായിട്ടുള്ള ബന്ധംപോലുമില്ലാത്ത, യാതൊരു ബന്ധവുമില്ലാത്ത ചില ആളുകളെ കുത്തിനിറച്ച് നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് രൂപം കൊടുത്താൽ നിങ്ങൾ ഇത് എങ്ങനെ കൈകാര്യം ചെയ്യും? ഇവിടെ ഗാന്ധിജി യൂണിവേഴ്സിറ്റി നിലവിൽ വന്നതിനുശേഷം ഇപ്പോൾ വരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ധാരാളമായി പ്രതിപാദിച്ചുകഴിഞ്ഞു. ഗാന്ധിജി യൂണിവേഴ്സിറ്റി നിലവിൽവന്ന് രണ്ട് വർഷം കഴിഞ്ഞിട്ടും സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് ഇത് നീട്ടണമെന്നാവശ്യപ്പെട്ട, ഗവൺമെൻറിനോട് നിർദ്ദേശിച്ച ഈ യൂണിവേഴ്സിറ്റിയോട് നിങ്ങൾ ചോദിച്ചില്ല. അത് ശ്രീ. ജേക്കബ് ബിന്റെ വിശദീകരണക്കുറിപ്പിലോ ആമുഖമായി സംസാരിച്ചപ്പോഴോ പറഞ്ഞിട്ടില്ല. ഇനി മറുപടി പറയുമ്പോൾ പറഞ്ഞാൽ മതി. ഈ രണ്ടുവർഷത്തിനകം സെനറ്റും സിൻഡിക്കേറ്റും ജനാധിപത്യപരമായി നിലവിൽ വരുന്നതിനുവേണ്ടി എന്തൊക്കെ പരിശ്രമങ്ങൾ നടത്തി? അതു കഴിഞ്ഞതിനുശേഷം ആറുമാസത്തേക്കുകൂടി അതിനവസരം വേണമെന്നു പറഞ്ഞു. ആറുമാസത്തിനകമേ ഇതൊക്കെ തെരഞ്ഞെടുക്കാൻ കഴിയുമെന്നുള്ള വാദമുഖമുണ്ടായി. ആറുമാസത്തെ അവസരം കൂടി തന്നാൽ തെരഞ്ഞെടുപ്പിനുള്ള സംവിധാനങ്ങളൊക്കെ ഒരുക്കാം, ജനാധിപത്യപരമായി പ്രവർത്തിപ്പിക്കാമെന്നല്ലേ പറയുന്നത്? അതിൽ നാലുമാസം കഴിഞ്ഞു. ഇനി രണ്ടുമാസം ഉണ്ട്. ഈ രണ്ടുമാസത്തിനകമോ, അല്ലെങ്കിൽ എപ്പോഴെങ്കിലുമോ തെരഞ്ഞെടുക്കപ്പെട്ട് ജനാധിപത്യപരമായി നിലവിൽ വരുന്ന ഒരു സെനറ്റോ സിൻഡിക്കേറ്റോ കൊണ്ടുവരാൻവേണ്ടി എന്തു പരിശ്രമങ്ങൾ നടത്തിയെന്നുള്ളത് മറുപടി പറയുമ്പോഴെങ്കിലും വിദ്യാഭ്യാസവകുപ്പുമന്ത്രി വ്യക്തമാക്കാൻ ശ്രമിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

അതുപോലെതന്നെ നമ്മുടെ യൂണിവേഴ്സിറ്റികളുടെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ഈ ഗവൺമെൻറ് വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസമേഖല ഒരു ഈജിയൻ തൊഴുത്താണെന്ന് മനസിലാകും. ഈ യൂണിവേഴ്സിറ്റിയുടെ കാര്യം മാത്രമല്ല കേരളത്തിലുള്ള എല്ലാ യൂണിവേഴ്സിറ്റികളുടെയും സ്ഥിതി ഇതുതന്നെയാണ്. കേരള യൂണിവേഴ്

LIBRARY ARCHIVES Kerala Legislative Assembly

സിറ്റിയുടെ ഭരണസമിതിയെ സസ്പെൻഡ് ചെയ്ത് കോഴിക്കോട് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിരുന്നു. അതിനെതിരെ ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് ഇവിടെ ചൂണ്ടിക്കാണിച്ചു. അതിന്റെ മറവിൽ മന്ദീഭവിപ്പിച്ചു. നിർത്തിയിരുന്നതിന്റെ മറവിൽ എന്തൊക്കെയാണ് നടന്നുകൊണ്ടിരിക്കുന്നത്? കേരള യൂണിവേഴ്സിറ്റിയിലെ സാമ്പത്തിക കുഴപ്പങ്ങൾ, അവിടത്തെ തിരിമറികൾ ഇതിനെല്ലാം എന്തെങ്കിലും സംവിധാനം ഉണ്ടോ? വിദ്യാഭ്യാസ വകുപ്പുമന്ത്രി അധികാരത്തിൽ വരുന്നതിനുമുമ്പ്, ഈ ഗവൺമെന്റധികാരത്തിൽ വരുന്നതിനുമുമ്പ് ഈ യൂണിവേഴ്സിറ്റികളൊക്കെ ഇവിടെ നിലവിലുണ്ടായിരുന്നതാണ്. ഈ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം മുമ്പേ ഉണ്ടായിരുന്നു. ഒരു പോരായ്മയുമില്ലാതെ പ്രവർത്തിച്ചു വെന്നൊന്നും ഞങ്ങൾ ആരും അവകാശപ്പെടുന്നില്ല. ഇവിടെ നിലവിലുള്ള മറ്റ് ഗവൺമെന്റുകളുടെയെല്ലാം കാലഘട്ടത്തിൽ ഈ യൂണിവേഴ്സിറ്റികൾ വളരെ ജനാധിപത്യപരമായി പ്രവർത്തിച്ചിരുന്നു, അല്ലെങ്കിൽ കഴിയുന്നിടത്തോളം ജനാധിപത്യപരമായി പ്രവർത്തിപ്പിക്കാൻ ശ്രമിച്ചിരുന്നു. ആ കാലഘട്ടങ്ങളിലൊന്നുമില്ലാത്ത പുതിയ പ്രശ്നങ്ങൾ നമ്മുടെ എല്ലാ യൂണിവേഴ്സിറ്റികളിലും എങ്ങനെ വളർന്നുവന്നു? കേരളത്തിലുള്ള എല്ലാ യൂണിവേഴ്സിറ്റികളിലും ഒന്നൊഴിയാതെ മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി ഒട്ടേറെ പുതിയ സംഘർഷകാരണങ്ങൾ വളരെ അനാശാസ്യമായ രീതിയിൽ, നമ്മുടെ ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് ചേരാത്ത രീതിയിൽ നമ്മുടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസമേഖലയുടെ ഭാവിയും വിദ്യാർത്ഥികളുടെ ഭാവിയും വളരെ അപകടപ്പെടുത്തുന്നരീതിയിൽ എത്രയോ സംഭവങ്ങൾ ഇതിനകത്തു നടക്കുന്നു. എത്രയെത്ര സംഭവങ്ങൾ പുറത്തു വരുന്നു. ആ സംഭവങ്ങളിലേക്ക് ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും ശ്രദ്ധ ആരെങ്കിലും ക്ഷണിക്കാൻ ശ്രമിച്ചാൽ അതെല്ലാം അദ്ദേഹം ഉന്നത വിദ്യാഭ്യാസ മേഖലയെ രക്ഷിക്കാനും അതിനെ വളരെ വിശാലമായ കാഴ്ചപ്പാടിൽ വളർത്താനും ശ്രമിക്കുന്നതിനെതിരായുള്ള ശക്തികൾ ചെയ്യുന്ന ശ്രമമാണെന്നു സ്ഥാപിക്കാനുള്ള ഒരു വലിയ വ്യഗ്രതയാണ് അദ്ദേഹം കാണിക്കുന്നത്. മുൻകാലങ്ങളിലൊന്നുമില്ലാത്ത രൂപത്തിൽ ഈ പുതിയ പ്രവണത നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ, നമ്മുടെ യൂണിവേഴ്സിറ്റികളിൽ എങ്ങനെ വളർന്നുവരുന്നു? അങ്ങനെ വളർന്നുവരുന്നുണ്ടെങ്കിൽ അതിനുത്തരവാദിയാരാണ്, ഗവൺമെന്റിന് എന്ത് പങ്കുണ്ട്, വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ മേഖലയിൽ എടുക്കുന്ന സമീപനങ്ങൾക്ക് എന്തു പങ്കുണ്ട് എന്നൊക്കെയുള്ളത് തീർച്ചയായും പരിശോധിക്കാതെ മുന്നോട്ടുപോകുന്നത് വളരെ അപകടകരമാണ്; ഇനി രണ്ടുമാസമല്ല ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായി ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഇന്ന് കേരളം ഭരിക്കുന്ന ഗവൺമെന്റ് നിലനിൽക്കുന്നിടത്തോളം കാലം തെരഞ്ഞെടുക്കപ്പെട്ട ഒരു സെനറ്റോ ഒരു സിൻഡിക്കേറ്റോ ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ ഉണ്ടാകാൻ പോകുന്നില്ലെന്ന് ഉറപ്പിച്ചുപറയാൻ കഴിയും. അതുപോലെ തന്നെ നമ്മുടെ യൂണിവേഴ്സിറ്റികൾ വളർന്ന് നമ്മുടെ സങ്കൽപ്പങ്ങൾക്കെല്ലാമപ്പുറത്തേക്ക് പോയിരിക്കുന്നു; നാമാവശേഷമായിരിക്കുന്നു. ഈ സാഹചര്യം വളരുകയല്ലാതെ തളരാൻ പോകുന്നില്ല. അതിന്റെ കാരണമെന്താണ്? വളരെ സങ്കുചിതമായ, വെറും കക്ഷിരാഷ്ട്രീയത്തിന്റെയും വ്യക്തി താല്പര്യത്തിന്റെയും സമീപനങ്ങളുമായി മുന്നോട്ടുപോകാനല്ലാതെ ഇവിടെ മറ്റൊന്നിനും കഴിയുകയില്ല. ഉയർന്നുവരുന്ന വിമർശനങ്ങളെ എന്തൊക്കെ ന്യായങ്ങൾ പറഞ്ഞ് എതിരിടാൻ ശ്രീ. ടി. എം. ജേക്കബ് ശ്രമിച്ചാലും അതെല്ലാം കഴിയുമ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയെ രക്ഷിക്കാനും രക്ഷിച്ചു മുന്നോട്ടുകൊണ്ടുപോകാനും ഈ ഗവൺമെന്റ് പരിശ്രമിക്കുന്നതിനെ വാനോളം പുകഴ്ത്തുന്ന അപൂർവ്വം ചില ആളുകൾ അപ്പുറത്തുണ്ടാകും. കോൺഗ്രസ് (ഐ) യുടെ ഭാഗത്തുനിന്നും ഇവിടെ പ്രസംഗിച്ച ആളുകളിൽ ചിലരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജേക്കബ്ബിനെ ന്യായീകരിക്കാനും ഈ ബില്ലിനെയാകെ ന്യായീകരിക്കാനും പരിശ്രമിച്ചു. അവസാനം അവരും ശ്രീ. ടി. എം. ജേക്കബ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ, നമ്മുടെ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങളിലൊക്കെ നടത്തുന്ന വളരെ മോശമായ പ്രവർത്തനങ്ങൾക്കെതിരെ വിരൽ ചൂണ്ടുകയാണ് ചെയ്തത്; അതിനെതിരെ വിമർശനങ്ങൾ ഉയർത്തുകയാണ് ചെയ്തത്, ശ്രീ. കരുണാകരനുമേൽ ശ്രീ. ടി. എം. ജേക്കബ്ബിനാണ് ഏറ്റവും കൂടുതൽ സ്വാധീനമെന്ന് ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. കോൺഗ്രസ് (ഐ) യുടെ മന്ത്രിമാർക്കുള്ളതിനേക്കാൾ, അല്ലെങ്കിൽ മറ്റ് ഘടകകക്ഷികളിലുള്ള ആളുകളേക്കാളൊക്കെ കൂടുതൽ സ്വാധീനം ശ്രീ. ജേക്കബ്ബിനാണെന്ന് പറഞ്ഞു. കാരണം ശ്രീമാൻ കരുണാകരൻ ആഗ്രഹിക്കുന്ന പല കാര്യങ്ങളും കേരള കോൺഗ്രസിനകത്ത് ശ്രീ. ജേക്കബ്ബിലൂടെയാണ് ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഘടകകക്ഷിയിൽപ്പെട്ട ഒരു പാർട്ടിക്കകത്ത് താൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ മുഴുവൻ നടപ്പിലാക്കാൻ തനിക്ക് പറ്റിയ ഒരു ഏജൻറുണ്ടെങ്കിൽ തീർച്ചയായും ആ ഏജൻറുമാർക്ക് ധാരാളം സഹായങ്ങൾ കൊടുക്കുവാൻ കഴിയും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

തീർച്ചയായും അതിൽ അഭിപ്രായവ്യത്യാസമില്ല എന്നുള്ള വസ്തുത പല ബഹുമാനപ്പെട്ട മെമ്പർമാരും ആവർത്തിച്ച് പറഞ്ഞുവെന്നേയുള്ളൂ. അങ്ങനെ പാർട്ടിക്കകത്ത്, ഘടകകക്ഷിക്കകത്ത് ഇപ്പോൾ മാത്രമല്ല, ജോസഫ് ഗ്രൂപ്പായിരുന്ന അവസരത്തിലും അതായിരുന്നു സ്ഥിതി. ഇപ്പോൾ ലയനസമ്മേളനവും ലയനവുമൊക്കെ കഴിഞ്ഞതിനുശേഷവും സ്ഥിതി അതുതന്നെയാണ്. കേരള കോൺഗ്രസ്സിനകത്ത് ഇപ്പോൾ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ ഘടകകക്ഷികളെ ഒതുക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾക്കെല്ലാം ശ്രീ. ജേക്കബ്ബിനെ നല്ലതുപോലെ ഉപയോഗിക്കാൻ കഴിയുന്നുവെന്നുള്ളത് കേരള കോൺഗ്രസ്സുകാർക്കെല്ലാം അറിയാവുന്ന കാര്യമാണ്. അത് പണ്ട് ശ്രീ. മാണിക്ക് നല്ലതുപോലെ അറിയാമായിരുന്നു. അതുകൊണ്ട് ശ്രീ. ജേക്കബ് ഇതെല്ലാം നടത്തുമ്പോൾ ശ്രീ. മാണിക്ക് ഇതൊക്കെ മനസ്സിലാകുന്നുണ്ട്, കാരണം ശ്രീ. ജോസഫിനെതിരായി പണ്ട് ഇവർ നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങൾ ശ്രീ. മാണിക്കും വ്യക്തമായി അറിയാമായിരുന്നു. അതുകൊണ്ട് ശ്രീ. ജേക്കബ് ആഗ്രഹിക്കുന്നതെല്ലാം തീർച്ചയായും കരുണാകരനിൽനിന്നും, ഈ ഗവൺമെൻറിൽനിന്നും സാധിക്കാം. അത് നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് എന്ത് അപകടം ചെയ്യുന്നതായാലും ശരി, എത്ര അപകടകരമായ നീക്കങ്ങളാണെങ്കിലും ശരി, ക്യാബിനറ്റിൽ ചെന്നാൽ അതിന് സഹായം ശ്രീ. കരുണാകരനിൽനിന്നുണ്ടാകുമെന്നുള്ളത് തീർച്ചയാണ്. ഉന്നത വിദ്യാഭ്യാസമേഖലയിൽ അക്കാഡമിക് സമൂഹം നേടിയെടുത്ത ജനാധിപത്യ അവകാശങ്ങളെക്കുറിച്ചൊക്കെ ശ്രീ. കെ സി. ജോസഫ് പ്രസംഗിച്ചപ്പോൾ ഇവിടെ പറഞ്ഞു. അതൊക്കെ യാഥാർത്ഥ്യമാണ്, പക്ഷെ പ്രസംഗിച്ചപ്പോൾ പറഞ്ഞ ഈ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്ന കാര്യങ്ങളല്ലല്ലോ എന്നല്ലേ അതിൻെറ അർത്ഥം ? എത്രയോ വർഷങ്ങളായി, ദീർഘനാൾ നമ്മുടെ വിദ്യാർത്ഥി സമൂഹം സമരങ്ങളും പ്രക്ഷോഭണങ്ങളും അഭിപ്രായ നിരൂപണങ്ങളുമൊക്കെ നടത്തിയതിനുശേഷം നമ്മുടെ വിദ്യാഭ്യാസമേഖലയിൽ സ്ഥാപിച്ചെടുത്ത കാര്യങ്ങളെല്ലാം ശ്രീ. ജേക്കബ്ബിന് തിരുത്താൻ കഴിയുന്നതെന്തുകൊണ്ടാണെന്ന് പരിശോധിക്കണ്ടേ ? അങ്ങനെ പരിശോധിക്കണ്ടേതല്ലേ ? തീർച്ചയായും നിങ്ങൾ ഈ പറയുന്ന അമിതമായ സ്വാധീനമോ, അവിഹിതമായ സ്വാധീനമോ, നിലനിൽക്കുന്നു എന്നുള്ളതാണതിന് കാരണം. ഒരു വ്യക്തിക്ക്, അങ്ങനെ തൻെറ രാഷ്ട്രീയമായ ഭാവി ഉദ്ദേശിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ സ്വന്തം താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ അമിതമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടായാൽ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസരംഗത്തിന് അതുകൊണ്ട് ഉണ്ടാകുന്നതെന്താണെന്ന് ഒരു നിമിഷം രാജ്യസ്നേഹപരമായി ചിന്തിക്കേണ്ടതാണ്. ഇവിടെ വിമർശനം നടത്തിയ കോൺഗ്രസ് (ഐ) യും വിശേഷിച്ച് പഴയ എ. കോൺഗ്രസ്സിലെ യുവസ്നേഹിതൻമാർ) കെ. എസ്. യു. വിലൂടെയും യൂത്ത് കോൺഗ്രസ്സിലൂടെയും വളർന്നുവന്ന യുവസ്നേഹിതൻമാരും തീർച്ചയായും പ്രസംഗത്തിൽ ഇങ്ങനെ പറയുകയല്ലാതെ ആത്മാർത്ഥമായി ഇവിടെ നടത്തുന്ന ഉത്തരവാദിത്വപൂർണ്ണമായ ഈ പ്രഖ്യാപനങ്ങൾക്ക് അനുസൃതമായ ഒരു പ്രവർത്തനം സംഘടിപ്പിക്കാൻ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

നമ്മുടെ യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കണമെന്ന യു. ജി. സി. യുടെ നിർദ്ദേശം ഉണ്ടെങ്കിൽ അത് നല്ലതു തന്നെ; പക്ഷെ ഇവിടെ ഇപ്പോൾ നടക്കുന്നതെന്താണ്. രാഷ്ട്രീയത്തിന്റെ അതിപ്രസരം മാത്രമല്ല എന്റെ നിയോജകമണ്ഡലത്തിൽ ഒരു കോളേജുണ്ട്. കഴിഞ്ഞ ആഴ്ച നിയമസഭാസമ്മേളനം കഴിഞ്ഞ് ഞാൻ എന്റെ നിയോജകമണ്ഡലത്തിൽ ചെന്നപ്പോൾ കണ്ട ഒരു വസ്തുതയാണ് പറയാൻ പോകുന്നത്. എത്ര മോശമായി ഈ ഗവൺമെന്റ് നമ്മുടെ കലാലയങ്ങളുടെ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു എന്നുള്ളത് നേരിട്ട് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞു. ഞാൻ അവിടെ ചെല്ലുമ്പോൾ പോലീസ് രേണകക്ഷിയിലെ ഈ ഗവൺമെന്റിനെ നയിക്കുന്ന കോൺഗ്രസ് ഐ-യിൽ പെടുന്ന രാഷ്ട്രീയനേതാക്കൻമാരുടെ നേതൃത്വത്തിൽ കോളേജിനകത്ത് കടന്ന് ബോംബെറിയുകയും കോളേജ് ക്ലാസ്സിലിരുന്ന കുട്ടികളെ മർദ്ദിക്കുകയും ചെയ്തു. അങ്ങനെ മർദ്ദനം നടത്താൻ കാരണമെന്താണ്? അവിടെ എസ്. എഫ്. ഐ. യുടെ നേതാക്കൻമാർ അവരുടെ പ്രചരണ പ്രസംഗം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അതുപോലെ കോളേജ് മൈതാനത്ത്, കേരളത്തിലെ മറെറല്ലാ കോളേജുകളിലും നടത്തിയതുപോലെ എ. ഐ. എസ്. എഫ്. വിദ്യാർത്ഥി സംഘടന ഇൻഡ്യയിൽ രൂപം കൊണ്ടതിന്റെ 50-ാം വാർഷികം ആഘോഷിക്കുകയായിരുന്നു. നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽനിന്നും എ. ഐ. എസ്. എഫ്. എന്ന് പറയുന്ന വിദ്യാർത്ഥിപ്രസ്ഥാനം ഇൻഡ്യയിൽ രൂപം കൊണ്ടതിന്റെ 50-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ അപ്പുറത്ത് എസ്. എഫ്. ഐ. പ്രവർത്തകർ, അവർ രാഷ്ട്രീയ പ്രചരണ ക്ലാസ്സുകൾ നടത്തിക്കൊണ്ടിരുന്ന സമയത്ത് കോളേജിനകത്ത് കടന്ന് വിദ്യാർത്ഥികളെ ആക്രമിച്ചു. ഇതൊക്കെ ചെയ്തത് ആരുടെ നേതൃത്വത്തിലാണ്? നമ്മുടെ യൂത്ത് കോൺഗ്രസ്സിന്റെ സെക്രട്ടറി ശ്രീ. രമേശ് ചെന്നിത്തലയുടെ ഏറെറവും അടുത്ത സ്നേഹിതൻ ശ്രീ. ഹിതുർമുഹമ്മതിന്റെ നേതൃത്വത്തിൽ കൊല്ലം ഡി. സി. സി. സെക്രട്ടറിയുടെ നേതൃത്വത്തിൽ .....

മി. സ്പീക്കർ: മി. ചന്ദ്രമോഹനൻ, അങ്ങ് ഗാന്ധിജി യൂണിവേഴ്സിറ്റി ബില്ലിനെക്കുറിച്ചാണ് സംസാരിക്കേണ്ടത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ചില പ്രശ്നങ്ങൾ പറഞ്ഞ കൂട്ടത്തിലാണ് ഇത് പറയുന്നത്. അതുപോലെ ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറിന്റെ നേതൃത്വത്തിൽ കോൺഗ്രസ് ഐ ആഫീസിൽനിന്നും വടിവാളും മറെറ മാരകായുധങ്ങളുമായി ക്ലാസ് നടന്നുകൊണ്ടിരിക്കുമ്പോൾ പത്തെഴുപത്തിയഞ്ചാളുകൾ സംഘടിതമായി കോളേജിനകത്തേക്ക് കടന്ന് വിദ്യാർത്ഥികളെ മർദ്ദിച്ചു; അവർ ആശുപത്രിയിലായി. നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

ഇടപ്പെടലിനെക്കുറിച്ചാണ് ഞാൻ പറയുന്നത്! ഇങ്ങനെ അക്രമം നടത്തിയ ആളുകളെ എന്തെങ്കിലും ചെയ്യുന്നതിനുപകരം പോലീസ് വന്ന് ഈ ആക്രമണത്തിന് വിധേയമായ....

മി. സ്പീക്കർ : അങ്ങ് കോളേജ് എന്ന ഒരു വാക്കുള്ളതുകൊണ്ട് ഇതൊക്കെ ബന്ധപ്പെടുത്തി പറയുന്നത് ശരിയാണോ ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ശരിയായ കാര്യമാണ് പറയുന്നത്. കോളേജിനകത്ത് കടന്നുകയറി ആക്രമണം നടത്തിയ ആളുകളുടെ പേരിൽ യാതൊരു കേസ്സുമില്ല, മറിച്ച് ആക്രമണത്തിന് വിധേയമായി ആശുപത്രിയിൽ കിടന്ന വിദ്യാർത്ഥികളെയാണ് അറസ്റ്റ് ചെയ്ത് കൊണ്ടുപോയത്. അങ്ങനെ ആശുപത്രിയിൽ കിടന്ന രണ്ടാളുകളെ പിടിച്ചുകൊണ്ടുപോയി ലോക്കപ്പിലിട്ടിരിക്കുന്നു.

മി. സ്പീക്കർ : അങ്ങ് ബില്ലിനെക്കുറിച്ച് പറഞ്ഞുതീർന്നെങ്കിൽ അടുത്ത ആളെ വിളിക്കാം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഞാൻ ഈ ബില്ലിനെക്കുറിച്ചുതന്നെയാണ് പറയുന്നത്. നമ്മുടെ ഉന്നത വിദ്യാഭ്യാസമേഖലയിൽ, യൂണിവേഴ്സിറ്റി സെനറ്റിലും സിൻഡിക്കേറ്റിലും തീർച്ചയായും രാഷ്ട്രീയക്കാർ വേണമോ വേണ്ടയോ എന്നുള്ള പ്രശ്നം മാത്രമല്ല, നമ്മുടെ കലാലയങ്ങളിൽ പോലീസിനെ ഉപയോഗിച്ച്—വിദ്യാർത്ഥികൾ തമ്മിൽ സംഘട്ടനം ഉണ്ടായാൽ മനസ്സിലാക്കാം—ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതാക്കൻമാരുടെ നേതൃത്വത്തിൽ കോളേജിനകത്ത് കടന്ന് ആക്രമണങ്ങൾ സംഘടിപ്പിക്കുന്ന രൂപത്തിലേക്ക് എത്തിയിരിക്കുകയാണ്. ഇവിടെ ഭരണമുണ്ട് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ പ്രവർത്തിച്ചാൽ നമ്മുടെ സെനറ്റും സിൻഡിക്കേറ്റും ഉണ്ടോ ഇല്ലയോ എന്നാലോചിക്കേണ്ടിവരും. അനാവശ്യമായ ഘട്ടത്തിലും ഉണ്ടാകാത്ത രീതിയിൽ തെറ്റായ പ്രവർത്തനങ്ങൾ ശ്രീ. ജേക്കബ് നടത്തുന്നുണ്ട്. അതുപോലെ ഇതിനെല്ലാം കൂട്ട് നിൽക്കുന്ന ശ്രീ. കരുണാകരൻ പോലീസ് മന്ത്രിയായിരിക്കുമ്പോഴാണ് കോൺഗ്രസ് (ഐ) യുടെ നേതൃത്വത്തിൽ ഈ സംഭവം നടന്നത്. ഇവിടെ നിങ്ങൾ വളരെ ജനാധിപത്യപരമായ കാര്യങ്ങളെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇതൊക്കെ പറഞ്ഞത്. തീർച്ചയായും നമ്മുടെ ഉന്നതവിദ്യാഭ്യാസമേഖല മറ്റൊരു ഗവൺമെന്റിന്റെ കാലഘട്ടത്തിലുമുണ്ടാകാത്ത രൂപത്തിൽ ഒരു 'ഈജിയൻതൊഴുത്ത്' എന്ന് വിശേഷിപ്പിക്കത്തക്കരൂപത്തിൽ അതിന്റെ ഭരണസംവിധാനത്തിലും പ്രവർത്തനങ്ങളിലും ഒക്കെ മുൻപറഞ്ഞ കാര്യങ്ങൾ നിലനിൽക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ചെറുതാണ് ഈ നിയമഭേദഗതി എന്ന് പറഞ്ഞാലും ഈ സമീപനം മുന്നോട്ട് കൊണ്ടുപോകാൻ പറ്റാത്ത വിധത്തിൽ ഇവയുടെയൊക്കെ പ്രതിഫലനമാണ് ഈ ഭേദഗതി എന്നുള്ളതുകൊണ്ട് ഇവിടെയുള്ള ജനങ്ങളുടെ അഭിപ്രായമാരായാൻവേണ്ടി ഇത് സർക്കുലേറ്റ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇവിടെ ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിലെ ഒരു ചെറിയ ഭേദഗതിക്കാണ് ബിൽ അവതരിപ്പിച്ചത്; പക്ഷെ ചർച്ച നടന്നത് മുഴുവൻ മറ്റ് കാര്യങ്ങളെക്കുറിച്ചാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ചുരുക്കത്തിൽ ഒരു മറുപടി പറയേണ്ട ചുമതല എനിക്കുള്ളതുകൊണ്ട് ഞാൻ അതിലേക്ക് കടക്കാനാഗ്രഹിക്കുകയാണ്. നിയമത്തിന്റെ ഉള്ളടക്കം ഞാൻ പറഞ്ഞു. അത് ഞാൻ ഇനിയും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ചർച്ചയിൽ പങ്കെടുത്ത ആളുകൾ പ്രധാനമായും വിദ്യാഭ്യാസരംഗത്തെക്കുറിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചത്. തിങ്കളാഴ്ച തുടങ്ങി വ്യാഴാഴ്ചവരെ നാല് ദിവസവും വിദ്യാഭ്യാസമേഖലയിലെ പൊതുവായ ചർച്ചയാണ് ഇവിടെ നടന്നത്. ഞാൻ ഇന്നലെ പറഞ്ഞ കാര്യങ്ങളിൽ ചിലത് വീണ്ടും ഇന്ന് ആവർത്തിക്കേണ്ടി വന്നതിൽ എനിക്കുതന്നെ ബുദ്ധിമുട്ടുണ്ട്.

ഇവിടെ വിദ്യാഭ്യാസമേഖലയെ താറുമാറാക്കി എന്നാണ് പൊതുവായിട്ടുണ്ടായ ആക്ഷേപം. ശ്രീ. താമരാക്ഷൻ എനിക്ക് പുതിയ പദവിയൊക്കെ തരാനുള്ള ശ്രമവും നടത്തി. ഞാൻ ഒരു കാര്യം ശ്രീ. താമരാക്ഷനോട് പറയാൻ ആഗ്രഹിക്കുന്നു: അങ്ങയുടെ നേതാവ് 21 മാസക്കാലം കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നു. അന്ന് വിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലുമൊക്കെ മാറ്റത്തിനുവേണ്ടി ഒരു ചെറുവിരലെങ്കിലും അനക്കിയിട്ടുണ്ടെങ്കിൽ അങ്ങ് ഇന്ന് ഈ പറയുന്ന ആക്ഷേപങ്ങളും ഉന്നയിക്കാൻ ഞാൻ തയ്യാറാകുമായിരുന്നു. നിങ്ങളും ഒരു ചെറുവിരലനക്കിയിട്ടില്ല, ഈ 21 മാസക്കാലം ! വിദ്യാഭ്യാസരംഗത്ത് മാറ്റം വേണമെന്ന് എല്ലാപേരും പറയുന്നു, മാറ്റം ഉണ്ടാക്കിയേ പറ്റൂ. അങ്ങനെ മാറ്റം ഉണ്ടാകുമ്പോൾ സ്വാഭാവികമായും വിദ്യാഭ്യാസരംഗം എന്നും സെൻസിറ്റീവായിട്ടുള്ള ഒരു മേഖലയാണ്. ഇവിടെ എന്ത് മാറ്റമുണ്ടാക്കിയാലും അതിനെതിരെ ചില താല്പര്യങ്ങൾ ആഞ്ഞടിക്കാറുണ്ട്. ഇവിടെ രാഷ്ട്രീയ മാറ്റങ്ങൾക്കുവരെ വിദ്യാഭ്യാസമേഖലയെ വിധേയമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ഒരു മേഖലയിൽ ഈ ഗവൺമെന്റ് കുറേ നല്ല കാര്യങ്ങളും ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. എനിക്ക് അത് അഭിമാനപൂർവ്വം പറയാൻ കഴിയും. നമ്മുടെ പൊതു വിദ്യാഭ്യാസം തുടങ്ങി ഉന്നതവിദ്യാഭ്യാസരംഗം വരെ നമ്മുടെ സമൂഹത്തിനും നമ്മുടെ രാജ്യത്തിനും പ്രയോജനകരമായിട്ടുള്ള നിരവധി നല്ല കർമ്മ പരിപാടികളും ഞങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇവിടെ സിലബസ് കരിക്കുല പരിഷ്ക്കരണം ഞങ്ങൾ എർപ്പെടുത്തി. ഈ സഭയ്ക്കും പ്രത്യേകിച്ച് ശ്രീ. താമരാക്ഷനെപ്പോലുള്ള അദ്ധ്യാപകർക്കുമറിയാം, 13 വർഷക്കാലം നമ്മുടെ കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്തെ സിലബസ്സും കരിക്കുലവും പരിഷ്ക്കരിക്കാൻ ആരും ശ്രമിച്ചിരുന്നില്ല, എത്രയോ മാറ്റങ്ങൾ ഈ രാജ്യത്തുണ്ടായിട്ടുണ്ട്. ലോകത്തെമ്പാടുമുണ്ടായിട്ടുണ്ട്, ആ മാറ്റങ്ങൾ പ്രതിഫലിക്കേണ്ട ഒരു രംഗമാണ് വിദ്യാഭ്യാസരംഗമെന്നുള്ളതുകൊണ്ടുതന്നെ സിലബസ്സിനും കരിക്കുലത്തിനും കാലാനുസൃതമായ മാറ്റം ഉണ്ടാകണം. 1968-ൽ അംഗീകരിച്ച പൊതുവായ നയത്തിൽത്തന്നെ പറഞ്ഞിട്ടുള്ളത് അഞ്ച് വർഷക്കാലത്തിലൊരിക്കൽ ഒരു മാറ്റം ഉണ്ടാകണമെന്നാണ്. എന്തുകൊണ്ട് നിങ്ങൾ അതിന് ശ്രമിച്ചില്ല ? അത് ചെയ്യരുതെന്ന് പറഞ്ഞ് ആരും നിങ്ങളുടെ കയ്യിൽ കടന്നുപിടിച്ചില്ല ; പക്ഷേ നിങ്ങളത് ചെയ്തില്ല. ഞങ്ങളത് ചെയ്തു. അതിന്റെ പ്രയോജനം നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്നുമുണ്ട്. അതുപോലെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഒരു ഏകീകൃത സ്വഭാവമുണ്ടാക്കിയത് ഈ ഗവൺമെന്റാണ്.

സർ, ഇന്ന് ഇൻഡ്യയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. അതുപോലെതന്നെ ഉന്നതവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനപരമായ ഒരു മാറ്റത്തിനുവേണ്ടി ഗവൺമെന്റ് ശ്രമിച്ചപ്പോൾ നിങ്ങൾ രാഷ്ട്രീയപ്രേരിതമായി അതിനെ കാണുകയും രാഷ്ട്രീയ പ്രേരിതമായി സമരം നടത്തിയ ആളുകൾക്ക് പിൻതുണ കൊടുക്കുകയും ചെയ്തു. പ്രീ-ഡിഗ്രി ബോർഡ് എന്ന ആശയം എന്റെ ആശയമല്ല. ശ്രീ. കെ. കരുണാകരന്റെയോ ഈ മന്ത്രിസഭയുടേയോ ആശയമല്ല. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള വിദഗ്ദ്ധൻമാരായ മുഴുവൻ ആളുകളും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ ഒരു കാര്യമാണ് ; പത്താം ക്ലാസ് കഴിഞ്ഞിട്ടുള്ള രണ്ടു വർഷക്കാലത്തെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസം യൂണിവേഴ്സിറ്റിയിൽ ആയിരിക്കാൻ പാടില്ല എന്നുള്ളത്. ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകളും അത് ചെയ്തിരിക്കുന്നു. ബംഗാൾ, ത്രിപുര, ജമ്മു ആൻഡ് കാഷ്മീർ (പ്രതിപക്ഷങ്ങൾ ഭരിക്കുന്ന) എന്നീ സംസ്ഥാനങ്ങളിൽ ഇത് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അത് കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ ഇവിടെ എന്തെല്ലാം എതിർപ്പുകൾ ഉണ്ടായി. എല്ലാം സ്വകാര്യ മേഖലയെ പിൻതുണയ്ക്കാൻ ആണെന്ന് പറഞ്ഞു. വിദ്യാഭ്യാസ മേഖല സ്വകാര്യവൽക്കരിക്കാനാണെന്ന് പ്രചരിപ്പിച്ചു. ആവർത്തിച്ച് ഈ കാര്യങ്ങൾ പറയുകയും അടിസ്ഥാനപരമായി ഈ കാര്യങ്ങൾ ഉന്നയിച്ച ആളുകൾക്ക് പിൻതുണ കൊടുക്കുകയല്ലേ ചില രാഷ്ട്രീയ കക്ഷികൾ ശ്രമിച്ചത്? അടിസ്ഥാനപരമായി കേരളത്തിൽ ഉള്ള ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന് ഇതിനെ എതിർക്കാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ നിങ്ങളൊക്കെ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എന്തുകൊണ്ട് നിങ്ങൾ അത് നടപ്പിലാക്കി. അത് പ്രയോജനകരമാണെന്ന് നിങ്ങൾതന്നെ പറയുന്നു. നമ്മുടെ രാജ്യത്ത് ഗുണകരമായ ഒരു സംവിധാനം നടപ്പിലാക്കുമ്പോൾ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും സമൂഹത്തിനും ബുദ്ധിമുട്ടുണ്ടാകരുത്. ഞാൻ അത് അംഗീകരിക്കുന്നു; പക്ഷേ അങ്ങനെയാണോ നിങ്ങൾ ഈ പ്രശ്നത്തെ സമീപിച്ചത്. നിങ്ങൾ ഇപ്പോഴും പറയുന്നുണ്ട് ഈ ഗവൺമെൻറ് ഇത് നടപ്പിലാക്കാൻ പോകുന്നില്ല എന്ന്. ഞാൻ ആവർത്തിച്ച് പറയുന്നു ഈ ഗവൺമെൻറ് ഇത് നടപ്പിലാക്കും. ഇത് നടപ്പിലാക്കേണ്ടത് ഉന്നതവിദ്യാഭ്യാസത്തിൻെറ പുരോഗതിക്ക് ആവശ്യമാണ്. ഞങ്ങൾക്ക് അത് ബോദ്ധ്യമുണ്ട്. ഞങ്ങൾക്ക് ഉത്തമവിശ്വാസമുള്ള ഒരു കാര്യം കൂട്ടുത്തരവാദിത്വത്തോടുകൂടി ഐക്യജനാധിപത്യമുന്നണി അംഗീകരിച്ചതാണ്, അത് നടപ്പിലാക്കാനുള്ള ധാർമ്മികമായ ബാദ്ധ്യത ഞങ്ങൾക്കുണ്ട്. ആ ചുമതല നിറവേറ്റാൻ ഞങ്ങൾ പോകുകയാണ്. ഞങ്ങൾ പറഞ്ഞിട്ടുള്ള ചില വാക്കുകളുണ്ട്. നിങ്ങളോടൊക്കെ ചർച്ച ചെയ്യാമെന്ന് പറഞ്ഞു. 4-ാം തീയതി പ്രതിപക്ഷ രാഷ്ട്രീയ കക്ഷി നേതാക്കളെ ചർച്ചക്ക് വിളിച്ചിരിക്കുകയാണ്. അവരെ ആ വിവരം അറിയിച്ചിട്ടുണ്ട്. ഇവിടെ ചർച്ചകൾ നടത്തി, നിങ്ങളുമായി ആലോചിച്ചു. മറ് സർവ്വീസ് സംഘടനകളുമായി ആലോചിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ നയപരമായി ഈ കാര്യത്തിൽ മാറ്റം വരുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അത് നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ മാറ്റങ്ങൾക്ക് ആവശ്യമായ സംഗതിയാണ്. ഇവിടെ തന്നെ സംസാരിച്ച പല അംഗങ്ങളും കാര്യങ്ങൾ അറിയാതെ സംസാരിച്ചുപോകുന്നു, അല്ലെങ്കിൽ ബോധപൂർവ്വം അതിനെ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻതന്നെ ചോദിച്ചു പ്രതിപക്ഷകക്ഷികളോട് എന്തെങ്കിലും ബഹുമാനം നിങ്ങൾ കാണിക്കുന്നുണ്ടോ എന്ന്. നിങ്ങൾ ഇങ്ങനെ നോമിനേറ് ചെയ്തത് ഇലക്ഷനെ ഭയന്ന് ആളുകളല്ലേ എന്ന് അദ്ദേഹം ചോദിച്ചു. ഇവിടെ കേരള യൂണിവേഴ്സിറ്റിയും കാലിക്കട് യൂണിവേഴ്സിറ്റിയും കൊച്ചിൻ യൂണിവേഴ്സിറ്റിയും ഉണ്ടായിട്ടുണ്ട്. ഈ യൂണിവേഴ്സിറ്റികളൊക്കെ ഉണ്ടായപ്പോൾ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയും ഞാൻ വിദ്യാഭ്യാസ മന്ത്രിയുമായിരുന്നില്ല. കാലിക്കട് യൂണിവേഴ്സിറ്റി ഉണ്ടാകുമ്പോൾ ഇവിടെ ഭരിച്ചുകൊണ്ടിരുന്നത് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടാണ്. അന്ന് ശ്രീ. വർക്കല രാധാകൃഷ്ണൻ അദ്ദേഹത്തിൻെറ പ്രൈവറ് സെക്രട്ടറിയായിട്ട് ഇവിടെ പ്രവർത്തിച്ച ആളാണ്. അന്ന് പ്രതിപക്ഷ നേതാവായിട്ട് ശ്രീ. കെ. കരുണാകരൻ പ്രതിപക്ഷത്തുണ്ട്. ശ്രീ. കെ. എം. ജോർജ് പ്രതിപക്ഷത്തുമുണ്ട്. ആകെ 14 അംഗങ്ങൾമാത്രമേ പ്രതിപക്ഷത്തുണ്ടായിരുന്നുള്ളൂ. ബാക്കിയെല്ലാം ഭരണകക്ഷിയിൽ ഉള്ളതായിരുന്നു. ആ പ്രതിപക്ഷത്തിന് പ്രാധാന്യം ഉണ്ടായിരുന്ന ഈ രണ്ടു കക്ഷിയിൽനിന്ന് ഏതെങ്കിലും ഒരു അഗത്തെ കാലിക്കട്

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്തോ ? നിങ്ങൾ ചെയ്തിട്ടില്ല. ഗോവിന്ദപ്പിള്ളയേയും എ കെ.പി.സി.ടി.എ. യുടെ പ്രതിനിധികളേയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് നിങ്ങൾ അന്ന് സിൻഡിക്കേറ്റ് ഉണ്ടാക്കിയത്. ആ സിൻഡിക്കേറ്റ് അങ്ങനെ രൂപീകരിച്ച നിങ്ങളാണ് ഇന്ന് ഞങ്ങളെ കുറ്റം പറയുന്നത്.

ഇന്നലെ ശ്രീ. സിറിയക് ജോൺ ഗാന്ധിജി യൂണിവേഴ്സിറ്റിക്കെതിരായി സംസാരിച്ചു. ശ്രീ. സിറിയക് ജോൺകൂടി മന്ത്രിയായിരുന്ന ക്യാബിനറ്റാണ് ഗാന്ധിജി യൂണിവേഴ്സിറ്റിയുണ്ടാക്കാൻ തീരുമാനിച്ചത്. ആ യൂണിവേഴ്സിറ്റിക്കെതിരായി സഹകരണപരമായ കാര്യങ്ങൾ വിസ്മരിച്ചുകൊണ്ട് അദ്ദേഹം ഇന്നലെ സംസാരിച്ചു. അത് ശരിയല്ല. ഓരോ കാര്യങ്ങൾ നമ്മളൊക്കെ ചെയ്തിട്ട് നാളെ ഈ സ്ഥാനത്തുനിന്ന് മാറി ഞാൻ ചെയ്ത കാര്യങ്ങളെ കുറ്റം പറഞ്ഞുകൊണ്ട് താൻതന്നെ സംസാരിക്കുന്നത് അന്തസ്സില്ലാത്ത കാര്യമായിട്ടാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അതുകൊണ്ട് അത് ശരിയല്ല. ഇവിടെ ശ്രീമതി ഭാർഗ്ഗവി തങ്കപ്പനും ശ്രീ. ശശീന്ദ്രനും ചോദിച്ചു എ വി ടെ യെ കി ല്ലും ചരിത്രത്തിലുണ്ടോ യൂണിവേഴ്സിറ്റി ഭരണസമിതി ഓർഡിനൻസിൽക്കൂടി നീട്ടിക്കൊണ്ടുപോകുന്ന ഏർപ്പാട് എന്ന്. അംഗങ്ങളുടെ അറിവിലേക്ക് പറയാം. ആദ്യം കാലിക്കട്ട് യൂണിവേഴ്സിറ്റിയുണ്ടാകുമ്പോൾ ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടായിരുന്നു കേരള മുഖ്യമന്ത്രി. അതുകഴിഞ്ഞ് 7 വർഷക്കാലം മുഖ്യമന്ത്രിയായിരുന്നത് സി.പി.ഐ.യുടെ നേതാവായ സി അച്യുതമേനോനായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ 5 പ്രാവശ്യം ഓർഡിനൻസ് കൊണ്ടുവന്ന് കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിന്റെ കാലാവധി നീട്ടിക്കൊടുത്തു. അഞ്ചു വർഷം ഒൻപതുമാസം ഓർഡിനൻസിൽ കൂടി കാലാവധി നീട്ടിക്കൊടുത്ത പാരമ്പര്യം ഇവിടെയുണ്ട്. 6 പ്രാവശ്യം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിന്റെ കാലാവധി ഓർഡിനൻസുവഴി നിങ്ങൾ നീട്ടിക്കൊടുത്തിട്ടുണ്ട്. അന്ന് അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നു. ആ കക്ഷിയിൽപ്പെട്ട ആളുകളാണ് ഇന്ന് മാറിയിരുന്ന് എന്നെ കുറ്റം പറയുന്നത്. നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റിന്റെ കാലാവധി നാട്ടിൻ 6 പ്രാവശ്യം ഓർഡിനൻസ് കൊണ്ടുവന്ന് ഈ നിയമസഭയിൽ അതിനുപകരം ബിൽ കൊണ്ടുവന്ന ചരിത്രം ഈ നിയമസഭയ്ക്കുണ്ട്. നിങ്ങൾ ആ കാര്യം വിസ്മരിക്കരുത്. വേണമെങ്കിൽ ഡോറ് വായിക്കാം, എന്റെ കയ്യിലുണ്ട്. 23-7-1968, (1968-ലെ 5-ാം നമ്പർ ഓർഡിനൻസ്) 9-9-1970, 3-1-1972, 8-9-1972, 13-10-1973, 1974 ഒക്ടോബർ മാസത്തിൽ വീണ്ടും ഓർഡിനൻസ് കൊണ്ടുവന്നു. അങ്ങനെ 6 പ്രാവശ്യം ഓർഡിനൻസ് കൊണ്ടുവന്ന് നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റിന്റെ കാലാവധി ദീർഘിപ്പിച്ചുകൊടുത്ത പാരമ്പര്യം നമുക്കുണ്ട്. ഞങ്ങൾ ആകെക്കൂടി ചെയ്തത് ഇപ്പോൾ എക്സ്റ്റൻഷൻ കൊടുത്തത് മാത്രമാണ്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യം ചോദിച്ചു, രണ്ടു മാസം കൂടിയേ നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റിന്റെ കാലാവധിയുള്ളു, സെനറ്റും ഉള്ളൂ പിന്നീട് എന്ത് ചെയ്യാൻ പോകുന്നു എന്ന്. അത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. ഗാന്ധിജി യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് നിയമസഭയിൽ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്തതാണ്. ബിൽ വന്നപ്പോഴും അമെൻഡ്മെന്റ് വന്നപ്പോഴും ഇന്നലേയും ഇന്നും ചർച്ച ചെയ്തു. ഈ യൂണിവേഴ്സിറ്റിക്കെതിരെ കുറേ ആളുകൾക്ക് വികാരപരമായ എതിർപ്പുണ്ട്. എന്തിനാണ് എതിർക്കുന്നത് ? കോട്ടയം കേന്ദ്രമാക്കി ഒരു യൂണിവേഴ്സിറ്റി വേണമെന്നത് ഞങ്ങൾമാത്രം പറഞ്ഞ കാര്യമല്ല. കേരളത്തിൽ നിരവധി വർഷങ്ങളായി ഉയർന്നുവന്നിരുന്ന ഒരു ആവശ്യം. ഞങ്ങളുടെ ഈ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ പ്രാവർത്തികമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ യാതൊരു തെറ്റും ഉണ്ടെന്നു് എനിക്കു് തോന്നുന്നില്ല. ആ യൂണിവേഴ്സിറ്റിയുടെ അധികാര പരിധിയിൽവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ പൊല്ലി നിങ്ങൾ വർഗ്ഗീയത വളർത്താൻ ശ്രമിക്കുന്നു. ഞാൻ ഇന്നലെ പറഞ്ഞല്ലോ ആകെക്കൂടി പ്രൈവറ്റു് മേഖലയിൽ ഞാൻ കൊടുത്തതു് 9 കോളേജുകളാണു് എന്നു്. ഇവിടെ പ്രവർത്തിക്കുന്ന 204 കോളേജുകളിൽ 85 ശതമാനം കോളേജുകളും പ്രൈവറ്റു് മേഖലയിലാണു് പ്രവർത്തിക്കുന്നതു്. കാലാകാലങ്ങളായി ഇവിടെ ആ സംവിധാനം നിലനിൽക്കുന്നു. അതിനു് എന്നെ കുറ്റം പറഞ്ഞിട്ടു് കാര്യമില്ല. സ്വാഭാവികമായും ഏതു് യൂണിവേഴ്സിറ്റിയെടുത്തു് പരിശോധിച്ചാലും പ്രൈവറ്റു് കോളേജുകളാണു് കൂടുതൽ. ആ സ്വകാര്യ കോളേജുകളേയും അനുവദിച്ച കാര്യങ്ങളേയും വിസ്മരിച്ചുകൊണ്ടു് നിങ്ങൾ എന്നെ കുറ്റം പറയുന്നതു് ശരിയല്ല. 'മലർന്നു് കിടന്നു് തുപ്പിയാൽ സ്വന്തം മുഖത്തു് വന്നുവീഴും' അതുകൊണ്ടു് അതിനു് ഒരിക്കലും ശ്രമിക്കരുതു്. അങ്ങനെ വർഗ്ഗീയ സ്വഭാവത്തിൽക്കൂടി നിങ്ങൾ അതിനെ കാണാൻ ശ്രമിക്കുന്നതു് ശരിയാണോ ? ഞങ്ങൾ കൊടുത്തതിനേക്കാൾ കൂടുതൽ സ്ഥാപനങ്ങൾ നിങ്ങൾ സ്വകാര്യമേഖലയിൽ കൊടുത്തിട്ടുണ്ടു്. ആ നിങ്ങളാണു് ഞങ്ങളെ കുറ്റം പറയുന്നതു്. ഒരു വേശ്യക്കു് ചാരിത്ര്യം പ്രസംഗിക്കാൻ അവകാശമില്ല, പ്രസംഗിക്കുകയും ചെയ്യുകയില്ല. പക്ഷേ നിങ്ങൾ അതാണു് ചെയ്തുകൊണ്ടിരിക്കുന്നതു്. നിങ്ങൾ ആവർത്തിച്ചാവർത്തിച്ചു് അതുതന്നെയാണു് പറഞ്ഞുകൊണ്ടിരിക്കുന്നതു്.

ഇവിടെ ഗാന്ധിജി യൂണിവേഴ്സിറ്റി നിലവിൽവന്നു. അതിനു് യു.ജി.സി.യുടെ അംഗീകാരം കിട്ടിയില്ല. നിങ്ങൾതന്നെ പറയുന്നു, കിട്ടിയില്ല എന്നു്. അംഗീകാരം കിട്ടാൻ ഞങ്ങൾ ശ്രമിച്ചാൽ നിങ്ങൾ പറയും ജനാധിപത്യവിരുദ്ധം ആണെന്നു്. ഈ നിയമസഭയുടെ ഐകകണ്ഠ്യേനയുള്ള തീരുമാനത്തോടുകൂടി ഗാന്ധിജി യൂണിവേഴ്സിറ്റി നിയമം നടപ്പിലാക്കി. ആ ബില്ലുമായി ഞാൻതന്നെ ഡൽഹിയിൽ പോയി പല പ്രാവശ്യം കേന്ദ്രമന്ത്രിമാരേയും യു.ജി.സി.യുടെ ചെയർമാനേയും കണ്ടു് നിവേദനങ്ങൾ നടത്തി കാര്യങ്ങൾ പറഞ്ഞിട്ടുണ്ടു്. പക്ഷേ അതു് അംഗീകരിക്കാൻ അവർ തയ്യാറല്ല. ഇൻഡ്യൻ പാർലമെന്റു് പാസ്സാക്കിയ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിലെ ഒരു നിയമത്തിനു് വിധേയമായിട്ടാണു് അവർ അംഗീകരിക്കാൻ തയ്യാറില്ലെന്നു് പറയുന്നതു്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ ആക്ടു് 1956.

12 (B) Prohibition regarding giving of any grants to the University not declared by the Commission fit to receive such grant.

എന്നുള്ള ഹെഡ്ഡിങ്ങിൽ ഇതിനെ സംബന്ധിച്ചു് പറയുന്നുണ്ടു്. അവർക്കു് അതു് തീരുമാനിക്കാനുള്ള അധികാരം ഇൻഡ്യൻ പാർലമെന്റു് കൊടുത്തിരുന്നു. ആ അധികാരമുപയോഗിച്ചു് അവർ പറയും നിങ്ങൾക്കു് ഗ്രാന്റു് തരാൻ പാടുകയില്ല എന്നു്. എനിക്കു് എന്തുചെയ്യാൻ കഴിയും ; ഈ ഗവൺമെന്റിനു് എന്തുചെയ്യാൻ കഴിയും ? ഇൻഡ്യൻ പാർലമെന്റു് അംഗീകരിച്ച ആക്ടിനു് വിധേയമായിട്ടാണു് അവർ പറയുന്നതു്. എന്നെമാത്രം കുറ്റം പറഞ്ഞിട്ടു് കാര്യമുണ്ടോ ? യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അധികാരങ്ങൾ ഏതു പരിധിവരെ പോകണം, അവർ എന്തെല്ലാം കാര്യങ്ങൾ ചെയ്യണം എന്നൊക്കെ പാർലമെന്റിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളാണു്. അധികാരപ്പെട്ട സ്ഥാനങ്ങളിൽ ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ രൂപീകരിക്കുകയും ചെയ്യാം. അങ്ങനെയൊരു തടസ്സം നിൽക്കുമ്പോൾ ഞങ്ങൾ അതിനുവേണ്ടി ഒരു ശ്രമം നടത്തി. ഈ ബില്ലുമായി ഞാൻ അവിടെ ചെന്നു പറഞ്ഞു, കേരള നിയമസഭയിൽ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസം കൂടാതെ മുഴുവൻ ആളുകളുടേയും അഭിപ്രായമിതാണു് എന്നു്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവർ പറഞ്ഞ മറുപടി നിങ്ങളുടെ യൂണിവേഴ്സിറ്റി 1983-ൽ നിലവിൽ വന്നതിനുശേഷം ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും യൂണിവേഴ്സിറ്റികളും നിലവിൽ വന്നിരിക്കുന്നു. ആ യൂണിവേഴ്സിറ്റികളെല്ലാം യു. ജി. സി.യുടെ നോംസ് അംഗീകരിക്കാം എന്നു് സമ്മതിക്കുകയും അങ്ങനെ നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്തിരിക്കുന്നു എന്നു്. ശ്രീ. ബാലകൃഷ്ണന്റെ അറിവിലേക്ക് ഒരു കാര്യം പറയാം. ഇപ്പോൾ പശ്ചിമബംഗാളിൽ കൊണ്ടുവരാൻ പോകുന്ന ഓപ്പൺയൂണിവേഴ്സിറ്റി ബിൽ യു. ഇ. സി. നോംസിനു് വിധേയമായിട്ടാണു് ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നതു്. ഞാൻ അവിടെ പോയി അവിടത്തെ മന്ത്രിയുമായി സംസാരിച്ചതാണു്. യു. ജി. സി. ആ നിലപാടു് സ്വീകരിച്ചിരിക്കുകയാണു്. അതിനു് മാറ്റം വരുത്താൻ അവർ തയ്യാറല്ല. അവർ അതിനുവേണ്ടി ചുമതലപ്പെടുത്തിയ വിദഗ്ദ്ധസമിതിയുടെ അഭിപ്രായത്തെ മാനിച്ചുകൊണ്ടാണു് അവർ അങ്ങനെ ഒരു തീരുമാനമെടുത്തതു്. നമുക്കു് എന്തുചെയ്യാൻ കഴിയും. രണ്ടു പോംവഴിയേ ഉള്ളൂ. ഒന്നുകിൽ യു. ജി. സി. യുടെ അംഗീകാരം കൂടാതെ സംസ്ഥാന ഗവൺമെന്റുതന്നെ പണം മുടക്കി ചെയ്യണം. അതു് നടക്കുമോ ? ഇൻഡ്യയിൽ ഒരു യൂണിവേഴ്സിറ്റിയും സ്റ്റേറ്റിന്റെ ഫണ്ടുകൊണ്ടു മാത്രം നടത്താൻ കഴിയുകയില്ല.

ഞാൻ ഇന്നലെ ഇവിടെ സൂചിപ്പിച്ചു, കൊച്ചിൻ യൂണിവേഴ്സിറ്റി നാലുവർഷക്കാലംകൊണ്ടു് ഏഴരക്കോടി രൂപയുടെ ആനുകൂല്യങ്ങളും വാങ്ങിച്ചു എന്നു്. ഗാന്ധിജി യൂണിവേഴ്സിറ്റിക്കു് സഹായം കിട്ടുന്നില്ലെങ്കിൽ തന്നെയും അതിന്റെ കീഴിലുള്ള കോളജുകൾക്കു് യു. ജി. സി. യുടെ അസിസ്റ്റൻസ് കിട്ടുന്നുണ്ടു്. യു. ജി. സി. യുടെ അംഗീകാരം കിട്ടിയാൽ അവിടെ കെട്ടിടം കെട്ടാൻ അവർ പൈസതരും ; ലൈബ്രറി ഉണ്ടാക്കാൻ പണം തരും, അതിന്റെ ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി പണം തരാനും തയ്യാറാണു് എന്നാണു് അവരുമായി സംസാരിച്ചപ്പോൾ പറഞ്ഞതു്. രണ്ടുകോടി രൂപയുടെ ആസ്തിയുണ്ടെന്നു് നമ്മൾ പറഞ്ഞാൽ മൂന്നുകോടി രൂപയുടെ അസിസ്റ്റൻസ് തരാമെന്നു് ഞങ്ങളെ അറിയിച്ചിട്ടുണ്ടു്. ആ അസിസ്റ്റൻസ് വാങ്ങിയെടുത്തു് ആ യൂണിവേഴ്സിറ്റി നല്ല രീതിയിൽ പ്രവർത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയല്ലേ നമ്മൾ ചെയ്യേണ്ടതു് ? അതിൽ രാഷ്ട്രീയം കാണുകയും ജനാധിപത്യം നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നു പറയുന്നതു് ദുഃഖകരമായ സംഗതിയാണു്. കാര്യങ്ങൾ അറിയാവുന്നവരാണു് ഈ സഭയിലെ അംഗങ്ങൾ. അതുകൊണ്ടു് സൗകര്യപൂർവ്വം വിസ്മരിക്കുന്നതു് ശരിയല്ല.

സർ, രണ്ടുമാസം കഴിഞ്ഞു് എന്തു ചെയ്യുമെന്നു് ശ്രീ. ബാലകൃഷ്ണൻ ഇവിടെ ചോദിച്ചു. അതിനു് ഞാൻ മറുപടി പറയാം. രണ്ടുമാസം കഴിഞ്ഞുള്ള പ്രശ്നത്തിനും പരിഹാരം ഉണ്ടാക്കിയിട്ടുണ്ടു്. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിനു് ഒരു ഭേദഗതി ബിൽകൊണ്ടുവരുന്നുണ്ടു്. ഈ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനുമുമ്പുതന്നെ അതു് കൊണ്ടുവരും. അങ്ങനെ കൊണ്ടുവരുന്നതു് യു. ജി. സി. യുടെ നോംസ് അനുസരിച്ചുള്ള സെനറ്റും സിൻഡിക്കേറ്റും വച്ചുകൊണ്ടാണു്. സെനറ്റ് ഇലക്ടഡ് സെനറ്റാകും. സെനറ്റിന്റെ അധികാരങ്ങളും യു.ജി. സി. പറഞ്ഞതുപോലെ കുറച്ചിട്ടുണ്ടു്. അതു് പ്രധാനമായും ഒരു അഡ്വൈസറി നേച്ചറിലുള്ള ബോഡിയായിട്ടു് നിൽക്കും. സിൻഡിക്കേറ്റിനെ സംബന്ധിച്ചു് പലരും പറഞ്ഞു, രാഷ്ട്രീയക്കാരെ ആക്ഷേപിച്ചു് പലരും സംസാരിച്ചു. ശ്രീ. വർക്കല രാധാകൃഷ്ണനുമൊക്കെ രാഷ്ട്രീയക്കാരെ ആക്ഷേപിച്ചല്ലേ സംസാരിച്ചതു് ? നമ്മളൊക്കെത്തന്നെയാണു് രാഷ്ട്രീയക്കാർക്കെതിരെ പറയുന്നതു്. അതുപോലെതന്നെയാണു് യു. ജി. സി. ഈ നിഗമനത്തിൽ എത്തിയിരിക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ബിൽ അനുസരിച്ച് ഇവിടെ കൊണ്ടുവരാൻ പോകുന്ന സിൻഡിക്കേറ്റിൽ two eminent educationists or scientists, 3 deans of faculties, 2 Principals of Colleges affiliated by the University, 3 teachers of Colleges within the jurisdiction of the University അങ്ങനെ സിൻഡിക്കേറ്റ് അക്കാഡമീഷ്യൻസ് മാത്രമായിട്ട് മാറാൻ പോകുകയാണ്. ഒരു രാഷ്ട്രീയക്കാരനും ഇനി ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ പോകാൻ പോകുന്നില്ല. ആ ബിൽ പാസ്സായാൽ സ്വാഭാവികമായും ഈ നിയമത്തിന്റെ ആവശ്യമില്ല. ഈ നവംബർമാസത്തിൽത്തന്നെ ഈ ബിൽ കൊണ്ടുവന്ന് പാസ്സാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അത് കൊണ്ടുവന്നേ സാദ്ധ്യമാകൂ. ഗാന്ധിജി യൂണിവേഴ്സിറ്റിയെ ഒരു അനാഥശിശുവായി പറഞ്ഞയയ്ക്കാൻ ഞങ്ങളും ആഗ്രഹിക്കുന്നില്ല. ആ ശിശുവിന്റെ പിതൃത്വം ഞങ്ങളുതന്നെ ഏറ്റെടുത്തിട്ടുണ്ട്, അതിനെ നല്ലൊരു കുഞ്ഞാക്കി വളർത്തിക്കൊണ്ടുവരണം എന്ന ആഗ്രഹം ഞങ്ങൾക്കുണ്ട്. ആ ആഗ്രഹത്തിന്റെ പേരിൽ ഈ ഭേദഗതി ഇവിടെ കൊണ്ടുവരാനും പാസ്സാക്കാനും പോവുകയാണ്.

ശ്രീ. എ. കെ. പത്മനാഭൻ : സർ, ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഇനി പുതിയതായി ഭേദഗതി ചെയ്തു കൊണ്ടുവരുന്ന ആ നിയമത്തിന്റെ മാതൃകയിലാരിക്കുമോ ബാക്കി സർവ്വകലാശാലകൾക്കും നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : സർ, അതെല്ലാം നമുക്ക് എല്ലാപേർക്കുംകൂടി ആലോചിക്കാം. ഒരു കോമൺ യൂണിവേഴ്സിറ്റി ബിൽ വേണമെന്നുള്ള ഒരു ആശയമുണ്ട്. ഇവിടെ പ്രതിപക്ഷത്തും ഭരണപക്ഷത്തും ഉള്ള ആളുകൾ പറഞ്ഞല്ലോ ഒരു കോമൺ യൂണിവേഴ്സിറ്റി ബിൽ വേണമെന്ന്. നല്ല ആശയമാണ്. ഏതായാലും ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് മാത്രം ഇങ്ങിനെയൊരു ബിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. അത് കഴിഞ്ഞിട്ട് നമുക്കെല്ലാപേർക്കും കൂടി കൂട്ടായിട്ട് ആലോചിക്കാം എങ്ങനെ വേണമെന്ന്. ഇന്നലെ ഇവിടെ ശ്രീ. ആർ. എസ്. ഉണ്ണി പ്രസംഗിച്ചപ്പോൾ പറഞ്ഞു യൂണിവേഴ്സിറ്റികളുടെ ഭരണത്തിൽ അല്ലെങ്കിൽ യൂണിവേഴ്സിറ്റികളുടെ അഡ്മിനിസ്ട്രേറ്റീവ് ആയിട്ടുള്ള കാര്യങ്ങളിൽ ഏതെല്ലാം പരിധിവരെ ഗവൺമെന്റ് പോകണം അല്ലെങ്കിൽ ഗവൺമെന്റിന് അധികാരം വേണ്ടേ എന്നൊക്കെ. ഇങ്ങനെ പല പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഇതെല്ലാം നമുക്ക് ചർച്ച ചെയ്യാം എല്ലാവർക്കും സ്വീകാര്യമായ കാര്യങ്ങൾ ചെയ്യാം.

സർ, ശ്രീമതി ഭാർഗ്ഗവി തങ്കപ്പനും ശ്രീ. കേശവനുമൊക്കെ പറഞ്ഞ ഒരു കാര്യമുണ്ട് ഹരിജനങ്ങളെ അവഗണിക്കുന്നുവെന്ന്. കേരളത്തിന്റെ ചരിത്രത്തിൽ ഗാന്ധിജി യൂണിവേഴ്സിറ്റിയിലാണ് ആദ്യമായിട്ട് ഹരിജൻ സിൻഡിക്കേറ്റ് മെമ്പർ വേണം എന്നുള്ള വ്യവസ്ഥ നമ്മൾ ഉൾക്കൊള്ളിച്ചത്. അത് ഈ ഗവൺമെന്റാണ് ചെയ്തത്. പുതിയതായി വരാൻ പോകുന്ന ഈ സിൻഡിക്കേറ്റിൽ ഞാൻ ഇപ്പോൾ പറഞ്ഞ അംഗങ്ങളിൽ ആരെങ്കിലും ഒരാൾ ഹരിജനായിരിക്കണമെന്ന വ്യവസ്ഥ കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. അപ്പോൾ ഹരിജനങ്ങൾക്ക് അംഗീകാരം കൊടുത്ത ഒരു നിയമമാണ് കൊണ്ടുവന്നിരിക്കുന്നത്, കൊണ്ടുവരാൻ പോകുന്നത്. ശ്രീ. കേശവൻ ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ സെനറ്റിലെ ഒരംഗമാണ്. ഈ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിൽ തന്നെ (സമയം ഇല്ലാത്തതുകൊണ്ട് വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആക്ട് എന്റെ കൈയിലുണ്ട്) കമ്മ്യൂണൽ റൊട്ടേഷൻ, ഇതിന്റെ റിസർവേഷൻ

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ വേണം എന്നുള്ളത് വളരെ കൃത്യമായിട്ട് പറഞ്ഞിട്ടുണ്ട്. നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തു നമ്മളും കൂട്ടിച്ചേർത്തതാണ്. ഇതിന് വിരുദ്ധമായിട്ട് ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ അവിടത്തെ വൈസ്ചാൻസലറുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. വെറുതെ നിങ്ങളും പ്രസംഗിച്ചിട്ട് കാര്യമില്ല. എഴുതിത്തരണം. അവിടത്തെ നിയമനത്തെ സംബന്ധിച്ച് ശ്രീ. കേശവൻ പറഞ്ഞു. ശ്രീ. കേശവൻ ഒരു കാര്യം ഓർക്കണം. ശ്രീ. കേശവനും ഒരു രാഷ്ട്രീയ പ്രവർത്തകനാണ്. അവിടെ ഇരിക്കുന്നവരിൽ പലരും ഇന്നെല്ലെങ്കിൽ നാളെ മന്ത്രിമാരോ മറ്റ് ഉത്തരവാദപ്പെട്ട ഏതെങ്കിലും സ്ഥാനമുള്ളവരോ ആയി വന്നെന്നുവരാം. ഒരു കാര്യം മനസ്സിലാക്കാനുള്ളത് കാടടച്ച് വെടി വയ്ക്കരുത്. ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ നിയമനങ്ങളിൽ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആരെങ്കിലും പണം വാങ്ങിച്ചിട്ടുണ്ട് എന്നു പറഞ്ഞാൽ നടപടിയെടുക്കാൻ ഞങ്ങളും തയ്യാറാണ്. ഞാൻ പാർട്ടിയുടെ ഉത്തരവാദപ്പെട്ട ആളെന്ന നിലയ്ക്ക് പറയുകയാണ്. വെറുതെ കാടടച്ച് വെടിവയ്ക്കരുത്. അവിടെ മുഴുവൻ അഴിമതിനടന്നു, അവിടെ മുഴുവൻ അനാവശ്യം നടന്നു എന്നൊക്കെ നിങ്ങളും പറയുന്നു. നിങ്ങളുടെ അറിവിലേക്ക് ഞാൻ ഒരു കാര്യം പറയാം. ഗാന്ധിജി യൂണിവേഴ്സിറ്റി - അസിസ്റ്റന്റ്-II ഗ്രേഡിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏകദേശം 19,000 അപേക്ഷകളും കിട്ടി. 19,000 അപേക്ഷകർക്കുവേണ്ടി പരീക്ഷ നടത്തിയപ്പോൾ 17,000 പേർ ഹാജരായി. അതിനുശേഷമാണ് പ്രശ്നങ്ങളും എല്ലാം ഉണ്ടായത്. അഴിമതി നടക്കുന്നു, കൈക്കൂലി വാങ്ങുന്നു എന്നുള്ള ആക്ഷേപങ്ങളും ഉണ്ടായി. ഇന്നലെ ഇവിടെ പറഞ്ഞ കാര്യം ഒരിക്കൽക്കൂടി ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ തന്നെ വൈസ്ചാൻസലറെ വിളിച്ചിട്ട് പറഞ്ഞു-സിൻഡിക്കേറ്റിനു അധികാരമുണ്ടെങ്കിൽകൂടിയും ഗവൺമെന്റിന്റെ അഭിപ്രായം ഈ നിലയിൽ അഴിമതി നടക്കുന്നുവെന്നുള്ള പ്രചരണവുമായി മുന്നോട്ടുപോകാൻ സാദ്ധ്യമല്ല എന്നാണ്. അതുകൊണ്ട് അവിടെയൊരു സിൻഡിക്കേറ്റ് സമിതിയുണ്ടാക്കി ഇന്റർവ്യൂ നടത്തുന്ന ഏർപ്പാട് വേണ്ട എന്ന്. അതിന്റെ അടിസ്ഥാനത്തിൽ അവർ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 718 പേരുടെ റാങ്കുലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഈ റാങ്ക്ലിസ്റ്റിനെക്കുറിച്ച് ഒറ്റ കുഞ്ഞുപോലും ആക്ഷേപം പറഞ്ഞിട്ടില്ലെന്ന് മി. കേശവൻ മനസ്സിലാക്കണം. എവിടെയെങ്കിലും ആരെങ്കിലും മേടിച്ചോയെന്ന് എനിക്കറിയില്ല. ഞാൻ പറഞ്ഞല്ലോ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആരെങ്കിലും മേടിച്ചു എന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടിയെടുക്കാമെന്ന്. ഇവിടെ പറഞ്ഞു മന്ത്രിമാർക്കൊക്കെ കോട്ടായുണ്ട് എന്ന്. ഉത്തരവാദപ്പെട്ട ആരെങ്കിലും പണം വാങ്ങിയെന്നുപറഞ്ഞാൽ നടപടി എടുക്കാം. വെറുതെ നിങ്ങളും ആക്ഷേപിച്ചിട്ട് കാര്യമില്ല. നിങ്ങൾക്കറിയാം കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് പത്രത്തിൽ പി.എസ്.സി.യെക്കുറിച്ച് ഒരു വാർത്ത വന്നത്. പി. എസ്. സി. യുടെ എഴുത്തുപരീക്ഷ കഴിഞ്ഞാൽ കുറെ യോഗ്യൻമാർ ഇറങ്ങിയിട്ട് ആളുകളുടെ കൈയിൽനിന്നും പണം പിരിക്കും. അവസാനം റാങ്ക്ലിസ്റ്റ് വരുമ്പോൾ കുറെ പേർക്ക് സെലക്ഷൻ കിട്ടും. റാങ്ക് കിട്ടിയവന്റെ പണം അവന്റെ കൈയിലിരിക്കും. റാങ്ക് കിട്ടാത്തവന്റെ പണം അവന് തിരിച്ചുകൊടുക്കും. ഇങ്ങനെ കുറെ തട്ടിപ്പുകാർ ഈ രാജ്യത്തുണ്ട്. അതിന്റെ ഉത്തരവാദിത്വം രാഷ്ട്രീയക്കാർ ഏറ്റെടുക്കണമോ ? അങ്ങനെ ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകൻ കാണിക്കുന്നുവെങ്കിൽ അതാതു പാർട്ടി നടപടി എടുക്കണം. അതാണ് വേണ്ടത്. അല്ലാതെ നിങ്ങളും കാടടച്ച് വെടി വച്ചിട്ട് കാര്യമില്ല. ഈ റാങ്ക്ലിസ്റ്റിൽ നിന്നും ആകെ 20 പേരെയാണ് ഗാന്ധിജിയൂണിവേഴ്സിറ്റിയിൽ അപ്പോയിന്റ് ചെയ്തിരിക്കുന്നത്. നിങ്ങളും മനസ്സിലാക്കാനുള്ളത്, ഗാന്ധിജി യൂണിവേഴ്സിറ്റി നിലവിൽ വന്നിട്ട് 20

LIBRARY ARCHIVES Kerala Legislative Assembly

അപ്പോയിൻ്റ്മെൻ്റ്. ആണ്. ഈ സെലക്ഷൻ പ്രകാരം നടന്നിരിക്കുന്നത്. അതുപോലെതന്നെ സഭയുടെ അറിവിലേക്കുവേണ്ടി ഒരു കാര്യം പറയുകയാണ്. നിങ്ങളം ഒരു ധാരണ പരത്തുന്നുണ്ട്, അവിടെ ഒരു വിഭാഗക്കാരെ മാത്രമേ അപ്പോയിൻ്റ് ചെയ്യുന്നുള്ളു എന്ന്. കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും കോപ്ഷൻ കൊടുത്ത മുഴുവൻ ആളുകളേയും, ഓളെപ്പോലും മാറ്റി നിർത്താതെ ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് അയച്ചിട്ടുണ്ട്. ഇവിടെ സെലക്ഷൻ നടന്നിരിക്കുന്നത് കമ്മ്യൂണൽ റ്റേഷനേറയും, നിസർവേഷനേറയും അടിസ്ഥാനത്തിലാണ്. അതിൽനിന്നും കാപ്റ്റ് ചെയ്ത ആളുകളെയാണ് അവിടെ അയച്ചിരിക്കുന്നത്. അല്ലാതെ അതിനകത്ത് ഒരുതരത്തിലുമുള്ള അനീതിയും അഴിമതിയും കാണിച്ചിട്ടില്ല.

ശ്രീമതി മാർഗ്ഗവി തങ്കപ്പൻ : സർ, നിയമനത്തിൻ്റെ കാര്യം പറഞ്ഞു ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലെ നിയമനവും സംവരണാടിസ്ഥാനത്തിലാണോ നടക്കുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : സർ, ശ്രീമതി മാർഗ്ഗവി തങ്കപ്പനു തന്നെ അറിയാമല്ലോ പണ്ട് കോളേജ്. സമരം ഉണ്ടായ കാലത്ത് മാനേജുമെൻ്റുമായിട്ട് ഒരു കർച്ച നടത്തി ഡയറക്ട് പേയ്മെൻ്റ് എഗ്രിമെൻ്റ് ഉണ്ടാക്കിയിട്ടുണ്ട് എന്ന കാര്യം. ആ എഗ്രിമെൻ്റിനു വിധേയമായിട്ടാണ് ഇപ്പോഴം ഇവിടെ നടക്കുന്നത്, 80 ശതമാനം മെറിറ്റും ബാക്കി 20 ശതമാനം മാനേജുമെൻ്റു കോട്ടയുമാണ്. 10 ശതമാനം പട്ടികജാതി-പട്ടിപവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഏതെങ്കിലുമൊരു കോളേജിൽ ഡയറക്ട് പേയ്മെൻ് എഗ്രിമെൻ്റിനു വിരുദ്ധമായിട്ട് ആരെങ്കിലും ചെയ്തിട്ടുള്ളതായി നിങ്ങളം ചൂണ്ടിക്കാണിച്ചാൽ ഞങ്ങളം നടപടിയെടുക്കാം. അങ്ങനെ ആർക്കും ചെയ്യാൻ കഴിയുകയില്ല. ചെയ്തിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കാൻ കഴിയും. അതുകൊണ്ട് വെറുതെ ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല.

സർ, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ രാഷ്ട്രീയമായി ചില കാര്യങ്ങളം പറഞ്ഞു. കേരളാ കോൺഗ്രസിനെ കോൺഗ്രസിൽ ലയിപ്പിക്കാൻ പോകുന്നു, അതിന് ശ്രീ. കെ. കരുണാകരൻ ഉപയോഗിക്കുന്ന ആളാണ് ഞാൻ എന്നൊക്കെ പറഞ്ഞു. ഒരു കാര്യം ഞാൻ പറയാം. കേരള കോൺഗ്രസ്സ് കോൺഗ്രസ്സിൽ ലയിക്കാൻ പോകുന്നില്ല. ഞങ്ങളുടെ പാർട്ടിക്ക് ഞങ്ങളുടേതായ അന്തസ്സുണ്ട് ; അഭിമാനമുണ്ട്. ഞങ്ങളം ആ പാർട്ടിയെ അങ്ങനെതന്നെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. സർ, ശ്രീ. കരുണാകരനുമായിട്ട് ബന്ധമുണ്ട് എന്നുപറഞ്ഞു. അദ്ദേഹം മുഖ്യമന്ത്രിയും ഞാൻ അദ്ദേഹത്തിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സഹമന്ത്രിയുമാണ്. ഞങ്ങളം തമ്മിൽ നല്ല ബന്ധമുണ്ട്. ഒരു മുഖ്യമന്ത്രിയും അദ്ദേഹത്തിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന മന്ത്രിമാരും അഭിപ്രായൈക്യത്തോടെയും കൂട്ടായ്മയോടുകൂടിയും പ്രവർത്തിക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അല്ലെങ്കിൽ അദ്ദേഹത്തിൻ്റെ കീഴിൽ ഞാൻ മന്ത്രിയായിരിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുകൊണ്ട്, നിങ്ങളം വെറുതെ ആളുകളെത്തമ്മിൽ തെറ്റിക്കാൻ നോക്കേണ്ട. ഞങ്ങളുടെ ഈ മുന്നണിയിൽ ഞങ്ങളം അന്തസ്സായി അഭിമാനത്തോടുകൂടിത്തന്നെ മുന്നോട്ടുപോകുന്നു. ഞങ്ങളുടെ മുന്നണിക്ക് ശക്തിയുണ്ട്. ആ ശക്തി വരുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങളം തെളിയിക്കാനും പോവുകയാണ്. അവിടെ വച്ച് നമുക്ക് കാണാം. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. മണിമംഗലത്തുകുട്ട്യാലി അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം എന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു.

സ്പീക്കർ : സഭ ഇപ്പോഴം പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ 3-11-1986 തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി 1.28-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly